# സാന്ത്വനപ്രകാശം



ഏപ്രിൽ 17 – ഉയിർപ്പുതിരുനാൾ

Vol. LXXII April 2022 No. 4




ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ നടന്ന
നവസംരംഭക ഉച്ചകോടി– 2022 ഉദ്ഘാടന സമ്മേളനം




സാഹിത്യകാരനും ആത്മീയപ്രഭാഷകനുമായ ബഹുമാനപ്പെട്ട സാധു ഇട്ടിയവിരയെ നൂറാം ജന്മദിനത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആദരിക്കുന്നു.



പാലാ സെന്റ് തോമസ് റ്റി. റ്റി. ഐയിൽ നടന്ന പാലാ കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ
യാത്രയയപ്പുസമ്മേളനോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ


**APRIL 2022**

**Vol. LXXII No. 4**

# CONTENTS


സർക്കുലർ 294 .......... 233

സർക്കുലർ 295 .......... 234

അറിയിപ്പുകൾ .......... 238

വൈദികരുടെ ശ്രദ്ധയ്ക്ക് .......... 258

അറിയിപ്പുകൾ .......... 260

വാർത്തകൾ .......... 263

ആദരാഞ്ജലികൾ .......... 296

വാർത്തകൾ .......... 299

CIRCULAR - 294

# ANNUAL REPORT (ONLINE)

Dear Very Reverend/Reverend Fathers,

The computerization of Eparchial documentation is in progress. The EDAYAN software has the facility for uploading priests' profiles and issuing their ID cards. Majority of priests working in different parishes and other institutions have already made use of this facility. Those who are yet to update their profiles are earnestly requested to do so at the earliest.

We are now stepping into the next phase of the digitalization project, that is, to implement the Annual Registration of each parish completely via online. The link ANNUAL REGISTRATION is available for parish registration under the main menu PARISH. Every parish can easily provide the required data under different sections like basic parish details, liturgical details, bank details, helpful contacts, etc. After filling up every column under the ANNUAL REGISTRATION, one could submit the data by clicking the SUBMIT button. Thus parishes need not submit a hard copy of annual registration form at the eparchial office. Parishes can generate documents of annual registration for future reference. Submission of final data needs the approval and consent of respective vicars (or priests). So an OTP will be sent to their registered mobile numbers for confirmation.

I use this opportunity to congratulate all the vicars and priests for their cooperation in this digitalization mission. We shall work hand in hand to accomplish this task and unique achievement so that we can serve the people of God better.

+ Jos Kallarangatt

Bishop's House
Palai, 15.02.2022

**Bishop Joseph Kallarangatt**
Bishop of Palai

സർക്കുലർ -295

# കത്തോലിക്കാ കോൺഗ്രസ്

മിശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരേ,
സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ സഭയുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ്സ് രൂപീകൃതമായിട്ട് ഏപ്രിൽ 30 ന് 104 വർഷങ്ങൾ പൂർത്തിയാവുകയാണ്. സഭയുടെയും സമൂഹത്തിന്റെയും ചരിത്രത്തിൽ നിർണായക ഇടപെടലുകളും സംഭാവനകളും നൽകിയ കത്തോലിക്കാ കോൺഗ്രസ് സമകാലീനസമൂഹത്തിലെയും പ്രശ്നങ്ങൾ ഏറ്റെടുത്ത് സധൈര്യം മുന്നോട്ടു പോവുകയാണ്. ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാംഗങ്ങളുടെ ശക്തിയും ശബ്ദവുമായി മാറാൻ ഈ നാളുകളിൽ സംഘടനയ്ക്കു സാധിച്ചിട്ടുണ്ട്.

അനീതിയും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന കാലഘട്ടത്തിൽ നവോത്ഥാനശബ്ദമായാണ് സമുദായ സംഘടന ജന്മമെടുത്തത്. ക്രാന്തദർശിയായ നിധീരിക്കൽ മാണിക്കത്തനാരാണ് ഈ ആശയം മുമ്പോട്ടുവയ്ക്കുന്നത്. 1905-ൽ മാന്നാനം കുന്നിൽ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ ആദ്യ സമുദായസമ്മേളനം നടന്നു. തുടർന്ന് 1918 വരെ എല്ലാ വർഷവും സംഘടനയുടെ നേതൃത്വത്തിൽ വിപുലമായ സമുദായമഹാസമ്മേളനങ്ങൾ നടത്തപ്പെട്ടു. 1918-ൽ ചങ്ങനാശ്ശേരി സമ്മേളനത്തിലാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആദ്യരൂപമായ 'ക്രിസ്തീയ മഹാജനസഭ' രൂപംകൊണ്ടത്. 1930-ലെ ചേർത്തല സമ്മേളനത്തിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ് എന്ന പേര് സ്വീകരിച്ചു.

റവന്യൂ ദേവസ്വ വിഭജനം, എല്ലാ മതവിഭാഗങ്ങൾക്കും സർക്കാർ സർവീസിൽ ജോലി, ജനസംഖ്യാനു

പാതമായി പ്രജാസഭയിൽ അംഗത്വം തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് വിവിധ കാലഘട്ടങ്ങളിൽ നടന്ന മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം എന്നിവയ്ക്ക് നേതൃത്വം നൽകിയത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. ദിവാൻ സി.പിക്കെതിരേ നടന്ന സമരങ്ങൾ, 1957-ലെയും 1972-ലെയും വിദ്യാഭ്യാസസമരങ്ങൾ, നിരവധിയായ കർഷകസമരപോരാട്ടങ്ങൾ, ഹൈറേഞ്ചിലെയും മലബാറിലെയും കർഷകകുടിയിറക്കലുകൾക്കെതിരേയുള്ള സമരങ്ങൾ തുടങ്ങിയവ കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രത്തിലെ രജതരേഖകളാണ്.

കാലികസമൂഹത്തിൽ നമ്മുടെ രൂപതയിലെ കത്തോലിക്കാ കോൺഗ്രസ് ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നു എന്നുള്ളത് നമുക്കേവർക്കും സന്തോഷകരമാണ്. ലക്ഷങ്ങളെ അണിനിരത്തി നടത്തിയ സമുദായസംഗമങ്ങളും കർഷകപോരാട്ടങ്ങളും വിസ്മരിക്കാനാവില്ല. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, ന്യൂനപക്ഷ അവകാശധ്വംസനങ്ങൾ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ന്യൂനപക്ഷപീഡനങ്ങൾ തുടങ്ങിയ നിരവധി പ്രശ്നങ്ങളിൽ ശക്തമായ ഇടപെടലുകളാണ് സംഘടന നടത്തിയത്.

സഭയുടെ നേതൃത്വം എടുക്കുന്ന സഭാത്മകവും സാമൂഹികവുമായ നിലപാടുകൾക്കു ശക്തമായ പിന്തുണയാണ് കത്തോലിക്കാ കോൺഗ്രസ് നൽകിവരുന്നത്. കോവിഡ് പ്രതിസന്ധിയുടെ കാലങ്ങളിൽ മനുഷ്യസ്നേഹത്തിന്റെ ഉദാത്ത മാതൃക പകർന്നുനൽകുവാൻ സംഘടനയ്ക്കു സാധിച്ചു. ജസ്റ്റീസ് ജെ.ബി. കോശി മുമ്പാകെ രൂപതാകേന്ദ്രത്തിൽ വച്ചു നടത്തിയ കാർഷികസെമിനാറും സമ്മേളനവും നമ്മുടെ പ്രശ്നങ്ങൾ കമ്മീഷനെ നേരിട്ട് അറിയിക്കുവാനുള്ള അവസരമൊരുക്കി. നമ്മുടെ രൂപതയിലെ

കൂട്ടിക്കൽ പ്രദേശങ്ങളിലുണ്ടായ പ്രകൃതിദുരന്തത്തിലും സഹായഹസ്തവുമായി സംഘടന കടന്നുചെന്നിരുന്നു.

സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ നാം കൂടുതൽ സജീവമാകേണ്ടതുണ്ട്. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ മാറ്റങ്ങളും പുത്തൻ അധിനിവേശങ്ങളും കടുത്ത ആശങ്ക ഉളവാക്കുന്നതാണ്. സമൂഹത്തിൽ സമുദായത്തിനുണ്ടായിരുന്ന സ്വാധീനവും സാന്നിധ്യവും കുറഞ്ഞുവരുന്നു. കേരളസമൂഹസൃഷ്ടിക്ക് നമ്മൾ നൽകിയ സേവനങ്ങളും സംഭാവനകളും ബോധപൂർവ്വം തമസ്കരിക്കപ്പെടുന്നു. മാധ്യമങ്ങളുടെ നിരന്തരമായ വേട്ടയാടലിനു സമുദായം വിധേയമായിക്കൊണ്ടിരിക്കുന്നു. ന്യൂനപക്ഷ അവകാശങ്ങൾ നിഷേധിക്കുന്ന ഭരണകൂടനിലപാടുകൾ നമ്മളെ പ്രതിസന്ധിയിലാക്കുന്നു. മതതീവ്രവാദവും വർഗീയതയും ഉണർത്തുന്ന ഭീഷണികൾ വലിയതോതിൽ നമ്മളെ അലോസരപ്പെടുത്തുന്നു. ഭൂനികുതി ഉൾപ്പെടെയുള്ള വിവിധ നികുതികളുടെ വർദ്ധനവും വന്യജീവി ആക്രമണങ്ങൾ ഉൾപ്പെടെയുള്ള നിരവധിയായ പ്രശ്നങ്ങളും കർഷകരെ കടുത്ത പ്രതിസന്ധിയിലേക്ക് എത്തിക്കുന്നു.

പല തലത്തിലും തരത്തിലുമുള്ള പ്രശ്നങ്ങൾ നമ്മൾ അഭിമുഖീകരിക്കുമ്പോൾ കത്തോലിക്കാ കോൺഗ്രസ് ശക്തമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് മുമ്പോട്ടുപോകേണ്ടതുണ്ട്. നമ്മുടെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ് ശാഖകൾ രൂപീകരിക്കുകയും കൂടുതൽ ആളുകൾക്ക് അംഗത്വം നൽകി അവ ശക്തമാക്കുകയും വേണം.

പുരോഹിതർക്കും സന്ന്യസ്തർക്കും കടന്നുചെല്ലുവാൻ സാധിക്കാത്ത മേഖലകളിൽ കടന്നുചെന്ന് ഭൗതിക മണ്ഡലത്തിന്റെ വിശുദ്ധീകരണം സാധ്യമാക്കുന്നതിന് ശക്തമായ അല്മായ നേതൃത്വനിര അത്യാവശ്യമാണ്.

കത്തോലിക്കാ കോൺഗ്രസ്സിലൂടെ നിരവധി അല്മായനേതാക്കൾ വളർന്നുവരുന്നത് അഭിനന്ദനാർഹമാണ്. സ്വാർത്ഥ സങ്കുചിതചിന്തകളില്ലാത്ത ധാരാളം അല്മായർ ഇനിയും കടന്നുവരേണ്ടതുണ്ട്. സഭയുടെ വിദ്യാർത്ഥി യുവജന സംഘടനകളിലെ പ്രവർത്തനങ്ങൾക്കുശേഷം അവർ കത്തോലിക്കാ കോൺഗ്രസ്സിലേക്കു കടന്നുവരുകയും പ്രവർത്തനങ്ങളിൽ സജീവമാവുകയും വേണം.

പൂർണ്ണപിന്തുണയും പ്രോത്സാഹനവും നൽകി സമുദായസംഘടനയെ വളർത്താനും ശക്തമാക്കാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം. വിവിധതലങ്ങളിൽ നേതൃത്വം നൽകുന്ന എല്ലാ ഭാരവാഹികൾക്കും അവരെ പിന്തുണയ്ക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും വൈദികർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിക്കുകയും ഏവർക്കും, വിശിഷ്യാ, കത്തോലിക്കാ കോൺഗ്രസ് അംഗങ്ങൾക്ക് ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.04.2022

---

N.B 1. ഈ സർക്കുലർ 2022 ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാന അർപ്പണമുള്ള എല്ലാ സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.
2. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി അന്നേ ദിവസം വിശുദ്ധ കുർബാനമദ്ധ്യേ സംഭാവന ശേഖരണം നടത്തി രൂപതാകേന്ദ്രത്തിൽ ഏല്പിക്കണമെന്നു താത്പര്യപ്പെടുന്നു.

**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

DUC IN ALTUM

## ലോകസമാധാനത്തിനുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷ

മിശിഹായിൽ സ്നേഹംനിറഞ്ഞ സഹോദരീസഹോദരന്മാരെ,

കഴിഞ്ഞ ഒരു മാസക്കാലമായി ലോകജനതയ്ക്ക് നൊമ്പരമായി നിലകൊള്ളുന്ന റഷ്യ-ഉക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ലോകസമാധാനത്തിനായി മംഗളവാർത്തത്തിരുനാൾ ദിനമായ മാർച്ച് 25-ാം തീയതി വെള്ളിയാഴ്ച ഒരു മണിക്കൂർ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തുവാൻ പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. **2022 മാർച്ച് 25 വെള്ളിയാഴ്ച ഇന്ത്യൻ സമയം രാത്രി 9.30 നാണ് റോമിൽ ഈ പ്രാർത്ഥനാശുശ്രൂഷ നടക്കുന്നത്.**

തത്സമയം തന്നെ നമ്മുടെ ഇടവകകളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്താം. പ്രസ്തുത സമയം സൗകര്യപ്രദമല്ലെങ്കിൽ അനുയോജ്യമായ സമയം തെരഞ്ഞെടുക്കാം. ഒരു മണിക്കൂറുള്ള ദിവ്യകാരുണ്യ ആരാധനയിൽ ഈ കത്തിനൊപ്പം നൽകുന്ന പരിശുദ്ധമറിയത്തിന്റെ വിമലഹൃദയത്തിനുള്ള സമർപ്പണപ്രാർത്ഥന ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ. പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ സമർപ്പണപ്രാർത്ഥന തങ്ങളുടെ ഭവനങ്ങളിലെ സന്ധ്യാപ്രാർത്ഥനയിൽ ചേർക്കുവാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ വിവരം ഇടവകാംഗങ്ങളെ അറിയിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

സമാധാനരാജാവായ മിശിഹായോട് പരിശുദ്ധഅമ്മ വഴിയായുള്ള പ്രാർത്ഥന വഴി ലോകസമാധാനം സംജാതമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

MAR JOSEPH KALLARANGATT
BISHOP OF PALAI

Attached: 1: മാർപാപ്പയുടെ കത്ത്

2: സമർപ്പണ പ്രാർത്ഥന

Dear Brother,

Nearly a month has passed since the outbreak of the war in Ukraine that is daily inflicting immense suffering upon its sorely tried people and threatening world peace. At this dark hour, the Church is urgently called to intercede before the Prince of Peace and to demonstrate her closeness to those directly affected by the conflict. I am grateful to the many people who have responded with great generosity to my appeals for prayer, fasting and charity.

Now, also in response to numerous requests by the People of God, I wish in a special way to entrust the nations at war to the Blessed Virgin Mary. As I announced yesterday at the conclusion of the Angelus prayer, on 25 March, the Solemnity of the Annunciation, I intend to carry out a solemn Act of Consecration of humanity, and Russia and Ukraine in particular, to the Immaculate Heart of Mary. Since it is fitting that we should invoke peace with hearts renewed by God's forgiveness, the Act of Consecration will take place in the context of a Celebration of Penance to be held in Saint Peter's Basilica at 5:00 p.m., Rome time. The Act itself will take place about 6:30 p.m.

This Act of Consecration is meant to be a gesture of the universal Church, which in this dramatic moment lifts up to God, through his Mother and ours, the cry of pain of all those who suffer and implore an end to the violence, and to entrust the future of our human family to the Queen of Peace. I ask you to join in this Act by inviting the priests, religious and faithful to assemble in their churches and places of prayer on 25 March, so that God's Holy People may raise a heartfelt and choral plea to Mary our Mother. I am sending you the text of the prayer of consecration, so that all of us can recite it throughout that day, in fraternal union.

I thank you for the attention you will give to this request and for your ready cooperation. With great affection, I bless you and the faithful entrusted to your pastoral care. May Jesus protect you and the Holy Virgin watch over you. I ask you, please, also to pray for me.

Fraternally,

Franciscus

From Saint John Lateran, 21 March 2022

# പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിനുള്ള സമർപ്പണപ്രാർത്ഥന

ദൈവമാതാവും ഞങ്ങളുടെ അമ്മയുമായ ഓ മറിയമേ, പരീക്ഷണങ്ങളുടെ ഈ സമയത്ത് ഞങ്ങൾ നിന്റെ പക്കലേക്കു തിരിയുന്നു. ഞങ്ങളുടെ അമ്മയായ നീ ഞങ്ങളെ സ്നേഹിക്കുകയും അറിയുകയും ചെയ്യുന്നു. ഞങ്ങളുടെ ഹൃദയങ്ങളിലെ ഒരു ആകുലതയും നിന്റെ മുമ്പിൽനിന്നു മറഞ്ഞിരിക്കുന്നില്ല. കരുണയുടെ മാതാവേ, നിന്റെ ജാഗ്രതയാർന്ന കരുതലും നിന്റെ സമാധാനപൂർവ്വമായ സാന്നിധ്യവും എത്രയോ പ്രാവശ്യം ഞങ്ങൾ അനുഭവിച്ചിട്ടുണ്ട്. സമാധാനത്തിന്റെ രാജകുമാരനായ ഈശോയിലേക്കു ഞങ്ങളെ നയിക്കുന്നതിൽ നിന്ന് നീ ഒരിക്കലും വിരമിച്ചിട്ടില്ല.

എന്നാൽ, സമാധാനത്തിന്റെ പാതയിൽനിന്ന് ഞങ്ങൾ വഴിതെറ്റിപ്പോയി. കഴിഞ്ഞ നൂറ്റാണ്ടിലെ ദുരന്തങ്ങളിൽനിന്ന്, രണ്ട് ലോകയുദ്ധങ്ങളിൽപ്പെട്ട ദശലക്ഷങ്ങളുടെ ജീവാർപ്പണത്തിൽനിന്ന് ഞങ്ങൾ പഠിച്ചതെല്ലാം മറന്നുകളഞ്ഞു. രാഷ്ട്രങ്ങളുടെ ഒരു ഗണമെന്ന നിലയിൽ ഞങ്ങൾ നടത്തിയ സമർപ്പണങ്ങൾ ഞങ്ങൾ അവഗണിച്ചു. സമാധാനത്തെക്കുറിച്ചുള്ള ജനങ്ങളുടെ സ്വപ്നങ്ങളെയും യുവജനതയുടെ പ്രത്യാശയെയും ഞങ്ങൾ വഞ്ചിച്ചു. അത്യാഗ്രഹത്താൽ വശംവദരായി ഞങ്ങളുടെ രാഷ്ട്രങ്ങളെക്കുറിച്ചും അവയുടെ താത്പര്യങ്ങളെക്കുറിച്ചും മാത്രം ഞങ്ങൾ ചിന്തിച്ചു. ഉദാസീനരായി സ്വാർത്ഥതാത്പര്യങ്ങളിലും ആവശ്യങ്ങളിലുമായി ഞങ്ങൾ കുടുങ്ങിപ്പോയി. ഞങ്ങളുടെ മിഥ്യാധാരണകളിൽ തൃപ്തിയടയുവാനും ഗർവ്വിഷ്ഠരും ആക്രമണോത്സുകരുമാകാനും നിഷ്കളങ്കജീവിതങ്ങളെ അടിച്ചമർത്താനും ആയുധങ്ങൾ കുന്നുകൂട്ടാനുമായി ഞങ്ങൾ ദൈവത്തെ മറന്നുകളഞ്ഞു. ഞങ്ങളുടെ അയല്ക്കാരുടെ സൂക്ഷിപ്പുകാരാകുന്നതും ഞങ്ങ

ളുടെ പൊതുഭവനത്തിന്റെ കാര്യസ്ഥരാകുന്നതും ഞങ്ങൾ അവസാനിപ്പിച്ചു. ഭൂമിയുടെ പൂങ്കാവനത്തെ ഞങ്ങൾ യുദ്ധം കൊണ്ട് നശിപ്പിക്കുകയും ഞങ്ങൾ സഹോദരീസഹോദര ന്മാരാകണമെന്ന് ആഗ്രഹിക്കുന്ന ഞങ്ങളുടെ സ്വർഗ്ഗീയപിതാ വിന്റെ ഹൃദയം ഞങ്ങളുടെ പാപങ്ങളാൽ തകർക്കുകയും ചെയ്തു. ഞങ്ങൾ എല്ലാവരോടും ഞങ്ങളുടേതല്ലാത്ത എല്ലാ റ്റിനോടും നിസ്സംഗരായി. ഇപ്പോൾ ഇതാ ലജ്ജാവിവശരായി ഞങ്ങൾ കേഴുന്നു- കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമേ.

ഞങ്ങളുടെ പാപങ്ങളുടെ ദുരിതമധ്യേ, ഞങ്ങളുടെ ക്ലേശങ്ങളുടെയും ബലഹീനതകളുടെയും മധ്യേ, അനീതി തന്നെയായ തിന്മയുടെയും യുദ്ധത്തിന്റെയും നിഗൂഢതയു ടെയും മധ്യേ ദൈവം ഞങ്ങളെ ഒരിക്കലും ഉപേക്ഷിക്കുന്നി ല്ലെന്നും പകരം ക്ഷമിക്കാൻ സദാ തയ്യാറായിക്കൊണ്ടു, അങ്ങനെ പുതുജീവിതത്തിലേക്ക് ഉയർത്തിക്കൊണ്ട് അവിടുന്ന് ഞങ്ങളെ സ്നേഹത്തോടെ നോക്കിക്കൊണ്ടിരിക്കുന്നെന്നും പരിശുദ്ധ അമ്മേ, നീ ഞങ്ങളെ ഓർമ്മിപ്പിക്കുന്നു.

അവിടുന്ന് നിന്നെ ഞങ്ങൾക്കേകുകയും നിന്റെ വിമല ഹൃദയത്തെ സഭയ്ക്കും മാനവകുലത്തിനുമുള്ള അഭയസ്ഥാന മാക്കുകയും ചെയ്തു. ദൈവത്തിന്റെ അനുകമ്പാർദ്രമായ തിരുമനസ്സാൽ നീ സദാ ഞങ്ങളോടൊത്തുണ്ട്. ചരിത്രത്തിന്റെ ഏറ്റവും പ്രശ്നകലുഷിതമായ നിമിഷങ്ങളിലും ആർദ്രസ്നേഹ ത്താൽ ഞങ്ങളെ നയിക്കാൻ നീയുണ്ട്.

ഞങ്ങൾ ഇപ്പോൾ നിന്റെ പക്കലേക്കു തിരിയുകയും നിന്റെ ഹൃദയകവാടത്തിൽ മുട്ടുകയും ചെയ്യുന്നു. ഞങ്ങൾ നിന്റെ പ്രിയപ്പെട്ട മക്കളാണ്. മാനസാന്തരത്തിലേക്കു ക്ഷണിച്ചു കൊണ്ട് എല്ലാക്കാലത്തും നീ ഞങ്ങളുടെ മുമ്പിലണയുന്നു. ഈ ഇരുണ്ട മണിക്കൂറിൽ, ഞങ്ങളെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമേ. 'നിങ്ങളുടെ അമ്മയായ ഞാൻ ഇവിടെയില്ലേ' എന്ന് ഒരിക്കൽക്കൂടി ഞങ്ങളോടു പറഞ്ഞാലും. ഞങ്ങളുടെ ഹൃദയങ്ങളിലെയും കാലത്തിലെയും

കുരുക്കുകളഴിക്കാൻ നിനക്ക് കഴിവുണ്ട്. ഞങ്ങൾ നിന്നിൽ ശരണം തേടുന്നു. സവിശേഷമായി പരീക്ഷയുടെ നിമിഷങ്ങളിൽ നീ ഞങ്ങളുടെ അപേക്ഷകളോട് ചെവിയടച്ചുകളയുകയില്ലെന്നും ഞങ്ങളുടെ സഹായത്തിന് നീ അണയുമെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്.

ഇതാണല്ലോ നീ ഗലീലിയിലെ കാനായിൽ ചെയ്തത്. നീ ഈശോയോട് മാധ്യസ്ഥ്യം അപേക്ഷിച്ചപ്പോൾ അവൻ തന്റെ ആദ്യ അടയാളം പ്രവർത്തിച്ചു. വിവാഹവിരുന്നിന്റെ സന്തോഷം കാത്തുസൂക്ഷിക്കാൻ നീ അവനോടു പറഞ്ഞു, അവർക്ക് വീഞ്ഞില്ല (യോഹ. 2:3). ഓ, മാതാവേ, ഇപ്പോൾ നീ ആ വാക്കുകളും പ്രാർത്ഥനയും ആവർത്തിക്കുക. കാരണം, ഇക്കാലത്ത് ഞങ്ങൾക്ക് പ്രത്യാശയുടെ വീഞ്ഞ് ഇല്ലാതെയായിരിക്കുന്നു, സന്തോഷം ഓടിയൊളിച്ചിരിക്കുന്നു, സാഹോദര്യം മങ്ങിപ്പോയിരിക്കുന്നു. ഞങ്ങൾ മനുഷ്യത്വം മറന്നുകളയുകയും സമാധാനത്തിന്റെ ഫലങ്ങൾ തൂവിക്കളയുകയും ചെയ്തു. അക്രമത്തിനും നാശത്തിനുമായി ഞങ്ങൾ ഹൃദയങ്ങൾ തുറന്നിട്ടു. നിന്റെ മാതൃസഹായം എത്രയേറെ ഞങ്ങൾക്ക് ആവശ്യമാണിപ്പോൾ.

അതിനാൽ, ഓ അമ്മേ, നീ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. സമുദ്രതാരമേ, യുദ്ധക്കൊടുങ്കാറ്റിൽ ഞങ്ങളുടെ ജീവിതയാനം തകരാൻ ഇടയാക്കരുതേ. പുതിയ ഉടമ്പടിയുടെ പെട്ടകമേ, അനുരഞ്ജനത്തിന്റെ പദ്ധതികളെയും വഴികളെയും നീ പ്രചോദിപ്പിക്കണമേ. സ്വർഗ്ഗരാജ്ഞീ, ലോകത്തിന് ദൈവത്തിന്റെ സമാധാനം നീ വീണ്ടെടുത്തു നല്കണമേ. വെറുപ്പും പ്രതികാരത്തിനുള്ള ദാഹവും തുടച്ചുനീക്കുകയും ക്ഷമിക്കാൻ ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യണമേ. യുദ്ധത്തിൽനിന്നു ഞങ്ങളെ മുക്തരാക്കണമേ, ആണവായുധങ്ങളുടെ ഭീഷണിയിൽനിന്ന് ഞങ്ങളുടെ ലോകത്തെ സംരക്ഷിക്കണമേ. ജപമാലരാജ്ഞീ, പ്രാർത്ഥിക്കേണ്ടതിന്റെയും സ്നേഹിക്കേണ്ടതിന്റെയും ആവശ്യത്തെക്കുറിച്ച് ഞങ്ങളെ ബോധ്യ

പ്പെടുത്തണമേ. മാനവകുടുംബത്തിന്റെ രാജ്ഞീ, സാഹോദര്യ ത്തിന്റെ പാത മനുഷ്യർക്ക് കാണിച്ചുനല്കണമേ. സമാധാന രാജ്ഞീ, ലോകത്തിനു നീ സമാധാനം നേടിത്തരണമേ.

ഓ മാതാവേ, നിന്റെ സങ്കടംനിറഞ്ഞ അപേക്ഷ ഞങ്ങളുടെ കഠിനഹൃദയങ്ങളെ ഇളക്കട്ടെ. ഞങ്ങളുടെ വെറു പ്പിനാൽ വരണ്ടുപോയ ഈ താഴ്വര, നീ ഞങ്ങൾക്കുവേണ്ടി പൊഴിച്ച കണ്ണുനീരാൽ പുഷ്പിതമാകട്ടെ. ആയുധങ്ങളുടെ ഇടിമുഴക്കമധ്യേ, നിന്റെ പ്രാർത്ഥന ഞങ്ങളുടെ ചിന്തകളെ സമാധാനത്തിലേക്കു തിരിക്കട്ടെ. ബോംബ് വർഷത്താൽ വേദന സഹിക്കുന്നവർക്കും പലായനം ചെയ്തവർക്കും നിന്റെ മാതൃസ്പർശം സമാശ്വാസമേകട്ടെ. തങ്ങളുടെ സ്വദേശവും ഭവനങ്ങളും ഉപേക്ഷിക്കാൻ നിർബന്ധിതരായവരെ നിന്റെ മാതൃസഹജമായ ആലിംഗനം ആശ്വസിപ്പിക്കട്ടെ. നിന്റെ വ്യാകുലഹൃദയം ഞങ്ങളെ സഹാനുഭൂതിയിലേക്കു നയിക്കു കയും ഞങ്ങളുടെ വാതിലുകൾ തുറന്നിട്ടുകൊണ്ട് ഉപേക്ഷിക്ക പ്പെട്ടവരും മുറിവേറ്റവരുമായ ഞങ്ങളുടെ സഹോദരീ സഹോദരന്മാരെ പരിചരിക്കാൻ ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യട്ടെ.

ദൈവത്തിന്റെ പരിശുദ്ധ അമ്മേ, കുരിശിൻചുവട്ടിൽ നില്ക്കുന്ന നിന്റെ ചാരെ തന്റെ ശിഷ്യനെക്കണ്ട ഈശോ പറഞ്ഞു, ഇതാ നിന്റെ മകൻ (യോഹ. 19:26). ഇപ്രകാരം ഞങ്ങളോരോരുത്തരെയും അവൻ നിനക്ക് ഭരമേല്പിച്ചു. ആ ശിഷ്യനോടും ഞങ്ങൾ ഓരോരുത്തരോടും അവൻ പറഞ്ഞു, ഇതാ നിന്റെ അമ്മ (യോഹ.19:27). മേരീമാതാവേ, ഞങ്ങളുടെ ജീവിതങ്ങളിലേക്കും ചരിത്രത്തിലേക്കും നിന്നെ സ്വീകരിക്കാൻ ഞങ്ങളിപ്പോൾ ആഗ്രഹിക്കുന്നു. നിനക്ക് തങ്ങളെത്തന്നെ ഭരമേല്പിക്കാനും അങ്ങനെ നിന്നിലൂടെ മിശിഹായ്ക്കു തങ്ങളെ സമർപ്പിക്കാനുമായി ഈ മണിക്കൂറിൽ ക്ലേശിതരും വ്യഗ്രചിത്തരുമായ മാനവകുലം കുരിശിൻചുവട്ടിൽ നിന്നോടൊപ്പം നില്ക്കുന്നു. നിന്നെ വലിയ സ്നേഹത്തോടെ

വണങ്ങുന്ന ഉക്രൈയിനിലെയും റഷ്യയിലെയും ജനങ്ങൾക്കുവേണ്ടിയും യുദ്ധത്താലും പട്ടിണിയാലും അനീതിയാലും ദാരിദ്ര്യത്താലും കൊല്ലപ്പെട്ട അനേകർക്കുവേണ്ടിയും അനുകമ്പാർദ്രമായ നിന്റെ ഹൃദയം തുടിക്കുമ്പോൾ, ഇപ്പോൾ ഇതാ ആ ജനം നിന്റെ പക്കലേക്കു തിരിയുന്നു.

ദൈവത്തിന്റെയും ഞങ്ങളുടെയും മാതാവാകുന്നവളേ, തിരുസ്സഭയെയും മാനവകുലം മുഴുവനെയും സവിശേഷമായി റഷ്യയെയും ഉക്രൈയിനെയും നിന്റെ വിമലഹൃദയത്തിന് ഞങ്ങൾ സാഘോഷം ഭരമേല്പിക്കുകയും സമർപ്പിക്കുകയും ചെയ്യുന്നു. ആത്മവിശ്വാസത്തോടെയും സ്നേഹത്തോടെയും ഞങ്ങൾ ചെയ്യുന്ന ഈ പ്രവൃത്തി നീ സ്വീകരിച്ചാലും. യുദ്ധം അവസാനിക്കാനും സമാധാനം ലോകമെങ്ങും പരക്കാനും നീ അനുഗ്രഹമേകിയാലും. നിന്റെ ഹൃദയത്തിൽനിന്നുയർന്ന ഫിയാത്ത്, ചരിത്രത്തിന്റെ വാതിലുകൾ സമാധാനരാജകുമാരനു തുറന്നുനല്കി. നിന്റെ ഹൃദയത്തിലൂടെ ഒരിക്കൽക്കൂടി സമാധാനം പുലരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മാനവകുടുംബത്തിന്റെ ഭാവിയും, ഓരോ ജനതയുടെയും ആവശ്യങ്ങളും പ്രതീക്ഷകളും, ലോകത്തിന്റെ ആകുലതകളും പ്രതീക്ഷകളും നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു.

നിന്റെ മാധ്യസ്ഥ്യത്താൽ ദൈവകരുണ ലോകം മുഴുവനും ചൊരിയപ്പെടുകയും സമാധാനത്തിന്റെ സൗമ്യതാളം ഞങ്ങളുടെ ദിനങ്ങളെ അടയാളപ്പെടുത്താൻ മടങ്ങിയെത്തുകയും ചെയ്യട്ടെ. പരിശുദ്ധാരൂപി ഇറങ്ങിവസിച്ചവളായ സമ്മതത്തിന്റെ സ്ത്രീയേ, ദൈവത്തിൽനിന്നു വരുന്ന ഐക്യം ഞങ്ങളുടെ മധ്യേ പുനഃസ്ഥാപിക്കണമേ. ഞങ്ങളുടെ പ്രത്യാശയുടെ സജീവ ഉറവയായ നീ ഞങ്ങളുടെ വരണ്ടുണങ്ങിയ ഹൃദയങ്ങളെ നനയ്ക്കട്ടെ. നിന്റെ ഉദരത്തിലാണ് ഈശോ ശരീരമെടുത്തത്. ഞങ്ങളുടെ ഒരുമ വർദ്ധിക്കാൻ നീ ഞങ്ങളെ സഹായിക്കണമേ. നീ ഒരിക്കൽ ഞങ്ങളുടെ ലോകത്തിന്റെ തെരുവുകളിലൂടെ നടന്നുനീങ്ങി. ഇപ്പോൾ നീ ഞങ്ങളെ സമാധാന പാതയിലൂടെ നയിക്കണമേ. ആമ്മേൻ

# Syro-Malabar Commission For Liturgy

Mar Thomas Elavanal (Chairman) | Mar Pauly Kannookadan Mar George Madathikandathil (Members) | Fr. Francis Pittappillil (Secretary)

Prot. No. 1537/2022

March 29, 2022

Subject: Revised Taksa of the Holy Week

Your Grace/Excellency,

Cordial Greetings from the Commission for Liturgy!

In the light of modifications done in the Holy Qurbana and the Peshitta version of Psalms we have made necessary changes in the Taksa of the Holy Week. The revised Taksa and the texts for the people are available at the Office of the Commission for Liturgy, Kakkanad and at the diocesan book stalls. Please go through the short write-up explaining the important modifications done in the Taksa of the Holy Week.

Yours sincerely in Christ,

+ Thomas Elavanal

+ Mar Thomas Elavanal
Chairman, Commission for Liturgy

Syro-Malabar Major Archiepiscopal Curia, Mount St. Thomas, PB No. 3110, Kakkanad P.O., Kochi-682 030, INDIA
Tel: 9446477924, 0484 2424768, 2424780, Fax: 0484 2422747, E-mail: syromalabarliturgy@gmail.com

## സീറോ മലബാർ വിശുദ്ധവാരക്രമ പ്രാർഥനകളിൽ വരുത്തിയ മാറ്റങ്ങൾ : വിശദീകരണക്കുറിപ്പ്

സിനഡ് അന്തിമരൂപം നല്കുകയും പരിശുദ്ധ സിംഹാസനം 2009 ഏപ്രിൽ 2 ന് അംഗീകരിക്കുകയും മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിലിന്റെ അനുവാദത്തോടെ 2009 ആഗസ്റ്റ് 6–ാം തീയതി, പ്രസിദ്ധീകരിക്കുകയും ചെയ്ത സീറോ മലബാർ സഭയുടെ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങളാണ് ഇപ്പോൾ നവീകരിച്ചു പുനഃപ്രസിദ്ധീകരിക്കുന്നത്. കുർബാനക്രമത്തിൽ നല്കിയിട്ടുള്ള ഐച്ഛികങ്ങൾ ഈ ക്രമങ്ങൾക്കും ബാധകമാണ്. കൂടാതെ, ഈ തിരുക്കർമങ്ങളിൽ നല്കിയിരിക്കുന്ന പ്രത്യേക ഐച്ഛികങ്ങളും കാർമികർക്ക് അവസരോചിതംതിരഞ്ഞെടുക്കാവുന്നതാണ്.

### പ്രധാനമാറ്റങ്ങൾ

1. പ്രാർഥനകളിലും ഗീതങ്ങളിലും കർമക്രമവിശദീകരണങ്ങളിലും ഭാഷാപരമായ തിരുത്തലുകളും മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കാർമികനു പ്രാർഥനകൾ ഭക്തിപൂർവകവും അർഥപൂർണവുമായി ചൊല്ലാൻ സഹായിക്കുന്നതിനുവേണ്ടി വിശുദ്ധ വാരതക്സയിലെ എല്ലാ പ്രാർഥനകളും ഒരേ പേജിൽ വരത്തക്കവിധവും, പ്രാർഥനകളുടെ അർഥം വ്യക്തമാകുന്ന രീതിയിലും വരികൾ നിജപ്പെടുത്തിയിരിക്കുന്നു.
2. കുർബാന തക്സയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ വിശുദ്ധ വാരതക്സയിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഉദാ: അത്യുന്നതമാം, സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, സർവാധിപനാം, ത്രിശുദ്ധകീർത്തനം, കർത്താവേ ആശീർവദിക്കണമേ, ദൈവം അനുഗ്രഹിക്കട്ടെ...
3. ബൈബിളിന്റെ സുറിയാനി പരിഭാഷയായ പ്ശീത്തയിൽനിന്നുള്ള സങ്കീർത്തനങ്ങളുടെ സിനഡ് അംഗീകരിച്ച മലയാള വിവർത്തനമാണ് വിശുദ്ധവാരതക്സയിലെ സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിരിക്കുത്.
4. കാറോസൂസകളുടെ പൊതുവായ പ്രത്യുത്തരം, 'കർത്താവേ,

ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നതിനുപകരം 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നാക്കി.

5. പെസഹാവ്യാഴത്തിലെ പൊതുക്രമത്തിലും കർമവിധിയിലും ഇന്നു മാർ നെസ്തോറിയസിന്റെ കൂദാശക്രമമാണ് ചൊല്ലുന്നത് എന്നു കൂട്ടിച്ചേർത്തിരിക്കുന്നു.

6. സാഗ്ദീനൻ മാർ എന്ന ഗീതം സുറിയാനി ഭാഷയിൽത്തന്നെ പിറവിത്തിരുന്നാൾ, ഉയിർപ്പുതിരുനാൾ ക്രമങ്ങളിൽ ചേർത്തിരിക്കുന്നു. ഒപ്പം, അതിന്റെ ഗദ്യരൂപവും ചേർത്തിട്ടുണ്ട്.

7. പിറവിത്തിരുന്നാളിലെ സുവിശേഷഭാഗം പ്രഘോഷണഗ്രന്ഥത്തിലുള്ളതുപോലെ പൂർണമായി ചേർത്തിരിക്കുന്നു.

8. രണ്ടാം ഗണത്തിലെ വിശുദ്ധ ഗ്രന്ഥവായനകൾ 'അല്ലെങ്കിൽ' എന്ന രീതിയിൽ സൂചിപ്പിച്ചിരിക്കുന്നു.

9. 'കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിൽനിന്നു സംരക്ഷിതരുമാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും' എന്നു ചൊല്ലിക്കൊണ്ട് ആശീർവ്വദിക്കുന്നവിധത്തിലാണ് ഹൂത്താമ്മ പ്രാർഥനകളെല്ലാം തന്നെ കൊടുത്തിരിക്കുത്. (രഹസ്യവും പരസ്യവുമായ എന്ന പ്രയോഗം ഒഴിവാക്കിയിരിക്കുന്നു.

10. കുർബാന തക്സായിലെ പൊതുക്രമത്തിലുള്ള ഹൂത്താമ്മയിലെ കുർബാനയെ സൂചിപ്പിക്കുന്ന ആശയങ്ങളുള്ള ഖണ്ഡങ്ങളും കൂടെ നവീകരിച്ച വിശുദ്ധവാര തക്സയിലെ ഹൂത്താമ്മകളിൽ കൂട്ടിച്ചേർത്തു.

11. പരിശുദ്ധ കുർബാന മാറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള കർമവിധി പെസഹാവ്യാഴത്തിൽ കൂട്ടിച്ചേർത്തു. കാരണം, പരിശുദ്ധ കുർബാന മാറ്റി സ്ഥാപിച്ചിരിക്കുന്നതായി നിലവിലെ ദുഃഖവെള്ളി കർമവിധിയിലുണ്ട്.

12. ദുഃഖശനിയാഴ്ചയിലെ കർമത്തിൽ മുതിർന്നവരുടെ മാമോദീസക്രമത്തിലുള്ള (മൂന്നാംഘട്ടം) പ്രത്യുത്തരത്തോടുകൂടിയ വിശ്വാസപ്രമാണവും കൂട്ടിച്ചേർത്തിരിക്കുന്നു.

ആരാധനക്രമകമ്മീഷൻ  
മൗണ്ട് സെന്റ് തോമസ്, കാക്കനാട്.  
19.03.2022

CONGREGATIO PRO CLERICIS

SYNODUS EPISCOPORUM

Vatican City, 19 March 2022

Prot. n. 220083

Dear Priests,

Here we are, two priests and brothers of yours! May we ask for a moment of your time? We would like to talk to you about a topic that touches us all.

"The Church of God is convoked in Synod." The preparatory document for Synod 2021-2023 begins with these words. For two years the entire People of God is invited to reflect on the theme "For a Synodal Church: communion, participation and mission". This is a novelty that can arouse enthusiasm as well as perplexity.

Yet "in the first millennium, 'walking together', that is, practicing synodality, was the Church's habitual way of proceeding." The Second Vatican Council highlighted this dimension of ecclesial life, so important that St. John Chrysostom affirmed: "Church and Synod are synonymous" (*Explicatio in Psalmum* 149).

It is well known that today's world is in urgent need of fraternity. Without realizing it, the world yearns to meet Jesus. But how do we make this encounter happen? We need to listen to the Spirit together with the whole People of God, so as to renew our faith and find new ways and languages to share the Gospel with our brothers and sisters. The synodal process that Pope Francis proposes to us has precisely this objective: to set out, together, in mutual listening, in sharing ideas and projects, to show the true face of the Church: a hospitable "house", with open doors, inhabited by the Lord and animated by fraternal relationships.

So that we do not fall into the risks highlighted by Pope Francis — that is, formalism, which reduces the Synod to an empty slogan; intellectualism, which makes the Synod a theoretical reflection on problems; and immobilism, nailing us to the security of our habits so that nothing changes — it is important to open our hearts and listen to what the Spirit suggests to the Churches (cf. Rev. 2:7).

Obviously, in the face of this journey, some fears may assail us.

First of all, we are well aware that priests in many parts of the world are already carrying a great pastoral burden. And now – it may seem – one more thing "to do" is added. Rather than inviting you to multiply your activities, we would like to encourage you to look at your communities with that contemplative gaze of which Pope Francis speaks to us in *Evangelii gaudium* (no. 71) so as to discover the many examples of participation and sharing that are already taking root in your communities. In fact, the current diocesan phase of the synodal

process aims to "gather the wealth of experiences of lived synodality" (*Preparatory Document,* 31). We are certain that there are many more of these experiences than what might appear at first glance, perhaps even informal and spontaneous experiences. Wherever we listen deeply to each other, learn from each other, value the gifts of others, help each other and make decisions together, there is already synodality in action. All this should be emphasized and appreciated, so as to increasingly develop that synodal style which is "the specific *modus vivendi et operandi* of the Church, the People of God" (*Preparatory Document,* 10).

But there may also be another fear: if so much emphasis is placed on the common priesthood of the baptized and on the *sensus fidei* of the People of God, what will become of our role as leaders and of our specific identity as ordained ministers? Without a doubt, it is a matter of progressively discovering the fundamental equality of all the baptized and of stimulating all the faithful to participate actively in the journey and mission of the Church. In this way we will have the joy of finding brothers and sisters who share with us the responsibility for evangelization. But in this experience of the People of God, the special charism of ordained ministers to serve, sanctify and animate the People of God can and should also come to the fore in a new way.

In this sense, we would like to ask you to make a threefold contribution to the current synodal process:

- Do everything so that the journey rests on listening to and living the Word of God. Pope Francis thus recently exhorted us, "let us be passionate about Sacred Scripture, let us allow ourselves to be dug into by the Word, which reveals the newness of God and leads to loving others without tiring" (Francis, *Homily for Word of God Sunday*, January 23, 2022).

Without this grounding in the life of the Word, we risk walking in the dark and our reflections risk becoming an ideology. Instead, by basing ourselves on the Word put into practice, we will build the house on rock (cf. Mt 7:24-27) and we will be able to experience, like the disciples of Emmaus, the surprising light and guidance of the Risen Lord.

– Let us strive to ensure that our journey is marked by mutual listening and mutual acceptance. Even before any concrete results, deep dialogue and true encounters are already a value. In fact, there are many initiatives and potentials in our communities, but too often individuals and groups run the risk of individualism and self-referentiality. With his new commandment, Jesus reminds us that "this is how all will know that you are my disciples, if you have love for one another" (Jn 13:35). As pastors, we can do much so that love might heal relationships and heal the wounds that often affect the fabric of the Church, so that the joy of feeling that we are one family, one people on a journey, children of the same Father and therefore brothers and sisters to one another may return, beginning with the fraternity of priests.

– Take care that the journey does not lead us to introspection but stimulates us to go out to meet everyone. In *Evangelii gaudium,* Pope Francis has given us the dream of a Church that is not afraid to get its hands dirty by involving itself in the wounds of humanity, a Church that walks in listening to and serving the poor and the peripheries. This "outgoing" dynamism towards our brothers and sisters, with the compass of the Word and the fire of charity, fulfills the Father's great original plan: "that all may be one" (Jn 17:21). In his latest Encyclical *Fratelli tutti*, Pope Francis asks us to commit ourselves to this unity, together with our brothers and sisters of other Churches, the faithful of other religions and all people of good will: universal brotherhood and love without exclusions, which all and everything must embrace. As servants of the People of God, we are in a privileged position to ensure that this does not remain a vague and generic guideline, but is made concrete where we live.

Dear brother priests, we are certain that starting from these priorities you will find ways to give life to specific initiatives, according to local needs and possibilities because synodality is truly God's call for the Church of the third millennium. Setting out in this direction will not be free of questions, fatigue and setbacks, but we can be confident that it will return to us a hundredfold in fraternity and in fruits of evangelical life. We need only think of the first Synod of Jerusalem (Acts 15). Who knows how much effort there was behind the scenes! But we know how decisive that moment was for the nascent Church.

We conclude this letter with two passages from the *Preparatory Document* that can inspire and accompany us almost like a Vademecum.

" The ability to imagine a different future for the Church and her institutions, in keeping with the mission she has received, depends largely on the decision to initiate processes of listening, dialogue, and community discernment, in which each and every person can participate and contribute." (n. 9).

"We recall that the purpose of the Synod, and therefore of this consultation, is not to produce documents, but “to plant dreams, draw forth prophecies and visions, allow hope to flourish, inspire trust, bind up wounds, weave together relationships, awaken a dawn of hope, learn from one another and create a bright resourcefulness that will enlighten minds, warm hearts, give strength to our hands”" (n. 32).

Thanking you for your attention, we assure you of our prayers and wish you and your communities a joyful and fruitful synodal journey. May we be close to you and journey with you! And welcome, through us, the gratitude also of Pope Francis who feels very close to you.

Entrusting each of you to the Blessed Virgin Mary of the Good Way, we cordially greet you in the Lord Jesus.

Mario Card. GRECH
*Secretary General*
*of the Synod of Bishops*

✠ Lazzaro YOU HEUNG SIK
Archbishop-Bishop em. of Daejeon
*Prefect of the Congration for the Clergy*

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0251/2022 11 March 2022

**All Archbishops, Bishops, Priests, Religious and Lay faithful of the Syro-Malabar Church**

Dear Archbishops, Bishops, Priests, Religious and lay brothers and sisters,

I herewith forward to you a letter which I received from the Congregation for the Eastern Churches (Prot. N. 463/2002, dated 28 February 2022). I am asked to share this letter with 'the Bishops, clergy, religious and lay faithful of the Syro-Malabar Church'. That is why I am sending this letter to all of you.

The content of the letter is very clear. It is basically a directive to go along with the decisions of the Synod. The liturgical laws enacted by the Synod have force of law everywhere in the world (CCEO c. 150 para 2). Dispensations from these laws could be given only for special cases, for a determined period of time, in view of proper catechesis for the implementation of the Synodal decision. The letter underlines the obedience required of priests and it disapproves all kinds of protests and activism which are non-ecclesial and non-Christian.

As the Congregation for the Eastern Churches, with the approval of the Holy Father, has given a final directive regarding the implementation of the Synodal formula of Holy Qurbana in the entire Syro-Malabar Church, let us whole heartedly accept it and foster unity and communion in our Church.

May Mary, our Blessed Mother, help us in all our endeavours and St. Thomas, our Apostle together with all the Saints and Blesseds of our Church intercede for us to maintain unity and peace in our Church!

Thanking you,

Yours cordially in Christ,

+ GAlencherry

Cardinal George Alencherry
Major Archbishop of the Syro-Malabar Church

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website: www.syromalabarchurch.in

## വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

# ആണ്ടുതിരട്ട്

1. ആണ്ടുതിരട്ട് രൂപതക്കച്ചേരിയിൽനിന്നു നിർദ്ദേശിക്കുന്ന തീയതിക്കുമുമ്പായി പ്രതിനിധി / പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

2. ആണ്ടുതിരട്ട് പാസാക്കുന്ന യോഗത്തിൽവച്ചാണ് പുതിയ കൈക്കാരന്മാരെയും ഓഡിറ്റർമാരെയും തിരഞ്ഞെടുക്കേണ്ടത്. അവരുടെ **ഔദ്യോഗിക പേര് (ഐഡി/ആധാർ)** ആണ് നൽകേണ്ടത്. തുടർച്ചയായി രണ്ടു പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടവർ വീണ്ടും തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം.

3. **എല്ലാ പള്ളികൾക്കും ജോയിന്റ് അക്കൗണ്ട് (വികാർ & കൈക്കാരൻ) നിർബന്ധമാണ്.** (Statutory).

4. തിരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ പരിശോധിച്ച കണക്കാണ് മാസത്തിരട്ട്, ആണ്ടുതിരട്ടുയോഗങ്ങളിൽ അവതരിപ്പിക്കേണ്ടത്. **മാസത്തിരട്ട് റിപ്പോർട്ട് അതതു മാസങ്ങളിൽ രൂപതാകേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്.** (ആണ്ടുതിരട്ടു പരിശോധനയ്ക്കായി ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന തീയതി/സമയക്രമം ചുവടെ ചേർക്കുന്നു. ഈ ക്രമം പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ). ഫീസ് തുക ചെക്കായോ Bank Transfer വഴിയോ നൽകേണ്ടതാണ്. **ക്യാഷ് സ്വീകരിക്കാൻ നിയമം അനുവദിക്കുന്നില്ല.** ഓരോ വർഷത്തെയും കണക്കുകൾ ആ വർഷംതന്നെ ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ട് കൃത്യമായി പള്ളിയിൽ സൂക്ഷിക്കുകയും ചെയ്യണം. **12 എ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്** ഇവ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഇവയുടെ **കോപ്പികളും** രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

5. കല്പനപ്രകാരമുള്ള പിരിവുകൾ രൂപതാ ബുള്ളറ്റിനിൽ അറിയിക്കുന്നതിനനുസരിച്ച് പള്ളിയിൽ അറിയിച്ച് സംഭാവനകൾ

ശേഖരിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ തന്നെ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്. പിരിവുകൾ യഥാസമയങ്ങളിൽ ലഭിക്കാതെവന്നാൽ ഓരോന്നും അതതു കേന്ദ്രങ്ങളിലേക്കു നിശ്ചിതസമയങ്ങളിൽ അയച്ചുകൊടുക്കാനും കണക്കുകൾ ക്രമീകരിക്കാനും ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാനും ബുദ്ധിമുട്ടുണ്ടാകും.

6. രൂപതയിൽനിന്നു ലഭിക്കുന്ന സഹായങ്ങളുടെ വരവും ചെലവും തിരട്ടിൽ ഉൾപ്പെടുത്തണം.
7. മരാമത്തുപണികളുടെ (പള്ളി, പള്ളിമുറി, കപ്പേള, സിമിത്തേരി, പാരീഷ് ഹാൾ മുതലായവ) കണക്കുകൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതും വർഷാവസാനം അവ ഓഡിറ്റ് ചെയ്ത് നാൾവഴിയിൽ ചേർത്ത് യോഗത്തിൽ പാസ്സാക്കി അംഗീകാരത്തിനായി ഏല്പിക്കേണ്ടതുമാണ്.
8. ആണ്ടുതിരട്ടിനുമുമ്പായി മുന്നാണ്ടത്തെ നിത്യകുർബാനകൾ ചൊല്ലിത്തീർക്കേണ്ടതാണ്.
9. ആണ്ടുതിരട്ട് അംഗീകാരത്തിനായി കൊണ്ടുവരുമ്പോൾ പൊതുകണക്കിന്റെയും കൃഷിക്കണക്കിന്റെയും തന്നാണ്ടത്തെ **നാൾവഴി, പേരേട്, നിത്യക്കുർബാനയുടെ കണക്ക്, ഓഡിറ്റേഴ്സ് റിപ്പോർട്ട് ബുക്ക്, പാസ് ബുക്ക്, FD രസീതുകൾ, കഴിഞ്ഞവർഷത്തെ ആണ്ടുതിരട്ട് പരിശോധനാറിപ്പോർട്ടിന്റെ കോപ്പികൾ** എന്നിവ കൊണ്ടുവരേണ്ടതാണ്.
10. ആണ്ടുതിരട്ടു സംബന്ധിച്ച് **പാലാ രൂപത നിയമാവലിയിൽ (P 359 ff)** നല്കിയിട്ടുള്ള ഇതരനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
11. ഇടവകകളിലെ കണക്കുകൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തുതന്നിരിക്കുന്ന പ്രോഗ്രാമനുസരിച്ച് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

12 ആണ്ടുതിരട്ടുമായി വരുമ്പോൾ നടത്തുകൈക്കാരനും അക്കൗണ്ടന്റും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## ആണ്ടുതിരട്ടുകണക്കിൽ സിംഹാസനഫീസ് തിട്ടപ്പെടുത്തുന്ന ക്രമം ഇപ്രകാരമാണ്.

വിവിധയിനത്തിലുള്ള നേർച്ച വരുമാനം, തിരിപ്പണം, അടിമ നേർച്ച, വാടകയിനവരവ് (ഹാൾ, കെട്ടിടങ്ങൾ എന്നിവ) പ്രത്യേക കാര്യത്തിനു നിയോഗമില്ലാത്ത സംഭാവനകൾ, പലിശവരുമാനം, ശവസംസ്കാരവരുമാനം, കല്ലറയുടെ പണിക്കൂലി ഒഴിവാക്കിയുള്ള വരുമാനം (50:50), പലവക വരുമാനം, കാർഷികവരുമാനങ്ങൾ (തേങ്ങ, റബർ, ജാതിക്കാ, അടയ്ക്ക, കുരുമുളക്, പാട്ടവരുമാനം, തടികൾ (റബർ, തേക്ക്, ആഞ്ഞിലി, പാഴ്മരങ്ങൾ എന്നിവയുടെ വിറ്റുവരവ്) ഇവയും പസ്സാരത്തിന്റെ പകുതിയും കൂട്ടിക്കിട്ടുന്ന തുകയിൽനിന്ന് നിത്യകുർബാനയ്ക്കുള്ള തുക, റബർ ടാപ്പിംഗ് കൂലി ഇവ കുറച്ചുകിട്ടുന്ന തുകയാണ് പൊതുവിൽ ആകെ വരുമാനമായി കണക്കാക്കുക. ഈ തുകയുടെ 7% സിംഹാസനഫീസ് (*Cathedraticum*) ആയി കണക്കാക്കുന്നു. മൊത്തം തുകയെ നേർച്ചവരുമാനമെന്നും, ഇതരവരുമാനമെന്നും (കാർഷികം, വാടക എന്നിവ) കണക്കാക്കി നേർച്ചവരുമാനത്തിൽനിന്നു 20,000 രൂപ കുറച്ച് (ഇരുപതിനായിരം രൂപയെങ്കിലും നേർച്ചവരുമാനമില്ലാത്ത പള്ളികളെ ഒഴിവാക്കാൻ) ബാക്കിവരുന്ന തുകയുടെ 10% വും ഇതരവരുമാനത്തിൽനിന്ന് 40,000 രൂപ കുറച്ചു ബാക്കി തുകയുടെ 3% ചേർന്നുവരുന്ന തുക Needy Church Fund (NCF) ആയി കണക്കാക്കുന്നു.

മൊത്തം വരുമാനത്തിന്റെ 0.5% (അരശതമാനം (PWF) അഥവാ Priest Welfare Fund ആയി കണക്കാക്കുന്നു. രൂപതയിൽ സേവനം ചെയ്യുന്ന അച്ചന്മാരുടെ ഒരു മാസത്തെ ശമ്പളം ADCP ഫണ്ടിലേക്ക് 13th Month Allowance ആയി സ്വീകരിക്കുന്നു. പസാരത്തിന്റെ 43% പസ്സാരവിഹിതമെന്ന പേരിൽ വൈദിക മന്ദിരങ്ങളുടെ നടത്തിപ്പിനും അച്ചന്മാരുടെ ചികിത്സാവശ്യങ്ങൾക്കായും ADCP Fund Trust ലേക്കു പൂർണ്ണമായും നൽകുന്നു. വിളിച്ചുചൊല്ലു കുറവുചെയ്യുമ്പോൾ പരിഹാരപ്പിഴയായി നൽകുന്ന തുക Default Fees എന്ന പേരിലും സൺഡേകളക്ഷൻ വേദപ്രചാരഫണ്ടിലേക്കും സ്വീകരിക്കുന്നു. ഇതിനുപുറമേ രൂപത

ഡിറക്ടറി, സിനഡൽ ന്യൂസ്, സാന്ത്വനപ്രകാശം, തിരട്ടുഫോറം, Edayan Software Annual Subscription എന്നിവയുടെ തുകയും ചേർത്താണ് വാർഷികകണക്കുകൾ ക്രമപ്പെടുത്തുന്നത്.

| DATE | PARISH AND TIMING | | | |
|---|---|---|---|---|
| 09-05-2022<br>Monday | Palai Cathedral<br>(9am-9:30am)<br>Mutholy<br>(11:10am-11:30am) | Kudakachira<br>(9:30am-10am)<br>Palakadu<br>(11:30-12 Noon) | Lalam Old<br>(10am-10:30am)<br>Thodanal<br>(12 Noon-12:30pm) | Moonnani<br>(10:30am-11am)<br>Urilikunnam<br>(12:30pm-1:00pm) |
| 10-05-2022<br>Tuesday | Aruvithura<br>(9am-9:30am)<br>Moonilavu<br>(11:10am-11:30am) | Chennadu<br>(9:30am-10am)<br>Maniamkulam<br>(11:30-12 Noon) | Edamaruku<br>(10am-10:30am)<br>Nellapara<br>(12 Noon-12:30pm) | Kalathookadavu<br>(10:30am-11am)<br>Valavoor<br>(12:30pm-1:00pm) |
| 11-05-2022<br>Wednesday | Bharananganam<br>(9am-9:30am)<br>Idamattom<br>(11:10am-11:30am) | Amparanirappel<br>(9:30am-10am)<br>Plassanal<br>(11:30-12 Noon) | Choondacherry<br>(10am-10:30am)<br>Poovathodu<br>(12noon- 12.30pm) | Edapady<br>(10:30am-11am)<br>Piusmount<br>(12.30pm - 01.00pm) |
| 12-05-2022<br>Thursday | Cherpunakal<br>(9am-9:30am)<br>Manalumkal<br>(11:10am-11:30am) | Alphonsagiri<br>(9:30am-10am)<br>Manjamattom<br>(11:30-12 Noon) | Kanjiramattom<br>(10am-10:30am)<br>Paduva<br>(12 Noon-12:30pm) | Karimpani<br>(10:30am-11am)<br>Palayam<br>(12:30pm-1:00pm) |
| 13-05-2022<br>Friday | Elanji<br>(9am-9:30am)<br>Mutholapuram<br>(11:10am-11:30am) | Josegiri<br>(9:30am-10am)<br>Santhipuram<br>(11:30-12 Noon) | Kakkoor<br>(10am-10:30am)<br>Thirumarady<br>(12 Noon-12:30pm) | Mulakulam<br>(10:30am-11am)<br>Xavierpuram<br>(12:30pm-1:00pm) |
| 14-05-2022<br>Saturday | Kadanad<br>(9am-9:30am)<br>Pizhaku (Urumpukavu)<br>(11:10am-11:30am) | Anthinad<br>(9:30am-10am)<br>Aimcomb<br>(11:30-12 Noon) | Kavumkandam<br>(10am-10:30am)<br>Kurumannu<br>(12 Noon-12:30pm) | Manathoor<br>(10:30am-11am)<br>Geovalley<br>(12:30pm-1:00pm) |
| 16-05-2022<br>Monday | Kaduthuruthy<br>(9am-9:30am)<br>Poozhikol<br>(11:10am-11:30am) | Arunoottimangalam<br>(9:30am-10am)<br>Thuruthipally<br>(11:30-12 Noon) | Keezhoor<br>(10am-10:30am)<br>Eravimangalam<br>(12.00noon-12.30pm) | Mannar<br>(10:30am-11am)<br>Alphonsa Shrine<br>(12.30pm-01.00pm) |

| | | | | |
|---|---|---|---|---|
| 17-05-2022 Tuesday | Koottickal (9am-9.30am) Parathanam (11:10am-11:30am) | Cholathadam (9:30am-10am) Velanilam (11:30-12 Noon) | Kavaly (10am-10:30am) Yendayar (12 Noon-12:30pm) | Malayinchipara (10:30am-11am) Vilakkumadom (12.30 pm-1.00 pm) |
| 18-05-2022 Wednesday | Kothanalloor (9am-9:30am) Nambiakulam (11:10am-11:30am) | Kalathoor (9:30am-10am) Perumthuruth (11:30-12 Noon) | Mannarappara (10am-10:30am) Sleevapuram (12 Noon-12:30pm) | Manvettam (10:30am-11am) Vedagiri (12:30pm-1:00pm) |
| 19-05-2022 Thursday | Kuravilangad (9am-9:30am) Monipally (11:10am-11:30am) | Kattampak (9:30am-10am) Udayagiri (11:30-12 Noon) | Kurichithanam (10am-10:30am) Vayala (12 Noon-12:30pm) | Mannackanad (10:30am-11am) Kizhaparayar (12.30pm-1.00 pm) |
| 20-05-2022 Friday | Moolamattom (9am-9:30am) Elapally (11:10am-11:30am) | Arakulam New (9:30am-10am) Kudayathoor (11:30-12 Noon) | Arakulam Old (10am-10:30am) Kulamavu (12 Noon-12:30pm) | Edadu (10:30am-11am) Lourdes Mount (12:30pm-1:00pm) |
| 21-05-2022 Saturday | Muttuchira (9am-9:30am) Malapuram (11:10am-11:30am) | Fathimapuram (9:30am-10am) Valachira (11:30-12 Noon) | Jaigiri (10am-10:30am) Alphonsapuram (12 Noon-12:30pm) | Kanjirathanam (10:30am-11am) Vimalagiri(Chakkikavu) (12:30pm-1:00pm) |
| 23-05-2022 Monday | Poonjar (9am-9:30am) Maniankunnu (11:10am-11:30am | Adivaram (9:30am-10am) Payyanithottam (11:30-12 Noon) | Kaipally (10am-10:30am) Peringulam (12 Noon-12:30pm) | Kunnonny (10:30am-11am) Thakady (12:30pm-1:00pm) |
| 24-05-2022 Tuesday | Pravithanam (9am-9:30am) Kayyoor (11:10am-11:30am) | Elamthottam (9:30am-10am) Narianganam (11:30-12 Noon) | Kaveekunnu (10am-10:30am) Ullanad (12 Noon-12:30pm) | Mundankal (10:30am-11am) Vezhanganam (12:30pm-1:00pm) |
| 25-05-2022 Wednesday | Ramapuram (9am-9:30am) Ezhacherry (11:10am-11:30am) | Anthialam (9:30am-10am) Karoor (11:30-12 Noon) | Chakkampuzha (10am-10:30am) Kondad (12 Noon-12:30pm) | Chittar (10:30am-11am) Kurinji (12:30pm-1:00pm) |
| 26-05-2022 Thursday | Teekoy (9am-9:30am) Mavady (11:10am-11:30am) | Ayyampara (9:30am-10am) Santhigiri (11:30-12 Noon) | Adukkam (10am-10:30am) Vagamon (12 Noon-12:30pm) | Mangalagiri (10:30am-11am) Vellikulam (12:30pm-1:00pm) |

| | | | | |
|---|---|---|---|---|
| 27-05-2022<br>Friday | Thudanganad<br>(9am-9:30am)<br>Maryland<br>(11:10am-11:30am) | Gagultha (Mattathippara)<br>(9:30am-10am)<br>Melukavumattom<br>(11:30-12 Noon) | Jose Mount (Illiary)<br>(10am-10:30am)<br>Neeloor<br>(12 Noon-12:30pm) | kakombu<br>(10:30am-11am)<br>Sibigiri<br>(12:30pm-1:00pm) |
| 28-05-2022<br>Saturday | Arunapuram<br>(9am-9:30am)<br>Mevida<br>(11:10am-11:30) | Kizhathadiyor<br>(9:30am-10:00am)<br>Nelliyani<br>(11:30-12:00pm) | Lalam New<br>(10:00am-10:30 am)<br>Paingalam<br>(12:00pm-12:30pm) | Meenachil<br>(10:30am-11:00am)<br>Poovarany<br>(12:30pm-1:00pm) |
| 30-05-2022<br>Monday | Varianikad<br>(9am-9:30am)<br>Thidanad<br>(11:10am-11:30) | Chemmalamattom<br>(9:30am-10:00am)<br>Vakakkad<br>(11:30-12:00pm) | Chettuthodu<br>(10:00am-10:30 am)<br>Velliamattom<br>(12:00pm-12:30pm) | Paika<br>(10:30am-11:00am)<br>Neeramthanam<br>(12:30pm-1:00pm) |
| 31-05-2022<br>Tuesday | Chempilavu<br>(9am-9:30am)<br>Mangalaram<br>(11:10am-11:30) | Kadaplamattom<br>(9:30am-10:00am)<br>Mattakkara<br>(11:30-12:00pm) | Kozhuvanal<br>(10:00am-10:30 am)<br>Moozhoor<br>(12:00pm-12:30pm) | Kuruvinal<br>(10:30am-11:00am)<br>Poovakulam<br>(12:30pm-1:00pm) |
| 01-06-2022<br>Wednesday | Koothattukulam<br>(9am-9:30am)<br>Vadakara<br>(11.00am-11:30) | Marangoly<br>(9:30 -10:00am)<br>Pala Town Chapel<br>(11:30-12:00pm) | Periappuram<br>(10:00am-10:30 am)<br>Mallikassery<br>(12.00pm-12.30pm) | Piravom<br>(10:30am-11:00am)<br>Kochukottaram<br>(12.30 pm-1.00 pm) |
| 02-06-2022<br>Thursday | Kalikavu<br>(9am-9:30am)<br>Retnagiri<br>(11:10am-11:30) | Koodalloor<br>(9:30 -10:00am)<br>Vakkad<br>(11:30-12:00pm) | Marangattupally<br>(10:00am-10:30 am) | Palakattumala<br>(10:30am-11:00am) |

+Jacob Murikan

മെത്രാസനമന്ദിരം, പാലാ

01.04.2022

**ബിഷപ് ജേക്കബ് മുരിക്കൻ**

പാലാ രൂപത സഹായമെത്രാൻ

NB: ആണ്ടുതിരട്ട് പാസ്സാക്കിയവർക്ക് മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ 2022 മെയ് 09 നുമുമ്പ് സമർപ്പിക്കാവുന്നതാണ്.

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**1. വിശുദ്ധവാര പ്രാർത്ഥനകളിൽ വരുത്തിയ മാറ്റങ്ങൾ**

സീറോ മലബാർ ആരാധനക്രമ കമ്മീഷൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് (സാന്ത്വനപ്രകാശം, 2022 ഏപ്രിൽ, പേജ് 245-247) നവീകരിച്ച വിശുദ്ധവാര തക്സ ഉപയോഗിച്ച് വിശുദ്ധവാര തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്യേണ്ടതാണ്. നവീകരിച്ച വിശുദ്ധ വാരതക്സ പാലാ സെന്റ് തോമസ് പ്രസ്സിലും ഭരണങ്ങാനം അൽഫോൻസാ റിലീജിയസ് & ആർട്ടിക്കൾസ് സെന്ററിലും ലഭ്യമാണ്.

**2. മൂറോൻ കൂദാശകർമ്മം**

നമ്മുടെ രൂപതയിൽ ഈ വർഷവും മൂറോൻ കൂദാശ പൊതുവായി പരികർമ്മം ചെയ്യുന്നില്ല. ഇടവകകളിൽ വിശുദ്ധ മൂറോൻ ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പാലാ കത്തീഡ്രലിൽനിന്നു വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.

**3. സെമിനാരിവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന**

നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവനയായി 2022 ഏപ്രിൽ 14 പെസഹാ വ്യാഴാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി ലഭിക്കുന്ന തുക 2022 മെയ് 15-നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

**4. വിശുദ്ധനാടിനുള്ള സംഭാവന**

വിശുദ്ധനാടിന്റെ സംരക്ഷണാർത്ഥം 2022 ഏപ്രിൽ 15 ദുഃഖവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക 2022 മെയ് 15-നു മുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

# സിവിൽ സർവീസ് പരിശീലനം

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ IAS, IPS, IFS തുടങ്ങിയ 24 സിവിൽ സർവീസുകളിലേക്ക് 2023 ൽ നടക്കുന്ന പരീക്ഷകൾക്കുള്ള **കോച്ചിങ് ക്ലാസ്സുകളുടെ അഡ്മിഷൻ 2022 ഏപ്രിൽ 4 ന് ആരംഭിക്കുന്നു.** ഡിഗ്രിയോ ഉപരിയോഗ്യതകളോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം ദീർഘിക്കുന്ന ഈ കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ട പരീക്ഷകൾക്കുള്ള പരീശീലനമാണു നൽകുന്നത്.

സിവിൽ സർവീസ് രംഗത്തേക്ക് ക്രിസ്ത്യൻ വിഭാഗത്തിൽനിന്ന് കടന്നുവരുന്നവരുടെ എണ്ണം വളരെ കുറവാണെന്ന സത്യം തിരിച്ചറിഞ്ഞ്, നമ്മുടെ ഇടവകകളിൽനിന്ന് ഈ പരിശീലനപ്രോഗ്രാമിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് ഇടവകജനങ്ങൾക്കു നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫോൺ : 9539381100, 04822-215831**

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്** (സിഞ്ചെല്ലൂസ്)

# മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിങ്

കഴിഞ്ഞ 23 വർഷമായി മെഡിക്കൽ/ എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിങ് രംഗത്ത് മികവാർന്ന രീതിയിൽ പ്രവർത്തിക്കുന്ന പാലാരൂപതയുടെ സ്ഥാപനമായ ലുമൻ സ്റ്റഡി സെന്ററിൽ ഈ വർഷം +2 പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി Crash Course 2022 നടത്തുന്നു. പാലാ സെന്റ് തോമസ് കോളജ് കാമ്പസിൽ നടത്തുന്ന കോഴ്സിനെ സംബന്ധിക്കുന്ന അറിയിപ്പ് ഇടവകയിൽ നല്കി വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വൈദികർ പ്രത്യേകം താത്പര്യമെടുക്കുമല്ലോ.
**ഫോൺ : 04822 200131**

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**പുതുപ്പള്ളി പാറേറ്റ് മാർ ഇവാനിയോസ് ആശുപത്രിയിൽ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സഹകരണത്തോടെ ഗ്യാസ്ട്രോ എന്ററോളജി ഒ.പി. വിഭാഗം ആരംഭിച്ചു.**

പുതുപ്പള്ളി പാറേറ്റ് മാർ ഇവാനിയോസ് ആശുപത്രിയിൽ മാർസ്ലീവാ മെഡിസിറ്റി പാലായുടെ സഹകരണത്തോടെ ആരംഭിക്കുന്ന സ്പെഷ്യലിസ്റ്റ് ക്ലിനിക്കിന്റെ ഉദ്ഘാടനം പാറേറ്റ് മാർ ഇവാനിയോസ് ആശുപത്രിയിൽ വച്ചു നടന്നു. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലാണ് സ്പെഷ്യലിസ്റ്റ് ക്ലിനിക് ആരംഭിച്ചിരിക്കുന്നത്.

പുതുപ്പള്ളി പാറേറ്റ് മാർ ഇവാനിയോസ് ആശുപത്രിയിൽ എല്ലാ വ്യാഴാഴ്ചകളിലും ഉച്ചകഴിഞ്ഞ് 4 മുതൽ 6 വരെയാണ് മാർസ്ലീവാ മെഡിസിറ്റിയിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം കൺസൾട്ടന്റ് ഡോ. പ്രിജിത് എബ്രാഹമിന്റെ സേവനം ഒരുക്കിയിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റിയുടെ മാനേജിങ് ഡയറക്ടറായി മോൺ. ജോസഫ് കണിയോടിക്കൽ ചുമതലയേറ്റു.**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാനേജിങ് ഡയറക്ടറായി മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ചുമതലയേറ്റു. കോതനല്ലൂർ സ്വദേശിയായ അദ്ദേഹം 2003 മുതൽ പാലാ രൂപതയിലും അതിനുപുറമെ 16 കൊല്ലത്തോളം ജർമ്മനിയിലും പ്രശംസനീയമായ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയശേഷമാണ് ഇപ്പോൾ മാർസ്ലീവാ മെഡിസിറ്റിയിൽ ചുമതലയേറ്റെടുത്തത്.

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാനേജിങ് ഡയറക്ടറായി ചുമതലയേല്ക്കുന്നതിനുമുമ്പ് അദ്ദേഹം ജർമ്മനിയിൽ മെസ്റ്റേറ്റൻ ഇടവക വികാരിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഫിലോസഫിയിലും തിയോളജിയിലും ബിരുദധാരിയായ അദ്ദേഹം സെന്റ് വിൻസെന്റ് പള്ളോട്ടി യൂണിവേഴ്സിറ്റി, ജർമ്മനിയിൽനിന്ന് തിയോളജിയിൽ ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിലെ സ്റ്റാഫ് അംഗങ്ങളുടെ കുട്ടികൾക്കായി ഡേ കെയർ ആരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റി പാലായിലെ സ്റ്റാഫ് അംഗങ്ങളുടെ കുട്ടികൾക്കായുള്ള ഡേ കെയർ മാർ സ്ലീവാ മെഡിസിറ്റി, പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു. പേട്രൻസ് കെയറിന്റെ ഭാഗമായി കോട്ടയം ജില്ലയിൽത്തന്നെ ആദ്യമായി ആരംഭിച്ച ഈ സംരംഭത്തിന്റെ ആശീർവാദകർമത്തിൽ മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സൗജന്യ കോവിഡ് വാക്സിനേഷൻ**

പേട്രൺസ് കെയറിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റി പാലായിൽ 2022 മാർച്ച് 19 മുതൽ 27 വരെ കോവിഡ് വാക്സിൻ (കോവീഷീൽഡ്) സൗജന്യമായി നൽകുന്നു. എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയാണ് കോവിഷീൽഡ് ലഭ്യമാകുന്നത്. കോവിൻ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം 686584 എന്ന പിൻനമ്പർ നൽകി മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കോവിഡ് വാക്സിനേഷനുള്ള സ്ലോട്ട് തിരഞ്ഞെടുക്കാം. സ്പോട്ട് രജിസ്ട്രേഷൻ സേവനവും ലഭ്യമാണ്.

**സൗജന്യ ഗ്യാസ്ട്രോ എന്ററോളജി, യൂറോളജി ക്യാമ്പുകൾ നടത്തി മാർ സ്ലീവാ മെഡിസിറ്റി പാലാ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്രവർത്തിക്കുന്ന ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സൗജന്യ ഉദരരോഗ പരിശോധന ക്യാമ്പ് മാർച്ച് മാസം 9 ന് ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ നടന്നു. ദഹനസംബന്ധമായ പ്രശ്നങ്ങൾ. മലബന്ധം, കരൾരോഗങ്ങൾ, പാൻക്രിയാസിന്റെ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഡോക്ടർമാരുടെ സൗജന്യപരിശോധനയും ഇളവുകളോടുകൂടിയ തുടർചികിത്സയും ഈ ക്യാമ്പിന്റെ ഭാഗമായി ജനങ്ങൾക്കു ലഭ്യമാക്കി.

മൂത്രാശയസംബന്ധമായ രോഗനിർണ്ണയത്തിനുള്ള സൗജന്യ യൂറോളജി ക്യാമ്പ് മാർച്ച് 22, 23 തീയതികളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ നടന്നു. മൂത്രതടസ്സം, മൂത്രത്തിലെ പഴുപ്പ്, മൂത്രത്തിലെ കല്ല്, പ്രോസ്റ്റേജ് ഗ്രന്ഥികളിലെ വ്യതിയാനങ്ങൾ എന്നീ ബുദ്ധിമുട്ടുകൾ ഉള്ളവർക്ക് ഡോക്ടർമാരുടെ സൗജന്യപരിശോധനയും ഇളവുകളോടുകൂടിയ തുടർചികിത്സയും ഈ ക്യാമ്പിന്റെ ഭാഗമായി ജനങ്ങൾക്കു നല്കി.

**മാർസ്ലീവാ മെഡിസിറ്റി പാലായിൽ ഹെയർട്രാൻസ്പ്ലാന്റ് ആന്റ് എയ്സ്തെറ്റിക് ക്ലിനിക് ആരംഭിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് സർജറിവിഭാഗത്തിന്റെ നേതൃത്വത്തിൽ ഹെയർ ട്രാൻസ്പ്ലാന്റ് ക്ലിനിക് ആരംഭിച്ചു. അതിനൂതന രീതിയായ Micro Fue & DHI ഉപയോഗിച്ച് വേദനരഹിതമായി ഏറ്റവും സുരക്ഷിതമായ രീതിയിൽ ഉയർന്ന നിലവാരത്തിലുള്ള ഗ്രാഫ്റ്റുകൾ ഉപയോഗിച്ചാണ് ഇവിടെ ട്രാൻസ്പ്ലാന്റ് നടത്തുന്നത്. PRP ചികിത്സ, പുരികം, കൺപോളകൾ, താടി, മീശ എന്നിവയുടെ ട്രാൻസ്പ്ലാന്റ്ഷനും ആശുപത്രിയിൽ ലഭ്യമാണ്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ പ്രോജക്ട് ഓഫീസ് ആശീർവദിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പുതിയ പ്രോജക്ട് ഓഫീസ്, പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു. മാർച്ച് 21 ന് രാവിലെ നടന്ന ചടങ്ങിൽ മാനേജിങ് ഡയറക്ടർ, ഡയറക്ടേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

## New Doctor

1. ഡോയ അജയ്യപ്പിള്ള - സീനിയർ കൺസൾട്ടന്റ് അനെസ്തേസിയോളജി ആൻഡ് പെരി ഓപ്പറേറ്റീവ് മെഡിസിൻ

**മോൺ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ച അഭിവന്ദ്യ പിതാക്കന്മാർ**

മാർ ജോസഫ് പള്ളിക്കാപറമ്പിൽ (പാലാ രൂപതാ മുൻ മെത്രാൻ)
റവ. ഡോ. കുര്യാക്കോസ് മാർ ക്ലീമിസ് (യാക്കോബായ സഭാ ബിഷപ്)

**2. അൽഫോൻസാമ്മയ്ക്കരികിൽ വിദ്യാർത്ഥികളുടെ പ്രവാഹം**

പരീക്ഷാനിയോഗവുമായി വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ അൽഫോൻസാസവിധത്തിലേക്കു ദിവസേന എത്തിക്കൊണ്ടിരിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന അൽഫോൻസാ റെസിഡൻഷ്യൽ സ്കൂൾ ഭരണങ്ങാനം, എസ്.എച്ച് ഗേൾസ് സ്കൂൾ ഭരണങ്ങാനം, സെന്റ് മേരീസ് ഹൈസ്കൂൾ പാലാ, സെന്റ് തോമസ് ഹൈസ്കൂൾ തുടങ്ങനാട്, സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ പെരിങ്ങുളം, സെന്റ് മേരീസ് ഹൈസ്കൂൾ തീക്കോയി, ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ ചെമ്മലമറ്റം, സെന്റ് തോമസ് ഹൈസ്ക്കൂൾ മരങ്ങാട്ടുപിള്ളി തുടങ്ങിയ സ്കൂൾളുകളിലെ കുട്ടികൾ അൽഫോൻസാമ്മയുടെ സവിധത്തിലെത്തി വിശുദ്ധ കുർബാനയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

**3.** തമിഴ്നാട്ടിലെ വിവിധ ഇടങ്ങളിൽനിന്ന് ധാരാളം ഭക്തജനങ്ങൾ കബറിടം സന്ദർശിച്ചും വിശുദ്ധ കുർബാന അർപ്പിച്ചും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

**4.** വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ റെക്ടർ റവ. ഫാ. ജോസ് വള്ളോംപുരയിടത്തിൽ അച്ചന്റെ നാമഹേതുകത്തിരുനാൾ സമുചിതമായി ആഘോഷിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. ഡയറക്ടർമാരുടെ സഭാതലയോഗം**

സീറോ മലബാർ സഭയിലെ വിവിധരൂപതകളിൽനിന്നുള്ള വിശ്വാസപരിശീലന ഡയറക്ടർമാരുടെ യോഗം സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 15 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഈ യോഗത്തിൽ പങ്കെടുക്കുകയും അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**2. X , XII ക്ലാസ്സുകളിലെ അധ്യാപകസമ്മേളനങ്ങൾ**

X , XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനങ്ങൾ 2022 മാർച്ച് 6, 13 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തി. രാവിലെ 9 മണിക്ക് ആരംഭിച്ച സമ്മേളനം ഉച്ചകഴിഞ്ഞ് 2 മണിക്ക് അവസാനിച്ചു. ഈ സമ്മേളനങ്ങളിൽ വച്ച് X, XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തുകയുണ്ടായി.

**3. I മുതൽ IX വരെ ക്ലാസ്സുകളിലെ രണ്ടാം ടേം പരീക്ഷ**

I മുതൽ IX വരെ ക്ലാസ്സുകളിലെ രണ്ടാംടേം പരീക്ഷ 2022 ഏപ്രിൽ 3 ഞായറാഴ്ച നടത്തുന്നതാണ്.

**പരീക്ഷാസമയം**

Std I - V 11.00 am - 1.00 pm

Std VI - IX 2.00 pm - 4.00 pm

പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സുകൾ 2022 ഏപ്രിൽ 2 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയുള്ള സമയത്തു വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നു ലഭിക്കുന്നതാണ്.

ചോദ്യക്കടലാസ്സുകൾ വാങ്ങാനായി വരുന്നവർ വികാരിയച്ചന്റെയോ സൺഡേസ്കൂൾ ഡയറക്ടർ അച്ചന്റെയോ സാക്ഷ്യപത്രംകൊണ്ടുവരേണ്ടതാണ്. സാക്ഷ്യപത്രം ഹാജരാക്കാത്തവരുടെ കൈവശം ചോദ്യക്കടലാസ്സുകൾ കൊടുത്തുവിടുന്നതല്ല.

രൂപതയിൽനിന്ന് നിർദ്ദേശിച്ചിരിക്കുന്ന സമയത്തുതന്നെ പരീക്ഷ നടത്തേണ്ടതാണ്. I, II ക്ലാസ്സുകളിൽ ചോദ്യപരീക്ഷയാണ് നടത്തേണ്ടത്.

**4. X, XI, XII ക്ലാസ്സുകളിലെ വിശ്വാസോത്സവപ്രവർത്തനങ്ങൾ**

X, XI, XII ക്ലാസ്സുകളിലെ വിശ്വാസോത്സവപ്രവർത്തനങ്ങൾ 2022 മാർച്ച് 27 ഞായറാഴ്ച പൂർത്തിയാകുകയാണല്ലോ. X, XII ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷികപരീക്ഷാഫലം തയ്യാറാക്കുന്നതിനായി പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസോത്സവത്തിന്റെ മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റിന്റെ മാർക്കും പരീക്ഷയ്ക്കായി തയ്യാറാക്കിയ Webportal -ൽ upload ചെയ്യേണ്ടതായിട്ടുണ്ട്. അതിനായി ഈ കാര്യങ്ങൾ 2022 ഏപ്രിൽ 3-നു മുൻപായി തയ്യാറാക്കി വയ്ക്കേണ്ടതാണ്.

**5. I മുതൽ IX വരെ ക്ലാസ്സുകളിലെ വിശ്വാസോത്സവം**

I മുതൽ IX വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസോത്സവം 2022 ഏപ്രിൽ 4 മുതൽ 9 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. ഈ ദിവസങ്ങളിലെ വിശ്വാസോത്സവപരിപാടികൾ കോവിഡിന് മുൻപ് നാം നടത്തിയിരുന്നതുപോലെതന്നെ നടത്താൻ ഇടവകകളുടെ പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തി ബഹുമാനപ്പെട്ട വൈദികരും വിശ്വാസപരിശീലകരും മാതാപിതാക്കളും പരിശ്രമിക്കേണ്ടതാണ്. വിശ്വാസോത്സവത്തിന്റെ ഭാഗമായുള്ള വർക്കുബുക്കുകളിലെ പ്രവർത്തനങ്ങൾ എല്ലാ ക്ലാസ്സുകളിലേയും കുട്ടികൾ നിർബന്ധമായും അതതു ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ മേൽനോട്ടത്തിൽ ഈ ദിനങ്ങളിൽ ചെയ്യേണ്ടതാണ്. ഈ വർഷം നാലാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്ക് പ്രഥമകുമ്പസാരവും തുടർന്നുള്ള കുർബാനസ്വീകരണവും നടത്തുന്നതിനുള്ള ഏറ്റവും അടുത്ത പരിശീലനം വിശ്വാസോത്സവദിനങ്ങളിൽ നൽകേണ്ടതാണ്.

ഓരോ ദിവസവും ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന വർക്കുബുക്കു പ്രവർത്തനങ്ങൾ മാത്രമേ അതതു ദിവസങ്ങളിൽ കുട്ടികളെക്കൊണ്ടു ചെയ്യിക്കാവൂ.

വിശ്വാസോത്സവദിനങ്ങളിൽ വിനോദയാത്ര, തീർത്ഥാടനം, കുട്ടികൾക്കുള്ള ധ്യാനം എന്നിവ സംഘടിപ്പിക്കേണ്ടതില്ല.

ആറു ദിവസങ്ങളിലായിട്ടുതന്നെ വിശ്വാസോത്സവപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**6. സൗമാ റമ്പാ (വലിയ നോമ്പ്)**

വലിയ നോമ്പുകാലം ദൈവവചനധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിക്കാൻ കുട്ടികളെ സഹായിക്കുന്ന ഒരു പ്രാർത്ഥനാകാർഡ് സൗമാ റമ്പാ എന്ന പേരിൽ നൽകി.

**7. സഭാതല പാഠപുസ്തകനവീകരണകമ്മിറ്റി യോഗം**

സീറോ മലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷന്റെ നേതൃത്വത്തിലുള്ള പാഠപുസ്തകനവീകരണകമ്മിറ്റി 2022 മാർച്ച് 26, 27 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യോഗം ചേർന്നു. ഈ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലും രണ്ട് വിശ്വാസപരിശീലകരും പങ്കെടുത്തു.

**8. വിചിന്തനം സെമിനാർ**

ഈ വർഷം (2021 - 2022) IX -ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി രൂപത തലത്തിൽ വിചിന്തനം സെമിനാർ സംഘടിപ്പിക്കുന്നതാണ്. ഏപ്രിൽ അവസാന ആഴ്ചകളിലും മെയ് മാസത്തിലുമായി 17 ബാച്ചുകളിലായി സംഘടിപ്പിക്കപ്പെടുന്ന ഈ ഏകദിന സെമിനാറിൽ IX-ാം ക്ലാസ്സ് പൂർത്തിയാക്കുന്ന എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കേണ്ടതാണ്. പാലായിൽ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചായിരിക്കും സെമിനാർ നടത്തുന്നത്. സെമിനാർ നടത്തപ്പെടുന്ന തീയതികളും

രജിസ്ട്രേഷൻ നടത്തേണ്ട വിധവും വൈകാതെ അറിയിക്കുന്നതാണ്. ഈ സെമിനാറിൽ പങ്കെടുക്കണമെന്ന കാര്യം കുട്ടികളെ നേരത്തേതന്നെ അറിയിക്കുമല്ലോ.

**9. ദൈവവിളി പ്രോത്സാഹനം**

ദൈവവിളി പ്രോത്സാഹനം നമ്മുടെ പ്രധാനപ്പെട്ട കടമയാണെന്ന് എല്ലാവരും ഓർക്കുമല്ലോ. സൽസ്വഭാവികളും പൗരോഹിത്യത്തോടും സന്ന്യാസത്തോടും ആഭിമുഖ്യമുള്ളവരുമായവരെ കണ്ടെത്തി ഉചിതമായ പ്രോത്സാഹനം കൊടുക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. നല്ല അർത്ഥികളെ കണ്ടെത്തി ശരിയായ മാർഗ്ഗനിർദ്ദേശം നൽകി നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിലേക്ക് പറഞ്ഞയയ്ക്കാനും നമുക്ക് മുൻഗണന കൊടുക്കാം. ഈ വർഷത്തെ ലോകദൈവവിളി ദിനമായ മെയ് 8 സമുചിതമായ രീതിയിൽ ഇടവകകളിൽ ആചരിക്കേണ്ടതാണ്.

**10. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും രണ്ടാം ടേം പരീക്ഷ 2022 മാർച്ച് 3, 4 തീയതികളിൽ ഓൺലൈനായി നടത്തി. പരീക്ഷാനടത്തിപ്പിനായി തയ്യാറാക്കിയ വെബ്പോർട്ടിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ മാർച്ച് മാസത്തെ എക്സിക്യൂട്ടീവ് യോഗം മാർച്ച് 6 ഞായറാഴ്ച വൈകുന്നേരം ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരുംമാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**പ്ലാറ്റിനം ജൂബിലി മെഗാ ക്വിസ്**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ 2022 മാർച്ച് 05,12 തീയതികളിൽ ജൂബിലി മെഗാ ക്വിസ് മത്സരം നടത്തി. ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടന്ന അവസാനഘട്ട മത്സരത്തിൽ സൂപ്പർ സീനിയർ, സീനിയർ, ജൂനിയർ വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർക്ക് യഥാക്രമം 3001, 2001, 1001 രൂപ വീതം സമ്മാനം നൽകി.

***മത്സരത്തിൽ വിജയികളായവർ:***

**സൂപ്പർ സീനിയർ വിഭാഗം**

1.ബാബു പോൾ, പെരിയപ്പുറം, ഭരണങ്ങാനം.

2.ഷീബ ബിനോയി, പള്ളിപ്പറമ്പിൽ, രാമപുരം.

3.അനഘ റോയി, പുളിക്കീൽ, രാമപുരം.

**സീനിയർ വിഭാഗം**

1.ലീനു കെ.ജോസ്, കാരുവേലിൽ, പ്ലാശനാൽ.

2.നിയ പയസ്, കൊച്ചുപുരയ്ക്കൽ, തീക്കോയി.

3.ആഗ്നറ്റ് മരിയ സോയി, വാഴക്കാലായിൽ, രാമപുരം.

**ജൂനിയർ വിഭാഗം**

1.എമിൽ ജോഷി, കണ്ടത്തിൽ, തീക്കോയി.

2.എയ്ഞ്ചൽ റോസ് അലക്സ്, വള്ളിയാംതടത്തിൽ, തീക്കോയി.

3.അഗസ്റ്റസ് ബിനോയി, പള്ളിപ്പറമ്പിൽ, രാമപുരം.

വിജയികൾക്ക് അഭിനന്ദനങ്ങൾ.

**മേഖലാസന്ദർശനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിവർഷ പ്രവർത്തനങ്ങൾ, രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് എന്നിവയെപ്പറ്റി സംസാരിക്കുന്നതിനായി രൂപതാസമിതി അംഗങ്ങൾ ബഹു. ഡയറക്ടറച്ചനോടൊപ്പം മേഖലാസന്ദർശനം നടത്തി. മാർച്ച് 12,13,20,27 തീയതികളിലായി 17 മേഖലാ എക്സിക്യൂട്ടീവ് യോഗങ്ങളിലും രൂപതാസമിതി അംഗങ്ങൾ പങ്കെടുത്തു.

**രൂപത മാനേജിംഗ് കമ്മിറ്റിയും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മാനേജിംഗ് കമ്മിറ്റിയും 2022-25 വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 2022 ഏപ്രിൽ 9 ശനിയാഴ്ച വൈകുന്നേരം 5.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനവും വോട്ടേഴ്സ് ലിസ്റ്റും ഭരണങ്ങാനം മാതൃഭവനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള എല്ലാവരും ഈ മാനേജിംഗ് കമ്മിറ്റിയിലും തിരഞ്ഞെടുപ്പിലും സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അഭിനന്ദനങ്ങൾ**

2020 - 21 പ്രവർത്തനവർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ അംഗീകാരപത്രത്തിന് നമ്മുടെ രൂപതയിലെ കുറവിലങ്ങാട് മേഖലയും കയ്യൂർ, ളാലം ഓൾഡ്, മോനിപ്പള്ളി ശാഖകളും അർഹരായി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ബഹു. ഡയറക്ടറച്ചന്മാർക്കും ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

മാർച്ച് 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഫാ. വിൻസെന്റ് മൂങ്ങാമാക്ക

ലിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ എക്സിക്യൂട്ടീവായിരുന്നു. പ്രസിഡന്റ് ശ്രീ. ജിജോ മാത്യു അദ്ധ്യക്ഷനായിരുന്നു. ജനറൽ ഓർഗനൈസർ ശ്രീ. എബി ജോസ് സ്വാഗതം ആശംസിച്ചു. കുട്ടികൾ പരീക്ഷയ്ക്കായി ഒരുങ്ങുന്ന സമയത്ത് അവർക്കുണ്ടാകുന്ന മാനസികസംഘർഷം കുറയ്ക്കുന്നതിനായി **'പരീക്ഷ ഒരുക്കധ്യാനം'** നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അവധിക്കാലത്ത് കുട്ടികൾക്കായി ഫൊറോനാതലത്തിൽ ധ്യാനം നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയതു തീരുമാനങ്ങൾ എടുത്തു. കെ.സി.എസ്.എൽ കുട്ടികളെ സ്കൂളുകളിൽ ആഴ്ചയിൽ ഒരു ദിവസം ഒരുമിച്ചുകൂട്ടി പതിനഞ്ച് മിനിറ്റ് നേരത്തേക്ക് പ്രാർത്ഥന നടത്തുന്നതിന് ആനിമേറ്റർമാർ ശ്രദ്ധിക്കണമെന്ന് ഡയറക്ടർ അച്ചൻ അഭിപ്രായപ്പെടുകയും എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും അത് അംഗീകരിക്കുകയും ചെയ്തു.

**സെൻട്രൽ കൗൺസിൽ (സി. സി. മീറ്റിംഗ്)**

എറണാകുളം പി.ഒ.സിയിൽ വച്ച് മാർച്ച് 5 ശനിയാഴ്ച സി.സി. മീറ്റിംഗ് നടന്നു. പാലാരൂപതയിൽനിന്ന് പ്രസിഡന്റ് ശ്രീ ജിജോ മാത്യു മീറ്റിംഗിൽ പങ്കെടുത്തു.

**പരീക്ഷ ഒരുക്കധ്യാനങ്ങൾ**

കുട്ടികളിലെ മാനസികസംഘർഷം കുറയ്ക്കുന്നതിനായി പരീക്ഷയ്ക്കു മുന്നോടിയായി പരീക്ഷ ഒരുക്കധ്യാനം നടത്തി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ധ്യാനം നയിച്ചു. ബ്രദർ സെബിൻ പ്ലാത്തോട്ടം ധ്യാനത്തിനുവേണ്ട ഒരുക്കങ്ങൾ നടത്തി.

**1. പാലാ സെന്റ് മേരീസ് എച്ച്.എസ്.എസ്**

മാർച്ച് 9 ന് ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ 4.30 വരെ കെ.സി.എസ്.എൽ. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ പത്താം ക്ലാസ്സിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്കധ്യാനം നടത്തി. 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പ്പുശുശ്രൂഷയും നടത്തി. ബ്രദർ സെബിൻ പ്ലാത്തോട്ടം നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ് സി. ലിസ്സി കെ. ജോസഫ്, ആനിമേറ്റർ സി. റെജി ആന്റണി എഫ്.സി.സി തുടങ്ങിയവർ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. പരീക്ഷയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഓരോ ദൈവവചനവും കുട്ടികൾക്കു നൽകി. 250 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**2. മണലുങ്കൽ സെന്റ് അലോഷ്യസ് എച്ച്. എസ്**

മാർച്ച് 10 ന് രാവിലെ 10.00 മണിമുതൽ 11.30 വരെ 10 ലെ കുട്ടികൾക്കായി നടത്തിയ പരീക്ഷ ഒരുക്കധ്യാനം ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു. 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പ്പുശുശ്രൂഷയും നടത്തി. ബ്രദർ സെബിൻ പ്ലാത്തോട്ടം നേതൃത്വം നൽകി. ഹെഡ്മാസ്റ്റർ ശ്രീ. ജോയ്സൺ ജോസ്, എച്ച്. എസ് ആനിമേറ്റർ സി. റോസിലിൻ തോമസ് യു. പി. ആനിമേറ്റർ ശ്രീ. സജിമോൻ പി. മാത്യു തുടങ്ങിയവർ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. പരീക്ഷയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഓരോ ദൈവവചനവും കുട്ടികൾക്ക് നൽകി. 50 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**3. ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്**

മാർച്ച് 14 ന് രാവിലെ 10.00 മണിമുതൽ 11.30 വരെ 10 ലെ കുട്ടികൾക്കായി നടത്തിയ പരീക്ഷ ഒരുക്കധ്യാനം ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു. കുട്ടികൾക്കു കുമ്പസാരവും 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പ്പുശുശ്രൂഷയും നടത്തി. ബ്രദർ സെബിൻ പ്ലാത്തോട്ടം, ഹെഡ്മാസ്റ്റർ ശ്രീ വിൽസൺ കെ. ജോസ്, എച്ച്. എസ് ആനിമേറ്റർ സി. ജെയിൻ റോസ് സി.എം.സി. തുടങ്ങിയവർ നേതൃത്വം നൽകി. പരീക്ഷയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഓരോ ദൈവവചനവും കുട്ടികൾക്ക് നൽകി. 86 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**4. പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്**

മാർച്ച് 14 ന് ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 3.30 വരെ പത്താം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ പരീക്ഷ ഒരുക്കധ്യാനം ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു. 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പ്പുശുശ്രൂഷയും നടത്തി. ബ്രദർ സെബിൻ പ്ലാത്തോട്ടം നേതൃത്വം നൽകി. ഹെഡ്മാസ്റ്റർ ശ്രീ ജോർജ്ജുകുട്ടി ജേക്കബ്, ആനിമേറ്റർ സി. ജ്യോതിസ് എസ്.എച്ച് തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു. പരീക്ഷയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഓരോ ദൈവവചനവും കുട്ടികൾക്ക് നൽകി. 155 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**5. മഞ്ഞാമറ്റം സെന്റ് ജോസഫ് എച്ച്.എസ്**

മാർച്ച് 18 ന് രാവിലെ 10.30 മണിമുതൽ 11.30 വരെ യു.പി, എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾക്കായി ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മോട്ടിവേഷൻ ക്ലാസ്സ് എടുത്തു. ജീവിതത്തിൽ ഉണ്ടാകേണ്ട അടിസ്ഥാനമൂല്യങ്ങളെപ്പറ്റി അച്ചൻ സംസാരിച്ചു. അതിനുശേഷം പരീക്ഷ ഒരുക്കധ്യാനവും തുടർന്ന് ആരാധനയും നടത്തി. ബ്രദർ സെബിൻ പ്ലാത്തോട്ടം അച്ചനോടൊപ്പമുണ്ടായിരുന്നു. ഹെഡ്മിസ്ട്രസ് സി. ജീസാമോൾ ഇഗ്നേഷ്യസ്, ആനിമേറ്റർ റാണി അഗസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി. 200 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**6. കുറുമണ്ണ് സെന്റ് ജോൺസ് എച്ച്. എസ്**

മാർച്ച് 22 ന് രാവിലെ 10.00 മണിമുതൽ 11.30 വരെ പത്താം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ പരീക്ഷ ഒരുക്കധ്യാനം ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ചു. 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പുശുശ്രൂഷയും നടത്തി. ഹെഡ്മാസ്റ്റർ ശ്രീ ബിജോയ് ജോസഫ്, ആനിമേറ്റർ സി. റ്റിൻസാ എസ്.എ.ബി.എസ്. മറ്റു ടീച്ചേഴ്സ് തുടങ്ങിയവർ എല്ലാവിധ സഹകരണങ്ങളും നൽകി. കുട്ടികൾക്കു കുമ്പസാരവും നടത്തി. പരീക്ഷയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങുന്നതിനായി ഓരോ ദൈവവചനവും കുട്ടികൾക്കു നൽകി. 95 കുട്ടികൾ ധ്യാനത്തിൽ പങ്കെടത്തു.

**7. കടനാട് സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.**

മാർച്ച് 23 ന് രാവിലെ 11.00 മണിമുതൽ 12.00 വരെ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിച്ച പരീക്ഷ ഒരുക്കധ്യാനത്തിൽ 200കുട്ടികൾ

പങ്കെടുത്തു. ഓറിയന്റേഷൻ ക്ലാസ്സും ആരാധനയും ഡയറക്ടറച്ചൻ നയിച്ചു. ബ്രദർ സെബിൻ പ്ലാത്തോട്ടത്തിൽ ശുശ്രൂഷകൾക്ക് അച്ചനോടൊപ്പം ഉണ്ടായിരുന്നു. പ്രിൻസിപ്പൽ ശ്രീ റെജിമോൻ കെ. മാത്യു, ആനിമേറ്റർ മെറിൻ തോമസ് മറ്റു ടീച്ചേഴ്സ് എന്നിവർ എല്ലാവിധ സഹകരണങ്ങളും നൽകി. X, XI, XII ക്ലാസ്സുകളിലെ കുട്ടികളാണ് ധ്യാനത്തിൽ പങ്കെടുത്തത്.

**8. മഞ്ഞാമറ്റം സെന്റ് ജോസഫ്സ് എച്ച്. എസ്**

മാർച്ച് 26 ന് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നയിക്കുന്ന പരീക്ഷ ഒരുക്കധ്യാനം പത്താം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തി. രാവിലെ 10.00 മണിമുതൽ 11. 30 വരെയാണ് ധ്യാനം നടത്തിയത്. 20 മിനിറ്റ് ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും കൈവയ്പുശുശ്രൂഷയും ഉണ്ടായിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. സമാധാനദീപം തെളിയിക്കൽ**

യുദ്ധങ്ങൾ അവസാനിപ്പിക്കുന്നതിനും ലോകസമാധാനത്തിനുംവേണ്ടി എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഹ്വാനപ്രകാരം എല്ലാ ഇടവകകളിലുമുള്ള യൂണിറ്റംഗങ്ങൾ അവരവരുടെ ഇടവകദൈവാലയങ്ങളിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുകയും സമാധാനദീപം തെളിയിക്കുകയും ചെയ്തു. രൂപതാഭാരവാഹികൾ ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച വൈകിട്ട് കിഴതടിയൂർ ദൈവാലയത്തിൽ ഒന്നിച്ചുകൂടി സമാധാനദീപം തെളിയിച്ചു പ്രാർത്ഥിച്ചു.

**2. യൂണിഫോമിന്റെ രാഷ്ട്രീയം**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ OYO 2.0 'യൂണിഫോമിന്റെ രാഷ്ട്രീയം' എന്ന വിഷയത്തെ അധികരിച്ച് വെബിനാർ ഫെബ്രുവരി 28 ന് നടന്നു.

**3. കെ.സി.വൈ.എം. ഡയറക്ടർമാരുടെയും അസിസ്റ്റന്റ് ഡയറക്ടർമാരുടെയും മീറ്റിംഗ്**

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്തിൽ പി.ഒ.സിയിൽ വച്ച് രൂപത ഡയറക്ടർമാരുടെയും രൂപതാ ജോയിന്റ് ഡയറക്ടർമാരുടെയും മീറ്റിംഗ് മാർച്ച് 1-ാം തീയതി നടത്തപ്പെട്ടു. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ സി. ജോസ്മിത എസ്.എം.എസ്, സി. തെരേസ് സി.എം.സി. എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**4. മാതൃഭാഷയും ഇതരഭാഷകളും**

എസ്.എം.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ മാതൃഭാഷാദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 5, രാത്രി 8 ന് 'മാതൃഭാഷയും ഇതരഭാഷകളും' എന്ന വിഷയത്തിൽ വെബിനാർ നടത്തപ്പെട്ടു. ഡോ. തോമസ് സ്കറിയ (അസോ. പ്രൊഫസർ, സെന്റ് തോമസ് കോളജ്, പാലാ) വെബിനാറിനു നേതൃത്വം

നൽകി. യൂണിറ്റംഗങ്ങൾ സജീവമായി വെബിനാറിൽ പങ്കെടുക്കുകയും ഓരോ യൂണിറ്റിന്റെയും പ്രതിനിധികൾ ക്ലാസ്സിന്റെ സംഗ്രഹം എഴുതി അറിയിക്കുകയും ചെയ്തു.

**5. ഫൊറോനാ പ്രസിഡൻസ് മീറ്റ്**

പാലാ രൂപതയിലെ 17 എസ്.എം.വൈ.എം. ഫൊറോന പ്രസിഡന്റുമാരുടെ മീറ്റിംഗ് മാർച്ച് 5 ന് രൂപത ഓഫീസിൽ വച്ചു നടത്തപ്പെട്ടു. മീറ്റിംഗിൽ ഫൊറോനകളുടെ ഭാവിപരിപാടികൾ ചർച്ച ചെയ്തു.

**6. 'We The Women' വനിതാദിനാഘോഷം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ 'We the Women' വനിതാദിനാഘോഷം മാർച്ച് 12-ാം തീയതി ശനിയാഴ്ച ചീങ്കല്ലേൽ പള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. പാലാ രൂപതയിലെ യുവതികൾ ഒത്തുചേർന്ന വനിതാദിനാഘോഷം രാമപുരം ASI ശ്രീമതി മഞ്ജുഷ ഗോപി ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. പാലാ രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ടിന്റു റെജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് തുടങ്ങിയവർ സംസാരിച്ചു. ഇതിനോടനുബന്ധിച്ച് വനിതാസംഗമവും എസ്.എം.വൈ.എം. പാലാ രൂപതയുടെ മുൻകാല വൈസ്പ്രസിഡന്റുമാരെ ആദരിക്കുകയും അവരുമായ ചർച്ചകൾ നടത്തുകയും ചെയ്തു. കുമാരി ശീതൾ റ്റോമിന്റെ നേതൃത്വത്തിൽ സ്വയംസംരംഭകത്വത്തെക്കുറിച്ച് ക്ലാസ്സും നടത്തി.

**7. പെണ്മ 2022 വനിതാദിനാഘോഷം**

കെസിവൈഎം സംസ്ഥാന സമിതിയുടെ 2022 വർഷത്തെ വനിതാദിനാഘോഷം മൂവാറ്റുപുഴ രൂപതയുടെ ആതിഥേയത്വത്തിൽ 2022 മാർച്ച് 13 ഞായറാഴ്ച രാവിലെ 8.30 ന് ഓണക്കൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തി. പാലാ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തു.

**8. സ്ത്രീസഹയാത്രിക KCYM OYO 2.0**

സ്ത്രീസഹയാത്രിക കെ.സി.വൈ.എം. OYO 2.0 സെമിനാർ സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 15 ന് വൈകുന്നേരം ഓൺലൈനായി നടത്തപ്പെട്ടു.

ഷിജി ജോൺസൺ (Director of Women Empowerment in World Peace Mission) വിഷയത്തെപ്പറ്റി സംസാരിച്ചു. പാലാ രൂപതയിൽനിന്ന് യുവതികൾ പങ്കെടുത്തു.

**9. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ മാർച്ച് മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് മാർച്ച് 15 ന് എസ്.എം.വൈ.എം. ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

**10. നാമഹേതുകത്തിരുനാൾ മംഗളങ്ങൾ**

മാർച്ച് 19 യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് ജോസഫ് നാമധാരികളായ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്

പിതാവിനെയും മുൻ രൂപതാധ്യക്ഷൻ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെയും രൂപതാ കേന്ദ്രത്തിലെ ജോസഫ് നാമധാരികളായ വൈദികരെയും രൂപതാ ഡയറക്ടർ, രൂപത പ്രസിഡന്റ് എന്നിവർ നേരിൽ കണ്ട് തിരുനാൾ ആശംസകൾ നേർന്നു.

**11. പാറേമ്മാക്കൽ ഗോവർണ്ണദോരുടെ അനുസ്മരണദിനം**

ഇന്ത്യൻ ദേശീയതയുടെ ഇതിഹാസപിതാവ് മഹാനായ പാറേമ്മാക്കൽ തോമാക്കത്തനാരുടെ അനുസ്മരണദിനം ആചരിച്ചു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ നേതൃത്തിൽ രൂപതാഭാരവാഹികൾ കബറിടം സ്ഥിതി ചെയ്യുന്ന രാമപുരം പള്ളി മാർച്ച് 14-ാം തീയതി വൈകുന്നേരം സന്ദർശിച്ച് പ്രാർത്ഥനകൾക്കു നേതൃത്വം നൽകി.

**12. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് - രൂപതാസന്ദർശനം**

പാലാ രൂപത ഏറ്റെടുത്ത സംസ്ഥാനസമിതിയുടെ പരിപാടിയെക്കുറിച്ചു ചർച്ച ചെയ്യാൻ എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടി മാർച്ച് 20 ഞായറാഴ്ച പാലാ രൂപതാ സന്ദർശനം നടത്തി. രൂപതാ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ്, മറ്റ് രൂപത ഭാരവാഹികൾ എന്നിവർ അദ്ദേഹത്തെ രൂപത ഓഫീസിൽ സ്വീകരിച്ചു.

**13. SMYM ഗ്ലോബൽ ഡയറക്ടർ സന്ദർശനം**

എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർച്ച് 20-ാം തീയതി ഞായാറാഴ്ച എസ്.എം.വൈ.എം. പാലാ രൂപത സന്ദർശനം നടത്തുകയും രൂപതയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുകയും ചെയ്തു.

**14. PSC പുതിയ ബാച്ച്**

എസ്.എം.വൈ.എം. പാലായുടെ ആഭിമുഖ്യത്തിൽ രൂപത നടത്തുന്ന പി.എസ്.സി. ഓഫ്ലൈൻ ക്ലാസ് മാർച്ച് 26 മുതൽ പുതിയ ബാച്ച് ആരംഭിക്കുകയാണ്. ഓരോ മാസത്തിലെയും എല്ലാ ശനി, ഞായർ ദിവസങ്ങളിൽ ക്ലാസുകൾ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തുന്നു.

Orientation പ്രോഗ്രാമോടുകൂടി ആരംഭിക്കുന്ന ക്ലാസുകൾക്ക് മാസം 500 രൂപയാണ് കോഴ്സ് ഫീസ്. (ഡിസിഎംഎസ് അംഗങ്ങൾക്ക് പ്രത്യേക ഇളവ് ഉണ്ടായിരിക്കുന്നതാണ്) കൂടുതൽ വിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**15. YATP പുതിയ ബാച്ച്**

29-ാമത് വൈ.എ.റ്റി.പി. ബാച്ച് ഉടൻ ആരംഭിക്കുന്നു. ക്ലാസ്സുകൾ നേരത്തേതന്നെ ക്രമീകരിക്കേണ്ടതുണ്ട്. ആയതിനാൽ, പങ്കെടുക്കാൻ താത്പര്യമുള്ളവർ വെബ്സൈറ്റിലുള്ള വൈ.എ.റ്റി.പി. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് രൂപത ഓഫീസിൽ ഏപ്രിൽ 10 നുമുമ്പ് നൽകുക. കോഴ്സ് ഫീസ് 2000/-

**16. ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**സോണൽ ഗാതറിങ്ങ്**

ജീസസ് യൂത്ത് പാലാ സോണൽ ഗാതറിംഗ് മാർച്ച് 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ് അരുണാപുരം പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ മുഖ്യാതിഥിയായിരുന്നു. ദീർഘകാലം പാലാ രൂപത ജീസസ് യൂത്ത് ചാപ്ലെയിനായി സേവനമനുഷ്ഠിച്ച കുര്യൻ മറ്റത്തിൽ അച്ചനും കഴിഞ്ഞ അഞ്ചു വർഷമായി അസിസ്റ്റന്റ് ചാപ്ലയിനായിരുന്ന സിറിൾ തയ്യിൽ അച്ചനും യാത്രയയപ്പും ഉപഹാരസമർപ്പണവും പുതിയ ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന് സ്വാഗതവും സംയുക്തമായി നേർന്നു. മാർ ജേക്കബ് മുരിക്കൻ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, പാലാ രൂപത ഇവാഞ്ചലൈസെഷൻ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, കൗൺസിൽ ആനിമേറ്റർ സിസ്റ്റർ ലിസ് മരിയ സിഎംസി, ഫാമിലി കോർഡിനേറ്റർ മാത്യു എം. കുര്യാക്കോസ്, കെയ്റോസ് ചീഫ് എഡിറ്റർ അഡ്വ. ജോൺസൺ, കൗൺസിൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസ് എന്നിവർ സംസാരിച്ചു. രൂപത കോർഡിനേറ്റർ അമല, ജോമോൻ ജോൺ, ജിയോ മൈക്കിൾ, അലീന സെബാസ്റ്റ്യൻ, സച്ചിൻ മാത്യൂസ്, സുബിൻ ലൂക്കോസ്, ജസ്റ്റിൻ വി. ജോസഫ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**വാർഷികധ്യാനം**

ചേർപ്പുങ്കൽ നഴ്സിംഗ് കോളജിലെ വിദ്യാർഥികൾക്കായി പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ വാർഷികധ്യാനം മാർച്ച് 11 മുതൽ 13 വരെ നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. പ്രസാദ്, നന്ദു ജോൺ, അനിത ജോജി, ഡോ. ആൻസി മാത്യു, ജോസ് മാത്യു, എവീനാ, ഡോ. ജോസഫ് നിക്സൺ, ഫെൻസി സ്റ്റാൻലി, ഹണിമോൾ രാജേഷ് എന്നിവർ ക്ലാസുകൾ നയിച്ചു. രൂപത കോഡിനേറ്റർ അമല, ശാലു സുഭാഷ്, ജിയോ മൈക്കിൾ, റിച്ചു ജോയ്, ആൻ മെർവിൻ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**വാഗമൺ കുരിശുമല തീർത്ഥാടനം**

പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ മാർച്ച് 19 ശനിയാഴ്ച വാഗമൺ കുരിശുമല തീർത്ഥാടനം നടത്തി. വിവിധ ക്യാമ്പസുകളിൽ നിന്നായി 43 പേർ പങ്കെടുത്തു. സുനു സാജ്, ശാലു സുഭാഷ്, ലിബിൻ എബ്രാഹം, ബെൻസൺ ബെന്നി തുടങ്ങിയവർ നേതൃത്വം നൽകി.

**പ്രോലൈഫ് എക്സിബിഷൻ**

പാലാ ജീസസ് യൂത്ത് പ്രോലൈഫ് ടീമിന്റെ നേതൃത്വത്തിൽ മുട്ടുചിറ റൂഹാദ് കുദ്ശാ പള്ളിയിൽ വച്ച് മാർച്ച് 20 ഞായറാഴ്ച പ്രോലൈഫ് എക്സിബിഷൻ നടന്നു. ഷാരോൺ, ഡോൺ ജോസഫ്, ജെഫിൻ, അഡ്ലിൻ, ലിറ്റി തുടങ്ങിയവർ നേതൃത്വം നൽകി.

**ഏകദിന പ്രോഗ്രാം : റൂട്ട്**

പാലാ ക്യാമ്പസ് ടീമിന്റെയും ടീൻസ് ടീമിന്റെയും നേതൃത്വത്തിൽ മാർച്ച് 12 ശനിയാഴ്ച കിഴതടിയൂർ സെന്റ് ജോസഫ് പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് ഏകദിന പ്രോഗ്രാം നടന്നു. സച്ചിൻ ഷാജി ക്ലാസ് നയിച്ചു. പാലായിലെ വിവിധ ക്യാമ്പസുകളിൽനിന്നും സ്കൂളുകളിൽനിന്നുമായി ഏകദേശം 100 കുട്ടികൾ പങ്കെടുത്തു. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, രൂപത കോർഡിനേറ്റർ അമല, സിജോ ജോസഫ്, ആൽഫിൻ ബെന്നി, എബിൻ ജോസ്, ബെല്ല സണ്ണി, ശാലു സുഭാഷ്, സുബിൻ ലൂക്കോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**ഇടവകധ്യാനങ്ങൾ**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ മാർച്ച് മാസത്തിലെ ഞായറാഴ്ചകളിൽ പയസ്മൗണ്ട്, കയ്യൂർ, വിളക്കുമാടം എന്നീ ഇടവകകളിലെ സൺഡേസ്കൂൾ കുട്ടികൾക്കായി ഏകദിന പ്രോഗ്രാം നടത്തപ്പെട്ടു. ജോസ് മാത്യു, അലീന, ആശിഷ് ജോസ്, എഡ്വിൻ, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, രൂപത കോഡിനേറ്റർ അമല, ദീപ്തി ജെയിംസ്, ആൽഫിൻ ബെന്നി, ആഗ്നസ് ജോസ് എന്നിവർ നേതൃത്വം നൽകി.

**കുരിശിന്റെ വഴി**

സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ മാർച്ച് മാസത്തിലെ എല്ലാ വ്യാഴാഴ്ചകളിലും അരുവിത്തുറ വല്യച്ചൻ മലകയറ്റവും കുരിശിന്റെ വഴി പ്രാർത്ഥനയും നടന്നു. മാർച്ച് 19 ശനിയാഴ്ച മലയാറ്റൂർ തീർത്ഥാടനം നടത്തി. ഫാ. വിനു സി.എം.ഐ, ഷിബ്രീസ് കെ. സെബാസ്റ്റ്യൻ, ജോഗേഷ് ജോബി, ജിബിൻ ബെന്നി, ജെയ്മോൻ ജോൺ തുടങ്ങിയവർ നേതൃത്വം നൽകി.

**ടീൻസ് റീച്ച് ഔട്ട്**

പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ മുട്ടം ഷന്താൾ ജ്യോതി പബ്ലിക് സ്കൂൾ വിദ്യാർഥികൾക്കായി മാർച്ച് 18ന് റീച്ച് ഔട്ട് പ്രോഗ്രാം നടത്തപ്പെട്ടു. ഷിബ്രീസ് കെ. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. 130 പേർ പങ്കെടുത്തു. ആൻസനിക മനോജ്, അഖിൽ സെബാസ്റ്റ്യൻ, ആൽഫി സെബാസ്റ്റ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.

**കെയ്റോസ് സ്റ്റാൾ**

കെയ്റോസ് ടീമിന്റെ നേതൃത്വത്തിൽ സോണൽ ഗാതറിങ്ങിന് സ്റ്റാൾ പ്രവർത്തിക്കുകയും കെയ്റോസ് മാസികയുടെ സബ്സ്ക്രിപ്ഷൻ നടത്തുകയും ചെയ്തു. ആഗ്നൽ സണ്ണി, ജയ്മോൻ ജോൺ, അലിൻ സിബി, ആഷ്ലി തുടങ്ങിയവർ നേതൃത്വം നൽകി.

**ഹൗസ് ഹോൾഡ് കൂട്ടായ്മകൾ**

മാർച്ച് മാസത്തെ ഹൗസ് ഹോൾഡ് കൂട്ടായ്മകൾ നടന്നു. അരുവിത്തുറ ഹൗസ് ഹോൾഡ് മാർച്ച് 12 ശനിയാഴ്ച പള്ളിയുടെ ചെറിയ പാരിഷ് ഹാളിൽ വച്ച് നടന്നു. കുറവിലങ്ങാട് ഹൗസ് ഹോൾഡ് മാർച്ച് 20 ന് കടുത്തുരുത്തി എസ് വി ഡി ധ്യാനകേന്ദ്രത്തിൽ വച്ചും പാലാ ഹൗസ് ഹോൾഡ് മാർച്ച് 27 ഞായറാഴ്ച ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തി.

**സിസ്റ്റേഴ്സ് കമ്മ്യൂണിയൻ**

മാർച്ച് 25, 26, 27 തീയതികളിൽ പി.ഒ.സി. പാലാരിവട്ടത്ത് വച്ച് സംഘടിപ്പിച്ച സിസ്റ്റേഴ്സിന്റെ കമ്മ്യൂണിയനിൽ പാലാ സോണിൽനിന്ന് 8 സിസ്റ്റേഴ്സ് പങ്കെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**രൂപത ജനറൽ ബോഡി യോഗം**

പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ രൂപത ജനറൽ ബോഡി യോഗം 30-3-2022 വ്യാഴാഴ്ച 10.30 ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ജപമാല പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കുടുംബക്കൂട്ടായ്മയുടെ പുതിയ ഡയറക്ടർ ബഹു. ഫാ.ജേക്കബ് വെള്ളമരുതുങ്കൽ പ്രാരംഭ പ്രാർത്ഥന നടത്തി. രൂപത സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ പുതിയ ഡയറക്ടറച്ചനെ ബൊക്കെ നൽകി സ്വീകരിച്ചു.

യോഗത്തിൽ അധ്യക്ഷപ്രസംഗം നടത്തിയ ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ കൊറോണ കാലഘട്ടത്തിലെ നമ്മളുടെ ആത്മീയജീവിതത്തിലെയും കൂട്ടായ്മജീവിതത്തിലെയും പ്രതിസന്ധികളെക്കുറിച്ച് വിശദമായി സംസാരിച്ചു. പ്രതിസന്ധികളെ അതിജീവിക്കുവാൻ കൂട്ടായ്മ ഭാരവാഹികളുടെ കൂട്ടായ പ്രവർത്തനം തുടങ്ങേണ്ട സമയമാണിതെന്ന് ഓർമ്മിപ്പിച്ചു.

ഇടവകകളിൽ കോവിഡ് പ്രതിസന്ധിമൂലം നിർത്തിവച്ചിരുന്ന കുടുംബക്കൂട്ടായ്മകൾ പുനരാരംഭിക്കുവാൻ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പരിശ്രമങ്ങൾ തുടങ്ങണമെന്നും യോഗാംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

**അംഗങ്ങൾ സ്വയം പരിചയപ്പെടുത്തൽ നടത്തി.**

രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ യോഗത്തിൽ സംസാരിച്ചു. കൂട്ടിക്കൽ ഫൊറോന ഒഴികെ എല്ലാ ഫൊറോനാകളിലും കുടുംബക്കൂട്ടായ്മാ ഫൊറോന കൗൺസിലുകൾ പുനഃസംഘടിപ്പിക്കപ്പെട്ടതായി പ്രസിഡന്റ് യോഗത്തെ അറിയിച്ചു.

ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ പുതിയ ലിസ്റ്റ് വെരിഫിക്കേഷനു വേണ്ടി ഫൊറോന പ്രസിഡന്റുമാർക്ക് വിതരണം ചെയ്തു. ഇടവകകളിലെ യൂണിറ്റ്

തല ക്ലാസ്സുകൾ എടുക്കുവാൻ റിസോഴ്സ് ടീം സജ്ജമാണെന്ന് പ്രസിഡന്റ് യോഗ ത്തെ അറിയിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ രൂപത ആനിമേറ്റർ സി. ജെയ്സി സി.എം.സി. നമ്മുടെ സമുദായം നേരിടുന്ന ആപല്കരമായ പ്രതിസന്ധികളെക്കുറിച്ച് സംസാരിച്ചു. ചർച്ചകളിൽ ശ്രീ ഷിജു അഗസ്റ്റിൻ വെള്ളപ്ലാക്കൽ, ശ്രീ മാണി പൈക്കാട്ട്, എബ്രഹാം വടകരകാലായിൽ, ശ്രീ സെബാസ്റ്റ്യൻ ജോസഫ് പയ്യാനി മണ്ഡപം, ശ്രീ ജോ സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ സംസാരിച്ചു.

ചർച്ചകൾക്കു മറുപടി പറഞ്ഞ ബഹു. ഡയറക്ടറച്ചൻ, സഹോദരനു സംരക്ഷണം കൊടുക്കുവാൻ നമ്മൾക്ക് ബാധ്യതയുണ്ടെന്നും സമുദായത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് ബോധവല്കരണം നടത്തണ മെന്നും പറഞ്ഞു.

ഈ വിഷയങ്ങൾക്കായി കുടുംബക്കൂട്ടായ്മാഭാരവാഹികൾക്ക് 12/03/2022 ന് അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കലിന്റെ ഒരു ബോധവത്കരണ ക്ലാസ്സ് നടത്തുവാൻ തീരുമാനിച്ചു .

**ഏകദിന സെമിനാർ**

മാർച്ച് 12 ശനിയാഴ്ച പാലാ കത്തീഡ്രൽ പള്ളി അസംബ്ലി ഹാളിൽ വച്ച് കുടുംബക്കൂട്ടായ്മ ഏകദിനസെമിനാർ നടത്തപ്പെട്ടു. രാവിലെ 10.30 ന് ജപമാല പ്രാർത്ഥനയോടെ സെമിനാർ ആരംഭിച്ചു. രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആമുഖസന്ദേശം നൽകി. രൂപത ജനറൽ ബോഡി യോഗം ഇവാഞ്ചലൈസേഷൻ ശുശ്രൂഷകളുടെ ചുമതല വഹിക്കുന്ന ബഹു. വികാരി ജനറാൾ സെബാസ്റ്റ്യൻ വേത്താനത്തച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. സമുദായം നേരിടുന്ന വലിയ പ്രതിസന്ധികളെക്കുറിച്ച് ബഹു. വികാരി ജനറാൾ ദീർഘമായി സംസാരിച്ചു.

തുടർന്ന് ബഹു. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കലിന്റെ ബോധവത്കരണ ക്ലാസ് ആരംഭിച്ചു. കത്തോലിക്കാ സമുദായാംഗങ്ങൾ പ്രത്യേകിച്ചും യുവതീയുവാക്കൾ നേരിടുന്ന വളരെ ആപത്കരമായ വിപത്തുകളെപ്പറ്റി കേസ് സ്റ്റഡികൾ പ്രതിപാദിച്ചുകൊണ്ട് ക്ലാസ്സെടുത്തു.

നമ്മൾ സർപ്പങ്ങളെപ്പോലെ വിവേകികൾ ആയിരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു. സമുദായം നേരിടുന്ന ചതിക്കുഴികളെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ നിരത്തി ദീർഘമായി ക്ലാസെടുത്തു.

കുടുംബങ്ങളിൽ മാതാപിതാക്കന്മാർ യൗസേപ്പിതാവും മാതാവുമായി മാറണ മെന്നും പ്രശ്നങ്ങളും പ്രലോഭനങ്ങളും ഉണ്ടാകുമ്പോൾ ബലിപീഠത്തിലേക്കു തിരിയാൻ മക്കളെ പഠിപ്പിക്കണമെന്നും അഡ്വ. ജസ്റ്റിൻ ഓർമ്മിപ്പിച്ചു.

കുടുംബക്കൂട്ടായ്മാഭാരവാഹികൾക്കൊപ്പം ക്ഷണിക്കപ്പെട്ട പിതൃവേദി, മാതൃവേദി, ജീസസ് യൂത്ത്, S.M.Y.M ഭാരവാഹികളും സെമിനാറിൽ പങ്കെടുത്തു.

ഉച്ചഭക്ഷണത്തിനുശേഷം കുടുംബക്കൂട്ടായ്മയുടെ ഈ വർഷത്തെ പ്രവർ

ത്തനങ്ങളുടെ ഉദ്ഘാടനവും പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടത്തപ്പെട്ടു.

ഡയറക്ടർ ബഹു. ഫാ.ജേക്കബ് വെള്ളമരുതുങ്കൽ ഭാരവാഹികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കോവിഡനന്തര കൂട്ടായ്മാജീവിതത്തിലേക്ക് ഇടവക ജനങ്ങളെ തിരികെക്കൊണ്ടുവരുന്നതിന് ഭാരവാഹികൾ എല്ലാ പരിശ്രമങ്ങളും നടത്തണമെന്നും ഉദ്ബോധിപ്പിക്കുകയും ചെയ്തു. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേലും സെക്രട്ടറി ജോണി വേലംകുന്നേലും സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കൂട്ടായ്മകൾ സജീവമാക്കുന്നതിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ അംഗങ്ങൾ പങ്കുവച്ചു. സമാപന ആശിർവാദ പ്രാർത്ഥനയോടെ 3.30 ന് യോഗം സമാപിച്ചു.

**മദ്യം, മയക്കുമരുന്ന് ബോധവത്കരണ ക്ലാസ്**

19-03-2022 ശനിയാഴ്ച മൂന്നു മണിക്ക് പാലാ അഡാർട്ട് ഡി അഡിക്ഷൻ സെന്ററിൽ വെച്ച് കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായി മദ്യം, മയക്കുമരുന്ന് വിപത്തിനെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. രജിസ്ട്രേഷൻ

ഏപ്രിൽ മാസം 17-ാം തീയതി മുതൽ വിവാഹിതരാകുന്നവർക്ക് നേരിട്ടുള്ള ധ്യാനം ക്രമീകരിക്കുകയാണ്.

| വിവാഹ ഒരുക്ക ധ്യാനം നടത്തുന്ന തീയതികൾ | | |
|---|---|---|
| ഏപ്രിൽ 11-13<br>ഏപ്രിൽ 18-20 | മെയ് 2-4<br>മെയ് 23-25 | ജൂൺ 6-8<br>ജൂൺ 20-22 |

വിശദവിവരങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ 8547150049 എന്ന നമ്പറിൽ നേരിട്ടോ Whatsapp മുഖാന്തിരമോ ബന്ധപ്പെടേണ്ടതാണ്.

## B. സന്തുഷ്ടകുടുംബപദ്ധതി

2000 ആണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 52 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം മാർച്ച് മാസത്തിലേത് 5-ാം തീയതി Bank Transfer വഴി നല്കി.

## C. മാതൃ-പിതൃവേദികൾ

### 1. യൂണിറ്റ് സന്ദർശനം

മാതൃ-പിതൃവേദിയുടെ കാഞ്ഞിരത്താനം, മാൻവെട്ടം ഇടവകകളിൽ യൂണിറ്റ് സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പരിപാടികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**2. രൂപത എക്സിക്യൂട്ടീവ്**

മാതൃ-പിതൃവേദി സംയുക്തമായി എക്സിക്യൂട്ടീവ് മീറ്റിങ് മാർച്ച് 12 ശനിയാഴ്ച ഷലോമിൽ വച്ച് നടത്തപ്പെട്ടു.

**3. വല്യച്ചൻമല തീർത്ഥാടനം**

മാതൃ-പിതൃവേദി സംയുക്തമായി അരുവിത്തുറ വല്യച്ചൻമലയിലേക്കു കുരിശിന്റെവഴി നടത്തി. അരുവിത്തുറ ഫൊറോന വികാരി വെരി. റവ. ഫാ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിലും മാതൃ-പിതൃവേദി രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാസമിതി അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നല്കി.

**4. പിതൃവേദി പുതിയ യൂണിറ്റ്**

അടിവാരം, കാവാലി ഇടവകകളിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

**5. മാതൃവേദി പുതിയ യൂണിറ്റ്**

നരിയങ്ങാനം ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് മാർച്ച് 12 ന് ആരംഭിച്ചു.

**6. യൂണിറ്റ് സമ്മേളനങ്ങളും സെമിനാറും**

പിതൃവേദി പെരിങ്ങുളം, പെരുത്തുരുത്ത്, ചക്കാമ്പുഴ, അരുണാപുരം, കാക്കൂർ യൂണിറ്റ് സമ്മേളനങ്ങളിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിക്കുകയും സെമിനാർ നടത്തുകയും ചെയ്തു.

**7. മേഖലാസമ്മേളനങ്ങൾ**

കൂട്ടിക്കൽ, പ്രവിത്താനം, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, കുറവിലങ്ങാട്, കത്തീഡ്രൽ, രാമപുരം, കടനാട്, മൂലമറ്റം, തുടങ്ങനാട്, തീക്കോയി, അരുവിത്തുറ, ഭരണങ്ങാനം ഫൊറോനകളിൽ പിതൃവേദി മേഖലാ സമ്മേളനങ്ങൾ നടത്തി.

**8. ജനറൽബോഡി യോഗം**

മാർച്ച് 2-ാം തീയതി ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് International മാതൃവേദിയുടെ ജനറൽ ബോഡി യോഗത്തിൽ ഡയറക്ടറും രൂപതാഭാരവാഹികളും സംബന്ധിച്ചു.

**9. മാതൃവേദി സമ്മേളനങ്ങൾ**

കോവിഡിനുശേഷം മാതൃവേദി യൂണിറ്റ്, ഫൊറോനാസമ്മേളനങ്ങൾ പുനരാരംഭിച്ചു.

**10. മാതൃവേദി സെമിനാർ**

പെരിങ്ങുളം ഇടവകയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാറിൽ ഡയറക്ടറും രൂപതാസമിതിയംഗങ്ങളും പങ്കെടുത്തു.

**11. മാതൃവേദി നിയമാവലി പരിഷ്കരണം**

മാർച്ച് 22-ാം തീയതി മാതൃവേദി ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാ

ങ്കലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഒരുമിച്ചുകൂടുകയും നിയമാവലി പരിഷ്കരണത്തെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**D. പ്രോലൈഫ്**

**1. സമ്മേളനം**

മാർച്ച് 25-ാം തീയതി കൊല്ലത്തുവെച്ച് KCBC Prolife സമിതിയുടെ സമ്മേളനം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാസമിതി അംഗങ്ങളും പങ്കെടുത്തു.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരെഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ** കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റിക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. **മെയ് മാസം മുതൽ ആരംഭിക്കുന്ന** ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ – 9496571321.

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി മാർച്ച് മാസത്തിൽ **പൂവരണി, മോനിപ്പള്ളി, മരങ്ങോലി, കാക്കൂർ** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**പാറേമ്മാക്കൽ ഗോവർണദോർ അനുസ്മരണം**

മാർത്തോമ്മാനസ്രാണികളുടെയും ഇന്ത്യൻ ദേശീയതയുടെയും സാമൂഹികപ്രതിബദ്ധതയുടെയും വക്താവും മലയാളത്തിലെ പ്രഥമ സഞ്ചാരസാഹിത്യകൃതിയായ വർത്തമാനപ്പുസ്തകത്തിന്റെ കർത്താവുമായ പാറേമ്മാക്കൽ ഗോവർണദോറിന്റെ 223-ാം ചരമവാർഷികം രാമപുരം സെന്റ് അഗസ്റ്റ്യൻസ് പാരീഷ് ഹാളിൽ ആചരിച്ചു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വടവാതൂർ പൗരസ്ത്യ വിദ്യാപീഠം പ്രൊഫ. റവ. ഡോ. ഡൊമിനിക് വെച്ചൂർ അനുസ്മരണപ്രഭാഷണം നടത്തി. ശ്രീ ഇമ്മാനുവൽ നിധീരി അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, ജോസ് വട്ടുകുളം, ഫാ. തോമസ് വെട്ടുകാട്ടിൽ, ഫാ. ജോർജ് ഈറ്റക്കക്കുന്നേൽ, ജോബിൻ പുതിയിടത്തുചാലിൽ, അമലു അഗസ്റ്റ്യൻ, തങ്കച്ചൻ പുളിയാർമറ്റം, ജോസഫ് കച്ചിറമറ്റം, സണ്ണി മിറ്റത്താനി, ജൂലി ബിനു, ബെന്നി കോതമ്പനാനിയിൽ, മണി പി. എസ്. എന്നിവർ ആശംസകൾ നേർന്നു.

**രൂപതാകമ്മിറ്റി**

രൂപതാകമ്മിറ്റി പ്രസിഡന്റ് എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ ചേർന്നു. ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ സംഘടനാപ്രവർത്തനവും ആനുകാലികസഭ നേരിടുന്ന പ്രശ്നങ്ങളും അവതരിപ്പിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ ഗ്ലോബൽ കമ്മിറ്റി നടത്തുന്ന ക്യാമ്പിനെപ്പറ്റിയും യൂത്ത് കൗൺസിൽ രൂപീകരിക്കുന്ന കാര്യവും അവതരിപ്പിച്ചു.

**ചർച്ചകളും തീരുമാനങ്ങളും**

രൂപതാനേതൃത്വം എല്ലാ യൂണിറ്റുകളും സന്ദർശിക്കുക, യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ യൂണിറ്റു തുടങ്ങുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക. ഫൊറോനാതല വാർഷികസമ്മേളനങ്ങൾ നടത്തുക, 104-ാം ജന്മദിനം സമുചിതമായി ആചരിക്കുക എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

റബർ ആക്ട്, സിവിൽ കോഡ്, കെ-റെയിൽ എന്നിവയെപ്പറ്റി വിശദമായി പഠിച്ചു റിപ്പോർട്ട് അവതരിപ്പിക്കാൻ അഡ്വ. സണ്ണി മാന്തറ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ഡോ. നിധീഷ് നിധീരി എന്നിവരെ ചുമതപ്പെടുത്തി.

യൂത്ത് വിംഗിന്റെ രൂപതാതലസമ്മേളനം നടത്താൻ തീരുമാനിച്ചു.

ന്യൂനപക്ഷ അവകാശങ്ങളെപ്പറ്റി വിശദമായി പഠിച്ച് നോട്ട് തയ്യാറാക്കാൻ ജോസഫ് സെബാസ്റ്റ്യൻ പരുത്തിയിലിനെ ചുമതലപ്പെടുത്തി.

**ഐക്യദാർഢ്യം**

പരിശുദ്ധകുർബാന ഏകീകരണം ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം അതിരൂപത ആസ്ഥാനത്തു നടത്തുന്ന ഉപവാസസമരത്തിന് ഐക്യദാർഢ്യം

പ്രഖ്യാപിച്ചുകൊണ്ട് രൂപതാസമിതി 60 പേർ അടങ്ങുന്ന പ്രതിനിധിസംഘം ഉപവാസപ്പന്തലിൽ എത്തി. ശ്രീ ഇമ്മാനുവേൽ നിധീരി നേതൃത്വം വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ജോസ് വട്ടുകുളം, സാബു പൂണ്ടിക്കുളം, ആൻസമ്മ സാബു എന്നിവരും സംസാരിച്ചു.

**അനുസ്മരണം**

ഫാത്തിമാപുരം യൂണിറ്റ് പ്രസിഡന്റായിരുന്ന കെ.എസ്. വർക്കിയുടെ 41-ാം ചരമദിനത്തിൽ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ഫാത്തിമാപുരം പള്ളിയിൽ വിശുദ്ധകുർബാനയും കല്ലറയിൽ ഒപ്പീസും അർപ്പിച്ചു. അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ സംസാരിച്ചു. സംഘടനാഭാരവാഹികളും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ചടങ്ങുകളിൽ സംബന്ധിച്ചു.

**യൂണിഫോം**

മരങ്ങാട്ടുപിള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കു യൂണിഫോം വിതരണം ചെയ്തു. റവ. ഫാ. ജോസഫ് ഞാറക്കാട്ടിൽ, മെജോ എന്നിവർ നേതൃത്വം നൽകി.

**ഗ്ലോബൽ നേതൃത്വ ക്ലാസ്സ്**

ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഗ്ലോബൽ ഭാരവാഹികൾക്കുവേണ്ടി രണ്ടു ദിവസത്തെ നേതൃത്വ ക്ലാസ്സ് പാലാരിവട്ടം പി.ഒ.സി. യിൽ നടത്തി. പാലാ രൂപതയെ പ്രതിനിധീകരിച്ച് 11 പേർ പങ്കെടുത്തു.

**ഗ്ലോബൽ യൂത്ത് കൗൺസിൽ**

ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ യൂത്ത് കൗൺസിലിന്റെ ആദ്യയോഗം നടത്തി. പാലാ രൂപതയെ പ്രതിനിധീകരിച്ച് ആറുപേർ പങ്കെടുത്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വനിതാദിനാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനാഘോഷങ്ങൾ അരുവിത്തുറ, പാലാ, മുട്ടുചിറ, തുടങ്ങനാട് എന്നീ റീജിയണുകളുടെ ആഭിമുഖ്യത്തിൽ നടന്നു.

**അരുവിത്തുറ:** കൂട്ടിക്കൽ, തീക്കോയി, പൂഞ്ഞാർ, അരുവിത്തുറ എന്നീ ഫൊറോനകൾ ഉൾക്കൊള്ളുന്ന അരുവിത്തുറ റീജിയൺ വനിതാദിനാഘോഷം അരുവിത്തുറ സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ചു നടന്നു. അരുവിത്തുറ ഫൊറോനാ പള്ളി വികാരി ഫാ. അഗസ്റ്റ്യൻ പാലയ്ക്കാപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ്

കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. മുഖ്യവനിതാ സംരംഭകത്വ അവാർഡ് വിതരണം ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമന ഗോപാലൻ നിർവഹിച്ചു. മാതൃവേദി രൂപത പ്രസിഡന്റ് സിജി ലൂക്സൺ വനിതാദിനസന്ദേശം നടത്തി. സോൺ ഡയറക്ടർ ഫാ. ആന്റണി തോണക്കര, മേരി തോമസ്, സെലിൻ തോമസ്, ജെയിസി മാത്യു, ശാന്തമ്മ മേച്ചേരിൽ, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു. വനിതാദിന ക്വിസ് മത്സരം, കലാപരിപാടികൾ തുടങ്ങിയവ വനിതാദിനാഘോഷത്തിന്റെ ഭാഗമായി നടത്തി.

**തുടങ്ങനാട്:** തുടങ്ങനാട്, മൂലമറ്റം മേഖലകളുടെ ആഭിമുഖ്യത്തിൽ മാർച്ച് 12-ാം തീയതി മുട്ടം ടൗൺ പള്ളി പാരീഷ്ഹാളിൽ വനിതാദിനാചരണവും വനിതകളെ ആദരിക്കലും സംഘടിപ്പിച്ചു. അറക്കുളം പഴയ പള്ളി വികാരി ഫാ. സിറിയക് പുത്തേട്ടിന്റെ അദ്ധ്യക്ഷതയിൽ മുട്ടം ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ശ്രീമതി ഷൈജ ജോമോൻ ഉദ്ഘാടനം നിർവഹിക്കുകയും അഡ്വ. സി. ജോസിയ വനിതാദിനസന്ദേശം നൽകുകയും പി.എസ്.ഡബ്ല്യുഎസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ശ്രീമതി ജാസ്മിൻ അജി വിച്ചാട്ട് മോട്ടിവേഷൻ ക്ലാസ്സും ജോയി മടിയ്ക്കാങ്കൽ, പി.വി. ജോർജ്, ജോയി വട്ടക്കുന്നേൽ, ജോണി ചന്ദ്രൻകുന്നേൽ, പി.യു. തോമസ്, മേരി പോൾ, ജിഷ സാബു തുടങ്ങിയവർ പ്രസംഗിക്കുകയും ചെയ്തു. നാലിൽകൂടുതൽ മക്കളുള്ള മാതാക്കളെയും മികച്ച സംരംഭകരെയും ആദരിക്കുകയും വിവിധ കലാപരിപാടികളും മിന്നൽ ക്വിസ് പ്രോഗ്രാമും നടത്തുകയും ചെയ്തു.

**പാലാ :** പാലാ റീജിയണിന്റെ ആഭിമുഖ്യത്തിൽ അഗ്രിമ ഓഡിറ്റോറിയത്തിൽ മാർച്ച് എട്ടാം തീയതി വനിതാരത്നങ്ങളെ ആദരിക്കലും വനിതാദിനവും സംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റൂബി ജോസ് ഉദ്ഘാടനവും കടനാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ രാജു വനിതാദിനസന്ദേശവും നൽകി. കോട്ടയം ജില്ലയിലെ മികച്ച കൃഷി ഓഫീസർ ഡോ. ബിനി ഫിലിപ്പിനെ വനിതാരത്നമായി ആദരിച്ചു. ചേർപ്പുങ്കൽ, കടനാട്, രാമപുരം, പാലാ, ഭരണങ്ങാനം, പ്രവിത്താനം സോണുകളിലെ മികച്ച സംരംഭകരെ പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ ആദരിച്ചു. ശ്രീമതി മെർളി ജെയിംസ്, സൗമ്യ ജെയിംസ്, ആലീസ് ജോർജ്, ഷീലാ ബെന്നി, സിസി ജെയിംസ്, ജോയി മടിയ്ക്കാങ്കൽ തുടങ്ങിയവർ പ്രസംഗിക്കുകയും വിവിധകലാപരിപാടികളും മിന്നൽക്വിസ് പ്രോഗ്രാമും നടത്തുകയും ചെയ്തു.

**മുട്ടുചിറ :** കടുത്തുരുത്തി, കുറവിലങ്ങാട്, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ എന്നീ സോണുകൾ ഉൾപ്പെടുന്ന റീജിയണിന്റെ വനിതാദിനാഘോഷപരിപാടികൾ മുട്ടുചിറ പാരീഷ് ഹാളിൽ വച്ചു നടന്നു. ഫൊറോനാപള്ളി വികാരി ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം സി. ജോസിലിൻ D.SP ഉദ്ഘാടനം നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ മുഖ്യപ്രഭാഷണം നടത്തി. സാലിമ്മ ജോളി, ജിനി ജി ജോയി, ഫാ. ജോസഫ് മണർകാട്ട്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാലയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**അന്താരാഷ്ട്ര ജലദിനാചരണം**

ലോകജലദിനത്തോടനുബന്ധിച്ച് സംസ്ഥാന ജൽ ജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസിയായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ജലദിനാഘോഷം നടത്തി. തിരുവനന്തപുരത്ത് നടക്കുന്ന 'കേരള ജലസഭ'യിലെ നദീജല സംഗമത്തിന് മീനച്ചിൽ നദിയിലെ ജലം പാലായിൽ ശേഖരിച്ചത് ബിഷപ് മാർ ജേക്കബ് മുരിക്കൻ ആയിരുന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ജലദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മാണി സി.കാപ്പൻ എം.എൽ.എ നിർവഹിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി 'ജലസംരക്ഷണ പ്രതിജ്ഞ' ചൊല്ലിക്കൊടുത്തു. മുൻസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് റൂബി ജോസ്, ജില്ലാപഞ്ചായത്ത് മെമ്പർമാരായ ജോസ്മോൻ മുണ്ടയ്ക്കൽ, രാജേഷ് വാളിപ്ലാക്കൻ, പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിയ്ക്കയിൽ, ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ, സെക്രട്ടറി തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഐഎസ്എ ഫ്ളാറ്റ്ഫോം ജില്ലാ ചെയർമാനും പി.എസ്.ഡബ്ല്യു.എസ്. പ്രൊജക്ട് മാനേജരുമായ ഡാന്റീസ് കൂനാനിക്കലിന്റെ നേതൃത്വത്തിൽ മീനച്ചിലാറ്റിലെ ജലം സംവഹിച്ചുകൊണ്ടുള്ള 'ജലപ്രയാണം' തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു.

**സാന്തോം പ്രൊഡ്യൂസേഴ്സ് കമ്പനി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടെ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി എന്ന പേരിൽ ഒരു കാർഷിക ഉത്പാദക കമ്പനി ആരംഭിക്കുന്നു. പ്രസ്തുത കമ്പനിയുടെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ 2 ന് പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ചു പി.എസ്.ബ്ല്യൂ.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ, അഭിവന്ദ്യ പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാർ തുടങ്ങിയവർ പങ്കെടുക്കും.

**ഗ്രീൻ പ്രോട്ടോകോൾ – പാലാ രൂപതയുടെ സ്ഥാപനങ്ങളിൽ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി 3 കോളജുകൾ ഉൾപ്പടെ 6 സ്ഥാപനങ്ങളിൽ ഗ്രീൻ ഓഡിറ്റ് നടത്തുകയുണ്ടായി. ഒരു മാസം നീണ്ടുനിന്ന വിവരശേഖരണത്തിനുശേഷം ഹരിത പെരുമാറ്റചട്ടം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ സഹായസഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

**ഹൈജീൻ കിറ്റ് – അതിഥിത്തൊഴിലാളികൾക്ക്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ പി.എസ്.ഡബ്ല്യു.എസ്. രൂപതയുടെ വിവിധഭാഗങ്ങളിൽ തൊഴിൽ ചെയ്യുന്ന അതിഥിത്തൊഴിലാളികൾക്ക് സോപ്പ്, സോപ്പുപൊടി, സാനിറ്റൈസർ, മാസ്ക് അടങ്ങിയ ഹൈജീൻ കിറ്റ് വിതരണം ചെയ്തു.

**പിന്നാക്കസമുദായ വികസന കോർപ്പറേഷൻ – സംരംഭകത്വ വായ്പ സഹായം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സ്വയം സഹായ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കെ.എസ്.ബി.എസ്.ഡി.സിയുടെ വായ്പ ലഭ്യമാക്കുന്നു. 50 ഗ്രൂപ്പുകൾക്ക് പ്രസ്തുത പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നതാണ്.

**അഗ്രിമ മാർക്കറ്റ് പുനർ സമർപ്പണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പാലാ സെന്റ് തോമസ് പ്രസിനു സമീപത്തു പ്രവർത്തിക്കുന്ന അഗ്രിമ മാർക്കറ്റിന്റെ നവീകരിച്ച ബിൽഡിങ്ങിന്റെ പുനർസമർപ്പണം 2022 ഏപ്രിൽ 2 ന് നടക്കും. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നവീകരിച്ച ബിൽഡിങ്ങിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിക്കും.

**വിത്തുമേള**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് ഏപ്രിൽ 20 മുതൽ മെയ് 20 വരെ ഒരു മാസം നീണ്ടു നിൽക്കുന്ന വിത്തുമേള നടക്കും. പച്ചക്കറിവിത്തുകൾ, തൈകൾ, തെങ്ങിൻതൈകൾ, ഫലവൃക്ഷത്തൈകൾ, മറ്റു നടീൽ വസ്തുക്കൾ എന്നിവയുടെ വിപണനം നടക്കും.

**എസ്.എച്ച്.ജി. രൂപീകരണം**

പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ പുതിയ എസ്.എച്ച്.ജി./കർഷകദളം രൂപീകരണ സെമിനാർ നടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കുമ്പുക്കൽ, സിബി കണിയാംപടി തുടങ്ങിയവർ ക്ലാസ് നയിച്ചു.

**മികച്ച ഇനം തെങ്ങിൻ തൈകൾ**

കേരശ്രീ, ഗംഗാ ബോണ്ടം, കുറ്റ്യാടി, മലയൻപച്ച, ഗൗളി, DXT, TXD, 18-ാം പട്ട തുടങ്ങിയ വിവിധ ഇനം തെങ്ങിൻ തൈകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ലഭ്യമാണ്.

**തേനീച്ച വളർത്തൽ പരിശീലനവും കർഷക സംഗമവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തേനീച്ചവളർത്തൽ കർഷകസംഗമവും പരിശീലനവും പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ചു നടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംഗമം റവ.ഡോ. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കുമരകം കൃഷി വിജ്ഞാനകേന്ദ്രം ടെക്നിക്കൽ ഓഫീസർ ജോളി ജോസഫ് പരിശീലനത്തിന് നേതൃത്വം നൽകി. 90 കർഷകർ പങ്കെടുത്തു.

**വാർഷികങ്ങൾ**

പാലക്കാട്ടുമല, പിറവം, തീക്കോയി എന്നീ യൂണിറ്റുകളുടെ വാർഷികം നടന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

## KCBC സ്കോളർഷിപ്പ് വിതരണം ചെയ്തു

കഴിഞ്ഞ അധ്യയനവർഷത്തിൽ (2021) എസ്.എസ്.എൽ.സി. മുതലുള്ള വിവിധ കോഴ്സുകളിൽ പ്രശസ്ത വിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് **KCBC SC/ST/BC** കമ്മീഷൻ നൽകി വരുന്ന സ്കോളർഷിപ്പ്, പാലാ രൂപതാംഗങ്ങളായ 190 വിദ്യാർത്ഥികൾക്ക് (2, 45, 000 രൂപ) 2022 മാർച്ച് 27-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ **KCBC SC/ST/BC** കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് **KCBC SC/ST/BC** കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ വിതരണം ചെയ്തു. സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്ക് നേതൃത്വം കൊടുക്കുവാൻ ഒത്തൊരുമയോടെ നേതാക്കന്മാർ പ്രവർത്തിക്കണമെന്നും നേതാക്കന്മാർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിക്കണമെന്നും വിദ്യാഭ്യാസത്തിലൂടെയും വിവിധ പരിശീലനപരിപാടികളിലൂടെയും വിദ്യാർത്ഥികളെയും യുവജനങ്ങളെയും പുരോഗതിയിലേക്കു നയിക്കണമെന്നും അഭിവന്ദ്യ പിതാവ് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഡി.സി.എം.എസ്. പാലാ രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സംസ്ഥാന സെക്രട്ടറി ബിജി സാലസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.വൈ.പ്രസിഡന്റ് ഫെമിന സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഖജാൻജി മേരി എം.പി, ഓർഗനൈസർ ബേബി പാറയ്ക്കൽ, ജിത്തു കെ.കെ, പ്രതിഭ മൈക്കിൾ, അഭിജിത്ത്, ലിബിൻ, സെഫാനിയ, ജാൻവി, അഞ്ജലി, മാനസി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## DCMS രൂപത സ്കോളർഷിപ്പ് വിതരണം ചെയ്തു

ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ രൂപതാംഗങ്ങളായ ദളിത് കത്തോലിക്കാ കുട്ടികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് കഴിഞ്ഞ വർഷം (2021) വിവിധ കോഴ്സുകളിൽ പ്രശസ്ത വിജയം കരസ്ഥമാക്കിയ കുട്ടികൾക്കു നല്കി. 2022 മാർച്ച് 27-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം പാലാ രൂപത അധ്യക്ഷൻ മാർ. ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സഭയോട് ചേർന്ന് നിന്നുകൊണ്ട് സംഘടനാനേതാക്കന്മാർ കൂട്ടായ്മയോടെ പ്രവർത്തിച്ച് സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുവാൻ തയ്യാറാകണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. സ്കോളർഷിപ്പിന് അർഹരായ 219 കുട്ടികൾക്ക് (2,48,000 രൂപ) ഡി.സി.എം.എസ്. രൂപത സ്കോളർഷിപ്പ് വിതരണം ചെയ്തു. ഡി.സി.എം.എസ്. പാലാ രൂപത പ്രസിഡന്റ് ബിനോയ് ജോൺ, സംസ്ഥാന സെക്രട്ടറി ബിജി സാലസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഖജാൻജി മേരി

എം.പി, ഓർഗനൈസർ, ജിത്തു കെ.കെ, പ്രതിഭ മൈക്കിൾ, അഭിജിത്ത്, ലിബിൻ, സെഫാനിയ, ജാൻവി, അഞ്ജലി, മാനസി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു**

2022-25 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ഡി.സി.എം.എസ്. രൂപതാ ഭാരവാഹികളും കമ്മറ്റിയംഗങ്ങളും 2022 മാർച്ച് 27-ാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ രൂപത കൗൺസിൽ യോഗത്തിൽ സത്യപ്രതിജ്ഞ ചെയ്തു ചാർജ്ജെടുത്തു. ഡി.സി.എം.എസ്. പാലാ രൂപത പ്രസിഡന്റ് ബിനോയ് ജോൺ, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഖജാൻജി മേരി എം.പി, ഓർഗനൈസർ ബേബി പാറയ്ക്കൽ, ബിജി സാലസ്, ഫ്രാൻസിസ് ജോസഫ്, ജോസിമോൻ തോമസ് എന്നിവർ ചുമതലയേറ്റു.

**ഡി.സി.എം.എസ്. സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു**

കെ.സി.ബി.സിയുടെ അംഗീകാരത്തോടെ സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന ദലിത് കത്തോലിക്കാ മഹാജനസഭയുടെ (DCMS) 2022-25 വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളെ 2022 മാർച്ച് 26-ാം തീയതി ശനിയാഴ്ച രാവിലെ 11 മുതൽ വൈകുന്നേരം 4 മണിവരെ തിരുവല്ല ശാന്തി നിലയത്തിൽ കൂടിയ സംസ്ഥാന കൗൺസിൽ യോഗത്തിൽ വച്ച് തിരഞ്ഞെടുത്തു. കെസിബിസി എസ്.സി/എസ്. റ്റി/ബിസി കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, വിജയപുരം രൂപത ഡയറകടർ ഫാ. ജോസഫ് തറയിൽ എന്നിവർ പ്രസംഗിച്ചു. റിട്ടേണിംഗ് ഓഫീസർ ഫാ. ജോൺ അരീക്കൽ തിരഞ്ഞെടുപ്പ് ക്രമീകരണത്തിന് മേൽനോട്ടം വഹിച്ചു. പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ (ചങ്ങനാശ്ശേരി അതിരൂപത), വൈസ് പ്രസിഡന്റ് വിൻസെന്റ് ആന്റണി (കാഞ്ഞിരപ്പള്ളി അതിരൂപത), ജനറൽ സെക്രട്ടറി ജസ്റ്റിൻ പി സ്റ്റീഫൻ (തിരുവനന്തപുരം- മലങ്കര രൂപത), സെക്രട്ടറി ബിജി സാലസ് (പാലാ രൂപത) ജോ. സെക്രട്ടറി ബിജു അരുവിക്കുഴി (പാറശ്ശാല രൂപത), ഖജാൻജി എൻ ദേവദാസ് (നെയ്യാറ്റിൻകര രൂപത), ഓർനൈസർ എ.പി മാർട്ടിൻ (എറണാകുളം - അങ്കമാലി രൂപത), പി.ഒ പീറ്റർ (പാലാ രൂപത), തോമസ് രാജൻ (തിരുവനന്തപുരം- മലങ്കര), പി.ജെ. സ്റ്റീഫൻ (തിരുവനന്തപുരം- മലങ്കര രൂപത), പ്രഭലദാസ് ഡി.എസ് (നെയ്യാറ്റിൻകര രൂപത), റീത്ത എ (നെയ്യാറ്റിൻകര രൂപത), ബാബു പീറ്റർ (പാലാ രൂപത), ഷിബു ജോസഫ് (പുനലൂർ രൂപത), ത്രേസ്യാമ്മ മത്തായി (വിജയപുരം രൂപത) എന്നിവർ ഉൾപ്പെടെ 15 അംഗ സമിതിയെ തിരഞ്ഞെടുത്തു.

**വിദ്യാർത്ഥികളുടെ ക്യാമ്പ്**

ഡി.സി.എം.എസ്. പാലാ രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഡിഗ്രി മുതലുള്ള

കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്യാമ്പ് 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കാൻ അർഹരായ എല്ലാ ദലിത് കത്തോലിക്കാ വിദ്യാർത്ഥികളുടെയും ലിസ്റ്റ് (പേര്, വീട്ടുപേര്, പഠിക്കുന്ന ക്ലാസ്സ്/കോഴ്സ്, ഫോൺ നമ്പർ സഹിതം) ഇടവക വികാരിയുടെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**എൻട്രൻസ് കോച്ചിങ്, സിവിൽ സർവ്വീസ് കോച്ചിങ്**

ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 5,6,7,8,9,10,11,12 ക്ലാസ്സുകളിൽ 70% ത്തിൽ കൂടുതൽ മാർക്ക് വാങ്ങി പഠനം പൂർത്തിയാക്കിയ ദളിത് കത്തോലിക്കാ കുട്ടികൾക്ക് സിവിൽ സർവീസ് ഓറിയന്റേഷൻ ക്ലാസ്സുകളും എൻട്രൻസ് കോച്ചിങ് ക്ലാസ്സുകളും, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലായുടെയും, പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിന്റെയും നേതൃത്വത്തിൽ നടത്തുന്നതാണ്. താത്പര്യമുള്ള കുട്ടികളുടെ ലിസ്റ്റ് അപേക്ഷ സഹിതം 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**കെസിബിസി എസ്‌സി/എസ് റ്റി/ബിസി കമ്മീഷന്റെ നേതൃത്വത്തിലുള്ള വിവിധ പരിശീലന പരിപാടികൾ**

1. **TSDTP(Talent and Skill Development Training Programm)**

ദളിത് കത്തോലിക്കാ കുട്ടികളുടെ വിവിധങ്ങളായ കഴിവുകളെ വളർത്തിയെടുക്കുവാനുള്ള പരിശീലനപരിപാടിയാണ് TSDTP 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾ പരിശീലനപരിപാടികളിൽ താത്പര്യമുണ്ടെങ്കിൽ 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്.

2. **സിംഫണി ആർട്സ്**

ദളിത് കത്തോലിക്കാ കുട്ടികളുടെയും യുവജനങ്ങളുടെയും കലാപരമായ കഴിവുകളെ വളർത്തിയെടുക്കുന്നതിനും പരിശീലനം കൊടുക്കുന്നതിനും വേണ്ടി തുടങ്ങിയതാണ് സിംഫണി ആർട്സ്. ഈ പരിശീലനപരിപാടിയിൽ ചേരാൻ ആഗ്രഹിക്കുന്നവർ 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. **പി.എസ്.സി കോച്ചിങ്**

10-ാം ക്ലാസ്സ് കഴിഞ്ഞ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി ലാലച്ചൻ അക്കാദമിയുടെ നേതൃത്വത്തിൽ പി.എസ്.സി. കോച്ചിങ് ക്ലാസ്സുകൾ നടത്തുന്നതാണ്. താത്പര്യമുള്ളവർ 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ്. പാലാ രൂപതാ ഓഫീസിൽ പേര് രജിസ്ട്രർ ചെയ്യേണ്ടതാണ്.

4. **എൻട്രൻസ് കോച്ചിങ്, സിവിൽ സർവ്വീസ് കോച്ചിങ്**

10,11,12 ക്ലാസ്സുകളിൽ 80% ത്തിൽ കൂടുതൽ മാർക്ക് വാങ്ങി പഠനം പൂർത്തിയാക്കിയ ദളിത് കത്തോലിക്കാ കുട്ടികൾക്ക് എൻട്രൻസ് കോച്ചിങ് ക്ലാസ്സ്

പാലാ ബ്രില്യന്റ് സ്റ്റഡി സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. താത്പര്യമുള്ള കുട്ടികളുടെ ലിസ്റ്റ് അപേക്ഷ സഹിതം 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**അറിയിപ്പുകൾ**

**a. റിപ്പോർട്ട്**

ഡി.സി.എം.എസ്. യൂണിറ്റ്, മേഖല, വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവയും പുതുക്കിയ രജിസ്ട്രേഷൻ ഫാറങ്ങളും തരാത്തവർ യൂണിറ്റ് പ്രസിഡന്റ്, ഡയറക്ടറുടെ സാക്ഷിപ്പോടുകൂടി 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**b. വിദ്യാഭ്യാസ വായ്പാ പദ്ധതി**

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് യൂണിറ്റ് കമ്മിറ്റിയുടെയും, ഡയറക്ടറുടെയും ശുപാർശയോടുകൂടി വിദ്യാഭ്യാസ പലിശരഹിത വായ്പയ്ക്കായി 2022 ഏപ്രിൽ 15 നകം ഡി.സി.എം.എസ് പാലാ രൂപത ഓഫീസിൽ അപേക്ഷിക്കേണ്ടതാണ്.

**c. കുടിശ്ശിഖ നിവാരണം**

പ്രൊഫഷണൽ വിദ്യാഭ്യാസ പലിശരഹിത വായ്പ നേരത്തേ എടുത്തിട്ടുള്ളവർ അതിന്റെ കുടിശ്ശിഖ തുക ഏപ്രിൽ 30 നകം അടച്ചു തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**വാർഷികാഘോഷം**

പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിന്റെ വാർഷികാഘോഷത്തിൽ ഡയറക്ടർ അച്ചനും ബ്രദർ റീജന്റ് സെബിൻ പ്ലാത്തോട്ടവും പങ്കെടുത്തു.

ഏന്തയാർ ശാന്തിനിലയത്തിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

പാലാ രൂപതയുടെ പരിധിയിലുള്ള എല്ലാ കെയർ ഹോംസ് സ്ഥാപനങ്ങളുടെയും റിപ്പോർട്ടും സ്ഥാപനചരിത്രവും ശേഖരിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഇടവകകളിൽ കെ.എൽ.എം യൂണിറ്റ് രൂപീകരണം**

ഇടവകകളിൽ കെ.എൽ.എം. യൂണിറ്റ് രൂപീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഷാലോം പാസ്റ്റർ സെന്ററിലുള്ള കെ.എൽ.എം. ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: **Mob: 8304981275 (O), 9400661492 (P).**

**2. പേഴ്സണൽ കെയർ കിറ്റ് വിതരണം**

അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള പേഴ്സണൽ കെയർ കിറ്റ് വിതരണം നടത്തി.

**3. KLM കനിവ് ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ**

വയസ്സ് - 5 മുതൽ 70 വയസ്സ് വരെ (18 വയസ്സിൽ താഴെയുള്ള കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ചേരാവുന്നതാണ്.)

ഫാമിലി ഡെഫിനിഷൻ - കുടുംബനാഥൻ, കുടുംബനാഥ, മക്കൾ

KLM സംസ്ഥാന കമ്മിറ്റിയും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും ചേർന്നാണ് ഈ പോളിസി വിഭാവനം ചെയ്തിരിക്കുന്നത്.

**പ്രീമിയം**

1. ഒരു വ്യക്തി (18 വയസ്സിന് മുകളിൽ) - Rs.400/-
2. 2 വ്യക്തികൾ (ഭാര്യ + ഭർത്താവ്) - Rs.590/-
   (ഭാര്യയ്ക്ക് അപകട സംഇൻഷ്വറൻസ് 2 ലക്ഷവും, ചികിത്സാസഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ)
3. ഭർത്താവ്, ഭാര്യ, ഒരു കുട്ടി - Rs.770/-
   (ഭാര്യയ്ക്കും കുട്ടിക്കും അപകട സംഇൻഷ്വറൻസ് 2 ലക്ഷവും, ചികിത്സാസഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ)
4. ഭർത്താവ്, ഭാര്യ, രണ്ട് കുട്ടികൾ - Rs.950/-
   (ഭാര്യക്കും കുട്ടികൾക്കും അപകട സംഇൻഷ്വറൻസ് 2 ലക്ഷവും ചികിത്സാസഹായം 50,000/- വരെയും ലഭിക്കുകയുള്ളൂ)

**4. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. **Mob: 8304981275 (O), 9400661492 (P)**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവത്കരണ ക്ലാസ്സുകൾ**

മാമ്പുഴക്കരി ക്രിസ് സെന്റർ ( മാർച്ച് 5) ആലപ്പുഴ പഴയങ്ങാടി ഫൊറോന പാരീഷ് ഹാൾ (മാർച്ച് 5) ഐ.സി.ഡി.എസ്. കടുത്തുരുത്തി ( മാർച്ച് - 7 ) ചേപ്പുംപാറ ഫൊറോന പാരീഷ് ഹാൾ (മാർച്ച് - 7), നെടുംകുന്നം ഫൊറോന പരീഷ് ഹാൾ (മാർച്ച് 7), SB കോളേജ് ചങ്ങനാശ്ശേരി (മാർച്ച് - 8), കുടമാളൂർ ഫൊറോന പരീഷ് ഹാൾ (മാർച്ച് - 10), ഏറ്റുമാനൂർ പാരീഷ് ഹാൾ (മാർച്ച് - 10).

**2. പുസ്തകപ്രകാശനം**

ഡോ. ജോയി ഫ്രാൻസീസും എൻ.എം. സെബാസ്റ്റ്യനും സംയുക്തമായി രചിച്ച 'സൂക്ഷിച്ചാൽ ദുഖിക്കേണ്ട' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം മാർച്ച് 25 ഉച്ചകഴിഞ്ഞ് 2.30 ന് പാലാ ബിഷപ്പ്സ് ഹൗസിൽ നടന്നു. ആദ്യപ്രതി രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട്, അഡാർട്ട് ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കലിനും കാർമൽ ആശുപത്രി അഡ്മിനിട്രേറ്റർ സി. സിൽവീന സി.എം.സി.ക്കും നൽകി കൊണ്ട് പ്രകാശനം ചെയ്തു. അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജയിംസ് പൊരുന്നോലിൽ എന്നിവർ സംബന്ധിച്ചു.

**3. പ്രസംഗം, ഉപന്യാസം എന്നീ മത്സരങ്ങളുടെ സമ്മാനവിതരണം**

സ്കൂൾ കുട്ടികൾക്കായി അഡാർട്ട് നടത്തിയ പ്രസംഗ ഉപന്യാസ മത്സരങ്ങളിൽ വിജയികളായവർക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നല്കി.

**4. കുടുംബക്കൂട്ടായ്മ ലീഡേഴ്സ് ബോധവത്കരണ സെമിനാർ**

കെ.സി.ബി.സി. മദ്യവിരുദ്ധദിനത്തോടനുബന്ധിച്ച് പാലാ രൂപത മദ്യവിമുക്തി കേന്ദ്രമായ അഡാർട്ടിൽ വച്ച് രൂപത കുടുംബക്കൂട്ടായ്മ ഭാരവാഹി കൾക്കായി മാർച്ച് 19-ാം തിയതി ബോധവത്കരണ സെമിനാർ നടത്തി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു. പാലാ രൂപത കുടുംബക്കൂട്ടായ്മ കോഡിനേറ്റർ ശ്രീ തോമസ് വടക്കേൽ നന്ദി പ്രകാശിപ്പിച്ചു.

**5. സംസ്ഥാന ട്രെയിനിങ് പ്രോഗ്രാം**

കേരളത്തിലെ എല്ലാ ഡീ-അഡിക്ഷൻ സെന്ററുകളിലെയും നേഴ്സു മാർക്കും വാർഡ് ബോയ്സിനുമായി കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ (NISD) സഹകരണത്തോടെ ചങ്ങനാ ശ്ശേരി ചാസിന്റെ കീഴിലുള്ള SLCA യുടെ ആഭിമുഖ്യത്തിൽ മാർച്ച് 14,15,16 തീയതികളിൽ ട്രെയിനിംഗ് പ്രോഗ്രാം നടത്തി. അഡാർട്ടിൽനിന്ന് മൂന്നു പേർ പങ്കെടുത്തു.

**6. എ.എ. മീറ്റിംഗ്**

മാർച്ച് 6, 13, 20, 27 തീയതികളിൽ ഉച്ചകഴിഞ്ഞ് 1.45 മുതൽ 3.15 വരെ ലഹരി വിമുക്തരുടെ കൂട്ടായ്മയായ എ.എ മീറ്റിംഗ് ഓൺലൈനിലൂടെയും അഡാർട്ടിലും വച്ച് നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ.ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി. പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സ് നയിച്ചു.

**7. അനുമോദനങ്ങൾ**

മിസ്റ്റർ സൗത്ത് ഇന്ത്യ 90 കിലോ വിഭാഗത്തിൽ ക്ലാസ് ഫസ്റ്റ് ഗോൾഡ് മെഡലിന് അർഹനായ പി.റ്റി. ജോസ് പുളിക്കലിനെ പാലാ അരമനയിൽ നടന്ന സമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് അഭിനന്ദിക്കുകയും ക്യാഷ് അവാർഡ് നല്കി ആദരിക്കുകയും ചെയ്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിന്റെ സമ്മാനങ്ങൾ പൊതുവായി വിതരണം ചെയ്യുന്നില്ല. മറിച്ച് സെന്ററിന്റെ ചുമതലയുള്ള വ്യക്തി ഓഫീസിൽനിന്ന് ഒരുമിച്ച് വാങ്ങിക്കേണ്ടതാണ്.

**ലോഗോസ് ക്വിസ് 2022 പഠനവിഷയം**

**ജോഷ്വാ 1-12, പ്രഭാഷകൻ 23-26**

**1 കൊറി 9-16, മർക്കോസ് 9-16**

രജിസ്ട്രേഷൻ 2022 ജൂൺ 1 ആരംഭിച്ച് 2022 ജൂലൈ 31 അവസാനിക്കും.

പരീക്ഷാത്തീയതി - 2022 സെപ്തംബർ 25, സമയം 2.00 pm - 3.30 pm

അടുത്ത വർഷത്തേക്കുള്ള ഒരുക്കങ്ങൾ നമുക്ക് ആരംഭിക്കാം.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം മാർച്ച് 29-ാം തീയതി ചൊവ്വാഴ്ച നടത്തപ്പെട്ടു. മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും എൽ.എസ്.എസ്. ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെക്കുറിച്ചും ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചും പങ്കുവെച്ചു. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സേവനസമിതി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. കരിസ്മാറ്റിക് നവീകരണശുശ്രൂഷകൾ കാലാനുസൃതമായ നവീകരണം വരുത്തുവാനും എല്ലാ നവീകരണശുശ്രൂഷകളും ശുശ്രൂഷാസമിതികളെയും ഏകോപിപ്പിച്ചുകൊണ്ട് ഈ കാലഘട്ടത്തിൽ മുന്നേറണമെന്നുമാണ് ജേക്കബ് അച്ചൻ സേവനസമിതി അംഗങ്ങളെ ഓർമിപ്പിച്ചത്. കോവിഡ് ഈ കാലഘട്ടത്തിൽ മന്ദീഭവിച്ചുപോയ എല്ലാ പ്രവർത്തനങ്ങളും പുനരാരംഭിക്കണമെന്നും പ്രാർത്ഥനയും പ്രവർത്തനവും ഏകോപിപ്പിക്കാൻ ശ്രദ്ധിക്കണമെന്നും അച്ചൻ നിർദ്ദേശിച്ചു. അച്ചന്റെ സമാപന ആശിർവാദപ്രാർത്ഥനയോടെ ശുശ്രൂഷാ സമ്മേളനം അവസാനിച്ചു.

**2. L.S.S. (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേകാനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്. നമ്മുടെ രൂപത സോണിൽനിന്നും IV$^{th}$ ബാച്ചിൽ 150 പേർ ഈ ശുശ്രൂഷയിൽ

പങ്കെടുത്ത് ശുശ്രൂഷകൾ പൂർത്തിയാക്കി. ഇവർക്കുള്ള തുടർപരിശീലനം 11 സബ് സോണുകൾ കേന്ദ്രീകരിച്ച് നടത്തി.

കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ മുൻപന്തിയിൽ എത്തുവാൻ പരിശുദ്ധാത്മാവ് സഹായിച്ചു. അടുത്ത ബാച്ച് എൽ.എസ്.എസിനുള്ള ശുശ്രൂഷ ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഈസ്റ്റർ കഴിഞ്ഞു വരുന്ന ആഴ്ചകളിൽ ശുശ്രൂഷകൾ ആരംഭിക്കും.

**3. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

'യുവജനപ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവരോടൊപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് YU4C. ആയിരം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക, മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ YU4C ഞായറാഴ്ച പ്രാർത്ഥനാശുശ്രൂഷയിൽ 70 പേർ പങ്കെടുക്കുന്നു. പെരിങ്ങുളം, ജിയോവാലി, തിടനാട് എന്നീ ഇടവകകളിൽ അർദ്ധദിന ശുശ്രൂഷകൾ നടത്തപ്പെട്ടു. യുവജനങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് പ്രത്യേക ക്ലാസും നൽകി. മാതാപിതാക്കളും ശുശ്രൂഷയിൽ പങ്കെടുത്തിരുന്നു. ഡയറക്ടർ റവ.ഫാ ജേക്കബ് വെള്ളമരുതുങ്കൽ, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ, സജി കുരിശുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകുന്നു.

**4. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലു മണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. എല്ലാ ഞായറാഴ്ചകളിലും 2 മണി മുതൽ 2.30 വരെ രൂപതാ കരിസ്മാറ്റിക് ശുശ്രൂഷകൾക്ക് ആമുഖമായി കുട്ടികൾ നന്ദി സ്തുതി ആരാധന നടത്തുന്നു. കുട്ടികളോടൊപ്പം മാതാപിതാക്കന്മാരും നന്ദി സ്തുതി ആരാധനയിൽ പങ്കെടുക്കുന്നു. അമ്മമാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. കുട്ടികൾക്കായി മുത്തോലി, പറത്താനം എന്നി ദൈവാലയങ്ങളിൽ അർദ്ധദിന ശുശ്രൂഷകൾ നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകി.

**5. പ്രാർത്ഥനാകൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1.30 മുതൽ 4.30 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തുന്നു. 2022 മാർച്ച് 6 ന് റവ. സി. ജ്യോതി ഡി.എസ്.റ്റി, 13 ന് റവ. ഫാ. എൽകിൻ ജോസഫ്, 20 ന് റവ. സി. ക്രിസ്റ്റീന എം.എസ്.എം.ഐ. 27 ന് ശ്രീ. കെ. കെ. ജോസഫ് എന്നിവരാണ് വചനം പങ്കുവയ്ക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ സേവന സമിതി ഇതിനു നേതൃത്വം നൽകുന്നു.

**6. കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ച കളിലും രാവിലെ 9.30 മുതൽ 2 മണി വരെ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതി, ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ശ്രീ മാത്യുകുട്ടി താന്നി ക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**7. മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ചമുതൽ ശനിയാഴ്ചവരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിനു നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിന വചനംവിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**8. കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ.എസ്.എ സ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരു തുങ്കലിന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനകൾ നടത്തി. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് 14 പേർ സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സമാപന പ്രാർത്ഥനയും സന്ദേശവും നൽകുന്നു. ഏകദേശം 150 കുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**9. കേരള കാരിസ് സർവീസ് ഓഫ് കമ്മ്യൂണിയൻ (KCSC) യുടെ (കരിസ്മാറ്റിക് സെൻട്രൽ ടീം എമ്മാവൂസ്) പാലാ സോൺ സന്ദർശനം.**

KCSC യുടെ പാലാ സോൺ സന്ദർശനം 2022 മാർച്ച് 10 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ പാലാ ളാലം സെന്റ് മേരീസ് പള്ളി പാരിഷ് ഹാളിൽ വച്ച് 'കരുതൽ 2' എന്നപേരിൽ കോവിഡ്-19 മാനദണ്ഡങ്ങളനുസരിച്ച് നടത്തപ്പെട്ടു. KCBC കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി & KCSC

കോർഡിനേറ്ററുമായ റവ.ഫാ. ജോസഫ് താമരവെളി, പാലാ രൂപത കരിസ്മാറ്റിക് ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

സോണൽ സേവനസമിതി അംഗങ്ങൾ, KAC അംഗങ്ങൾ, 18 സബ് സോൺ കോർ ടീം അംഗങ്ങൾ, സോണൽ മിനിസ്ട്രികളുടെയും കൗൺസിലുകളുടെയും കോർ ടീം അംഗങ്ങൾ, YU4C (യൂത്ത്) സോണൽ അഡ്ഹോക് ടീം അംഗങ്ങൾ, സിസ്റ്റേഴ്സ് മിനിസ്ട്രി സോണൽ ടീം അംഗങ്ങൾ, മുൻ സോണൽ കോഡിനേറ്റർമാർ, സബ് റീജണൽ കൺവീനർ എന്നിവർ പങ്കെടുത്തു.

**10. സബ് സോണൽ സന്ദർശനം**

പാലാ രൂപതയിലെ 17 ഫൊറോനാ ദൈവാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 18 കരിസ്മാറ്റിക് സബ് സോണുകൾ പുതിയതായി ചുമതലയേറ്റ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലും സോണൽ സേവനസമിതി അംഗങ്ങളും ഒന്നിച്ച് സന്ദർശിച്ചു. ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയുകയും ഭാവി പ്രവർത്തനങ്ങൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. പിന്നീട് ദൈവാലയങ്ങളിൽ ഒന്നിച്ചുകൂടി പ്രാർത്ഥനാശുശ്രൂഷയും നടത്തപ്പെട്ടു.

പ്രതീക്ഷാനിർഭരമായ സ്വാഗതമാണ് എല്ലായിടത്തുനിന്നും ലഭിച്ചത്. ഈ സന്ദർശനത്തിനു ബഹുമാനപ്പെട്ട ഫൊറോന വികാരി അച്ചന്മാർ നല്കിയ നിർലോഭമായ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി.

**11. രാത്രി ആരാധന**

രൂപത കരിസ്മാറ്റിക് സേവന സമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നു വരുന്ന രാത്രി ആരാധന മാർച്ച് 26-ാം തീയതി ശനിയാഴ്ച വൈകിട്ട് 4.30 മുതൽ രാത്രി 9 വരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടത്തപ്പെട്ടു. റവ.സി. ജോസി എർത്തെടത്ത് സി.എം.ഐ വചനം ശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടന കേന്ദ്രം ഡയറക്ടർ റവ.ഫാ. ജോസഫ് വള്ളോംപുരയിടം, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശുശ്രൂഷ കോഡിനേറ്റർ ജോർജുകുട്ടി ഞാവള്ളിൽ, രൂപത സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവ ധ്യാനം, രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപ ശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം മാർച്ച് 12 ന് നടത്തുകയുണ്ടായി. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലൈവായും ലഭ്യമാണ്.

**2.** കലർപ്പില്ലാത്ത കത്തോലിക്ക ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ

ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചു കൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വ കാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യപ്പെട്ടി രിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാ ന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ *ആഭ്യന്തരഹർമ്മ്യ ആത്മീയത* എന്ന പേരിൽ നൽകിക്കൊ ണ്ടിരിക്കുന്നു.

**3.** കോവിഡ്-19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, *ദൈവ ശക്തി വ്യാപരിക്കുന്നു* എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നും തിരഞ്ഞെ ടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**4.** മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമി ക്കുന്നു.

**5.** മാർച്ച് 23 മുതൽ 27 വരെ തീയതികളിൽ വൈകുന്നേരം 5 മുതൽ 9 വരെ വെള്ളിയാമറ്റം സെന്റ് ജോർജ് ഇടവകയിൽ വാർഷികധ്യാനം നടത്തി. ജോസ് ടോം കാടൻകാവിൽ, സണ്ണി മാന്നാത്ത്, വത്സമ്മ സണ്ണി എന്നിവർ ശുശ്രൂഷകളിൽ സഹകാരികളായി.

**6.** ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 37: മരണസമയപോരാട്ടം - ദ്രവ്യാസക്തിയുടെ നരകക്കെണി; പുസ്തകം 38: മരണസമയപോരാട്ടം - ജഡികാസക്തിയുടെ നരകക്കെണി! പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**മീറ്റിംഗ്**

1. അരുവിത്തുറ പള്ളിയിൽവച്ച് ഡിഎഫ്സി ഫൊറോനാ മീറ്റിംഗ് കൂടി
2. ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു.

**ദീപികപത്ര പ്രചരണം**

സ്കൂളുകളിൽ അധ്യാപകകോപ്പികൾക്കുള്ള പ്രവർത്തനം ആരംഭിച്ചു.

**ദീപിക പ്രൊമോട്ടേഴ്സ് ടീം രൂപീകരണം**

ഇടവകതലത്തിൽ ദീപിക പ്രൊമോട്ടേഴ്സ് തിരഞ്ഞെടുപ്പ് നടന്നുകൊ ണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)






## സി. ജയിൻ ഫ്രാൻസീസ് സി.എം.സി

പാലാ രൂപത കരൂർ ഇടവകയിൽ ഞാവള്ളിൽ വിലങ്ങുപാറ കുടുംബത്തിൽ മത്തായി-അന്ന ദമ്പതികളുടെ 8 മക്കളിൽ ആറാമത്തെ സന്താനമായി 1929 ആഗസ്റ്റ് 19 ന് സി. ജയിൻ ഫ്രാൻസീസ് ഭൂജാതയായി. 1949 ൽ പാലാ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എൽ.സി. പാസായി. 1950 ൽ ചങ്ങനാശ്ശേരി പ്രൊവിൻസിൽപ്പെട്ട ഇഞ്ചിയാനി മഠത്തിൽ സന്ന്യാസാർത്ഥിനിയായി ചേർന്നു. പാലാ പ്രൊവിൻസ് സ്ഥാപിതമാപ്പോൾ രാമപുരം മഠത്തില്ക്കു ചേർന്നു. 1952 ൽ ആദ്യവ്രതവും 1956 ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

റ്റി.റ്റി.സി. പഠനത്തിനുശേഷം രാമപുരം ഗേൾസ് സ്കൂളിൽ അദ്ധ്യാപികയായി നിയമിക്കപ്പെട്ടു. ദീർഘകാലം രാമപുരം സ്കൂളിൽ പ്രവർത്തിച്ചിരുന്ന അമ്മയ്ക്ക് 1977 ൽ കരൂർ മഠത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. അവിടെ മഠത്തിന്റെ സുപ്പീരിയർ ജോലിയും സ്കൂളിലെ അദ്ധ്യാപനശുശ്രൂഷയും സ്തുത്യർഹമാംവിധം നിർവഹിച്ചു. ഈശോയോടുള്ള ആഴപ്പെട്ട സ്നേഹത്തിലും പ്രേഷിതതീക്ഷ്ണതയിലും മുന്നിട്ടുനിന്നിരുന്ന അമ്മ അധികാരികളുടെ ആഗ്രഹപ്രകാരം ഉജ്ജയിൻ, ഛാന്ദാ, ജഗദൽപൂർ എന്നീ മിഷൻ പ്രദേശങ്ങളിൽ ഏതാനും വർഷങ്ങൾ സേവനം അനുഷ്ഠിച്ചു. പരിമിതമായ സാഹചര്യങ്ങളിൽ ഏറെ കഷ്ടപ്പാടുകൾ സന്തോഷത്തോടെ സ്വീകരിച്ച്, പാവപ്പെട്ട ജനങ്ങളുടെ ആത്മീയോൽക്കർഷത്തിനായി സ്വയം വ്യയം ചെയ്യുന്നതിൽ അമ്മ ദൈവികാനന്ദം അനുഭവിച്ചിരുന്നു. കാങ്കർ, കൊണ്ടഗാവ്, ഏലൂർ, ഉൺഡ്രാജവരം, ഉജ്ജയിൻ എന്നീ മഠങ്ങളിലെ അമ്മയുടെ സാന്നിധ്യം ഏറെ സന്തോഷം പകരുന്നതും പ്രചോ

ദനാത്മകവുമായിരുന്നു. കാങ്കർ, കൊണ്ടഗാവ് എന്നിവിടങ്ങളിൽ അമ്മ സുപ്പീരിയറായും സേവനം ചെയ്തു. 1984 ൽ സ്കൂൾ ജോലിയിൽനിന്നു വിരമിച്ചശേഷവും ഏതാനും വർഷങ്ങൾ അമ്മ മിഷൻ സ്ഥലങ്ങളിൽ ത്തന്നെയായിരുന്നു. പിന്നീട് തുടങ്ങനാട് റാണിഗിരിഹോസ്പിറ്റലിൽ 4 വർഷം അഡ്മിനിസട്രേറ്ററായി സേവനം ചെയ്തു. 1993 ൽ രാമപുരം മഠത്തിൽ തിരിച്ചെത്തിയ അമ്മ രോഗികളായ സഹോദരിമാരെ പരിചരിക്കുന്നതിനും ചുറ്റുമുള്ള പാവപ്പെട്ടവരെ ഉദ്ധരിക്കുന്നതിനും ഏറെ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. അധ്യാപനത്തിലായിരുന്നപ്പോഴും പിന്നീടും സ്കൂൾ ഓഫീസ് സംബന്ധമായ കണക്കുകളും മറ്റും കൃത്യമായി ചെയ്യുന്നതിന് പ്രത്യേക താൽപര്യവും ശ്രദ്ധയും പുലർത്തിയിരുന്നു. 2002 ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണജൂബിലി ആഘോഷിക്കാനും നല്ലവനായ ദൈവംകൃപ നൽകി.

സമൂഹാംഗങ്ങളുടെ നന്മകാണാനും പ്രോത്സാഹിപ്പിക്കാനുമുള്ള വിശാലമനസ്, മാതൃഹൃദയം, ആഴമായ പ്രാർത്ഥനാചൈതന്യം, ത്യാഗസന്നദ്ധത, നിഷ്കളങ്കത, പ്രസന്നഭാവം, ജീവിതലാളിത്യം, വിധേയത്വമനോഭാവം, ആത്മാക്കളുടെ രക്ഷയിലുള്ള തീക്ഷ്ണത, ദൈവതിരുമനസിനോടും അധികാരികളോടുമുള്ള വിധേയത്വം, കണ്ടുമുട്ടുന്ന എല്ലാവരോടും വാത്സല്യത്തോടെയുള്ള കരുതലും സ്നേഹവും എന്നീ ഗുണങ്ങൾ അമ്മയിൽ വിളങ്ങി ശോഭിച്ചിരുന്നു. 16-02-2022 ഉച്ചകഴിഞ്ഞ് ഹൃദയസ്തനംമൂലം അമ്മ നിത്യതയിലേക്കു യാത്രയായി. 17-ാം തീയതി രാവിലെ 9 മണിക്ക് ബഹു. മാണി കൊഴുപ്പൻകുറ്റി അച്ചൻ മഠം ചാപ്പലിൽ ദിവ്യബലി അർപ്പിച്ചു. രാമപുരം ഫൊറോനാ വികാരി വെരി റവ. ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ അനുശോചനസന്ദേശം നൽകി. തുടർന്ന് അമ്മയുടെ ബന്ധുവായ ബഹു. തോമസ് ഞാവള്ളിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്ന സംസ്കാരശുശ്രൂഷകൾക്കു ശേഷം മൃതദേഹം രാമപുരം ഫൊറോനാപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. അമല മുഖാലയിൽ എഫ്.സി.സി.

പാലാ രൂപത തീക്കോയി ഇടവക മുഖാലയിൽ ജോസഫ്, മറിയം ദമ്പതികളുടെ 9 മക്കളിൽ നാലാമത്തെ സന്താനമായി 1944 ഒക്ടോബർ 25-ന് സി. അമല ഭൂജാതയായി. തീക്കോയി സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും എസ്. എസ്. എൽ.സി. പാസ്സായ സിസ്റ്റർ 1966

ഒക്ടോബർ 4-ാം തീയതി വിമലഗിരി നൊവിഷ്യേറ്റ് ഹൗസിൽ അർത്ഥിനിയായി ചേർന്നു. 1958 ഏപ്രിൽ 6-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച് സി. അമല എന്ന പേര് സ്വീകരിച്ചു. 1973 മെയ് 5 ന് നിത്യവ്രതവാഗ്ദാനം ചെയ്തു.

സി. അമലയിൽ വിളങ്ങിയിരുന്ന കലാപരമായ വാസനകൾ തിരിച്ചറിഞ്ഞ അധികാരികൾ സിസ്റ്ററിനെ ഡ്രോയിംഗും പെയിന്റിംഗും പഠിക്കുവാൻ അയയ്ക്കുകയും 1969-ൽ പഠനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഒരു ഡ്രോയിംഗ് ടീച്ചർ എന്ന നിലയിൽ സി. അമല വിവിധ സ്കൂളുകളിലായി തന്റെ അദ്ധ്യാപനജോലി സ്തുത്യർഹമായ രീതിയിൽ നിർവ്വഹിച്ചു. മഞ്ഞാമറ്റം, രത്നഗിരി, കോതനല്ലൂർ, ആശാനിലയം, പാളയം എന്നീ മഠങ്ങളിൽ താമസിച്ച് അദ്ധ്യാപനത്തോടൊപ്പം മറ്റു ഉത്തരവാദിത്വങ്ങളും സ്തുത്യർഹമാംവിധം സി. അമല നിർവ്വഹിച്ചു. ഒരു മിഷനറി എന്ന നിലയിൽ പാലാ പ്രൊവിൻസിന്റെ മിഷൻ കേന്ദ്രമായിരുന്ന പഞ്ചാബിലും 3 വർഷക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഒരു വിശുദ്ധയാവുക, പ്രാർത്ഥനയും പ്രവർത്തനവുംവഴി ദൈവാനുഭവത്തിൽ ജീവിക്കുക, മദ്ധ്യസ്ഥപ്രാർത്ഥനവഴി ലോകത്തിനു മുഴുവൻ വേണ്ടി പ്രാർത്ഥിക്കുക തുടങ്ങിയവയായിരുന്നു സി. അമലയുടെ ജീവിത ലക്ഷ്യങ്ങൾ. 2018-ൽ വ്രതാനുഷ്ഠാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു സിദ്ധിച്ചു.

പലവിധ രോഗങ്ങളാൽ അലട്ടപ്പെട്ടിരുന്നെങ്കിലും അമ്മ ആ വേദനകളെല്ലാം ശാന്തതയോടെ, നിശ്ശബ്ദമായി സഹിച്ചു. 2022 മാർച്ച് 12-ന് സി. അമല നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 13.03.2022 ഞായർ രാവിലെ 10.30 ന് പാളയം മഠംവക ചാപ്പലിൽ ബഹു. ഫാദർ അരുൺ ഇലവുങ്കൽ OFM Cap. ദിവ്യബലി അർപ്പിക്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് അമ്മയുടെ മൃതദേഹം പാളയം പള്ളി വികാരി ബഹു. മാത്യു അറയ്ക്കപ്പറമ്പിലച്ചന്റെയും ബഹു. അരുൺ അച്ചന്റെയും കുടുംബാംഗങ്ങളുടെയും സന്ന്യാസസഹോദരങ്ങളുടേയും ഇടവകജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ പാളയം സെന്റ് മൈക്കിൾസ് പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. ദൈവാലയത്തിൽ പാലാ രൂപതാ വികാരി ജനറാൾ ബഹുമാനപ്പെട്ട മോൺ. ജോസഫ് തടത്തിലച്ചൻ അനുശോചനസന്ദേശം നൽകുകയും സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. മൃതദേഹം പാളയം പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.




## MARCH 2022

| | | |
|---|---|---|
| 01 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 02 | 05.30 pm | ഉള്ളനാട് ഇടവകയിൽ തലശ്ശേരി രൂപതാംഗമായ ബഹുമാനപ്പെട്ട അരീക്കാട്ട് തോമസച്ചന്റെ ഭൗതിക ദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 03 | 09.30 am | വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ സിനഡൽ സെമിനാരി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 04 | 10.30 am | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.15 pm | പ്ലാശനാൽ ഇടവകയിൽ നവീകരിച്ച പുരാതനകിണറിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 05 | 08.00 am | മാർ സ്ലീവാ മെഡിസിറ്റിയിൽ നവീകരിച്ച എം.ഡി. ഓഫീസിന്റെ ആശീർവാദകർമ്മം നിർവ്വഹിക്കുകയും മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. |
| | 09.30 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ നവസംരംഭക ഉച്ചകോടി ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 11.30 am | ളാലം പുത്തൻപള്ളി ഇടവകയിൽ മാർ സ്ലീവാ ക്ലാരിസ്റ്റ് സന്ന്യാസിനി സമൂഹം പുതുതായി നിർമ്മിക്കുന്ന ആശ്രമഭവനത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. |
| | 03.30 pm | വെള്ളിയാമറ്റം ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 07 | 10.30 am | സീറോ മലബാർ സിനഡൽ സെമിനാരി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.00 pm | അരുവിത്തുറ ഫൊറോനയിൽ വെട്ടുകാട്ടിൽ ശ്രീമതി അന്നമ്മ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.15 pm | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിൽ സജോക് സൊസൈറ്റിയുടെ ജനറൽബോഡി മീറ്റിംഗിൽ സംബന്ധിക്കുകയും കുട്ടികളെ സന്ദർശിക്കുകയും ചെയ്തു. |
| 08 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 09 | 02.30 pm | കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ഇടവകയിൽ പൊതീട്ടേൽ ബഹുമാനപ്പെട്ട ജോൺ അച്ചന്റെ സഹോദരൻ ശ്രീ പി.വി. കുര്യന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 10 | 11.00 am | കൂട്ടിക്കൽ ഫൊറോനയിൽ പൊട്ടംകുളം ശ്രീ മാത്യു സ്കറിയായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 11 | 10.00 am | ഏഴാച്ചേരി ഇടവകയിൽ പള്ളത്ത് ബഹുമാനപ്പെട്ട മോൺസിഞ്ഞോർ പോളച്ചന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി ആഗസ്തിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.00 am | പാലാ സെന്റ് തോമസ് റ്റി.റ്റി.ഐയിൽ ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം സർവീസിൽനിന്നു വിരമിക്കുന്നവർക്കുള്ള യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.00 pm | ബിഷപ്സ് ഹൗസിൽ എ.ഡി.സി.പിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | ബിഷപ്സ് ഹൗസിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 12 | 02.30 pm | കളത്തൂക്കടവ് ഇടവകയിൽ അധികാരം ശ്രീ പാപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 08.30 am | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 09.00 am | മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച കിഡ്സിറ്റിയുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 15 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 16 | 08.45 am | ചെമ്പിളാവ് ഇടവകയിൽ ഊഴയ്ക്കൽ ശ്രീമതി ഏലിയാമ്മ സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ പ്രാർത്ഥിച്ചു. |
| | 09.30 am | കടുത്തുരുത്തി ഫൊറോനയിൽ വഞ്ചിപ്പുരയ്ക്കൽ ശ്രീമതി മേരി വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 17 | 11.30 am | ഭരണങ്ങാനം ഫൊറോനയിൽ എൽഡേഴ്സ് ഫോറം വാർഷികസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | കോതമംഗലം രൂപതയിൽ നെല്ലിക്കുഴി ഇടവകയിൽ സാഹിത്യകാരനും ആത്മീയപ്രഭാഷകനുമായ ബഹുമാനപ്പെട്ട സാധു ഇട്ടിയവിരയുടെ നൂറാം ജന്മദിനത്തോടനുബന്ധിച്ച് വസതിയിലെത്തി ആദരിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തു. |
| | 07.00 pm | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ച് സന്ദേശം നൽകി. |
| | 09.00 pm | സീറോ മലബാർ സിനഡിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 19 | 06.30 am | കുന്നോന്നി ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 09.30 am | ഇടമറുക് ഇടവകയിൽ ചീരാംകുഴിയിൽ ശ്രീമതി അന്നക്കുട്ടി മാത്യുവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.30 am | ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.30 pm | തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ചുബിഷപ് റൈറ്റ് റവ.ഡോ. തോമസ് ജെ. നെറ്റോയുടെ മെത്രാഭിഷേക-സ്ഥാനാരോഹണ കർമ്മങ്ങളിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. |
| 20 | 11.15 am | ചങ്ങനാശ്ശേരി അതിരൂപത ബിഷപ്പ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിനെ സന്ദർശിച്ചു. |
| | 03.30 pm | കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനത്തിൽ സംബന്ധിക്കുകയും ഹോം പാലായുടെ നേതൃത്വത്തിൽ നവീകരിച്ച ഭവനങ്ങളുടെ സമർപ്പണം നിർവഹിക്കുകയും ചെയ്തു. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 09.00 am | മാർ സ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിച്ച പ്രോജക്ട് ഓഫീസിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| | 11.30 am | പാലാ അൽഫോൻസാ കോളജിൽ പുതുതായി നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 01.00 pm | ചുണ്ടച്ചേരി സെന്റ് ജോസഫ്സ് ഹോട്ടൽ മാനേജ്മെന്റ് കോളജിൽ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | | ബിഷപ്പ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 23 | 03.00 pm | ബിഷപ്പ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 11.30 am | പാദുവാ ഇടവകയിൽ കക്കാട്ടിൽ പരേതനായ ബഹുമാനപ്പെട്ട ജോർജച്ചന്റെ സഹോദരൻ കക്കാട്ടിൽ ശ്രീ കെ.റ്റി. ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | രാമപുരം മാർ ആഗസ്തീനോസ് കോളജിൽ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.00 pm | രാമപുരം ഫൊറോനയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണി പൂർത്തിയാക്കിയ ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| | 06.00 pm | പാലാ സെന്റ് തോമസ് കോളജിൽ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 25 | 02.30 pm | ബിഷപ്പ്സ് ഹൗസിൽ പുസ്തകപ്രകാശനസമ്മേള നത്തിൽ സംബന്ധിച്ചു. |
| | 05.00 pm | പാലാ രൂപത പ്രവാസി അപ്പസ്തോലേറ്റിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 08.30 pm | പാലാ അരമന ചാപ്പലിൽ റഷ്യ-യുക്രൈൻ യുദ്ധപ ശ്ചാത്തലത്തിൽ പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ നിർദ്ദേശപ്രകാരമുള്ള ലോകസമാധാനത്തിനായുള്ള പ്രത്യേക പ്രാർത്ഥനാശുശ്രൂഷയിൽ സംബന്ധിച്ചു. |
| 26 | 10.00 am | ഇലഞ്ഞി ഫൊറോനയിൽ കണിച്ചുക്കാട്ട് ശ്രീ കോര ക്കുട്ടി കുര്യാക്കോസിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിൻസെന്റ് ഡി പോൾ സൊസൈ റ്റിയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 02.30 pm | ഷലോം പാസ്റ്ററൽ സെന്ററിൽ പാലാ രൂപത ഡി. സി.എം.എസ്.ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 09.00 pm | സീറോമലബാർ സഭയുടെ പെർമനന്റ് സിനഡിൽ ഓൺലൈനായി പങ്കെടുത്തു. |
| 29 | | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ബിഷപ്പ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 11.45 am | കൊഴുവനാൽ ഇടവകയിൽ തോണക്കര ശ്രീമതി ഏലിക്കുട്ടി വർക്കിയുടെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 04.30 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ യാത്രയയപ്പുസമ്മേളനത്തിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## MARCH 2022

| | | |
|---|---|---|
| 04 | 10.30 am | പ്രവിത്താനം സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 05 | 10.30 am | ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്യുകയും വാർഷികാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. |
| 06 | 06.00 am | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും കുട്ടികളെ സന്ദർശിക്കുകയും ചെയ്തു. |
| | 02.00 pm | അരുണാപുരം പാരീഷ്ഹാളിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ബഹു. കുര്യൻ മറ്റത്തിലച്ചനെ ആദരിക്കുന്ന യോഗത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു. |
| 08 | 10.00 am | വനിതാദിനത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപത മാതൃവേദി സംഘടിപ്പിച്ച 'ജ്വാല' പ്രോഗ്രാമിൽ അനുഗ്രഹപ്രഭാഷണം നടത്തി. |
| | 01.45 pm | നീലൂർ ഇടവകയിൽ തുരുത്തിയിൽ ശ്രീമതി തങ്കമ്മ ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 09 | 01.00 pm | കുറവിലങ്ങാട് ഇടവകയിൽ ബഹു. ജോൺ പൊതീട്ടേൽ അച്ചന്റെ സഹോദരൻ ശ്രീ പി.വി. കുര്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് നടന്ന TRADA മീറ്റിങ്ങിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 10 | 10.00 am | പ്ലാശനാൽ ഇടവകയിൽ തട്ടാംപറമ്പിൽ ശ്രീമതി അന്നമ്മ വർക്കിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | കൂട്ടിക്കൽ ഇടവകയിൽ പൊട്ടംകുളം ശ്രീ മാത്യു സ്കറിയായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | രൂപതാ മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെ സന്ദർശിച്ചു. |
| | 08.15 pm | ചക്കാമ്പുഴ ഇടവകയിൽ പനംതോട്ടത്തിൽ ശ്രീ പി. എൽ. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 08.45 pm | ചക്കാമ്പുഴ ഇടവകയിൽ കല്ലംമ്പള്ളി ശ്രീ ജോണിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 11.00 am | ഏഴാച്ചേരി ഇടവകയിൽ ബഹുമാനപ്പെട്ട മോൺ. പള്ളത്ത് പോളച്ചന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി ആഗസ്തിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 02.00 pm | അരമനയിൽ ADCP മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 06.00 pm | ബിഷപ്പ്സ് ഹൗസിൽ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 12 | 09.15 am | ചക്കാമ്പുഴ ഇടവകയിൽ പുന്നത്താനത്ത് ത്രേസ്യാമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | കടനാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂളിൽവച്ച് നടന്ന ലിന്റാമോൾ ആന്റണിയുടെ പ്രഥമ പുസ്തകം "തീത്തടാകത്തിലെ താമര" പ്രകാശനം ചെയ്ത് ആശംസകളർപ്പിച്ചു. |
| | 03.30 pm | ചങ്ങനാശ്ശേരി അതിരൂപത തുരുത്തി ഫൊറോനയിൽ കളത്തിൽ ശ്രീമതി അന്നമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 14 | 02.00 pm | തുരുത്തിപ്പള്ളി ഇടവകയിൽ ഓലിക്കൽ ശ്രീ ജോസഫ് കുര്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 06.00 pm | ചെമ്പിളാവ് ഇടവകയിൽ ഊഴക്കൽ ഏലിയാമ്മ സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 10.30 am | കടുത്തുരുത്തി ഫൊറോനയിൽ വഞ്ചിപ്പുരയ്ക്കൽ മേരി ഐസക്കിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 18 | 10.15 am | സന്മനസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭക്ഷണപ്പൊതി വിതരണം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 11.45 am | നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭി വന്ദ്യരായ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പൗവത്തിൽ എന്നിവരെ ചങ്ങനാശ്ശേരി അരമനയിൽ സന്ദർശിച്ച് തിരുനാൾ ആശംസകൾ നേർന്നു. |
| | 01.45 pm | നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭി വന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന് കാഞ്ഞിര പ്പള്ളി അരമനയിൽ എത്തി തിരുനാൾ ആശംസകൾ നേർന്നു. |
| | 08.00 pm | അരമനയിൽ നാമഹേതുകത്തിരുനാൾ ആഘോഷി ക്കുന്ന അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും ജോസഫ് നാമധാരികളായ അച്ച ന്മാർക്കും ആശംസകൾ നേർന്നു. |
| 19 | 09.15 am | ഫൊറോനയിൽ കുടുംബവർഷ സമാപനത്തോടനു ബന്ധിച്ച് പ്രവിത്താനം ഇടവകയിൽ പ്രായമായ മാതാപിതാക്കളെ അനുസ്മരിക്കുന്ന ചടങ്ങിൽ സന്ദേശം നൽകി. |
| | 10.00 am | നീലൂർ ഇടവകയിൽ മാർ യൗസേപ്പിതാവിന്റെ മര ണത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ഊട്ടുനേർച്ച ആശീർവദിക്കുകയും ചെയ്തു. |

| | | |
|---|---|---|
| 20 | 03.00 pm | രാമപുരം ഇടവകയിൽ പാറേമ്മാക്കൽ ഗോവർണ ദോറിന്റെ 223-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 21 | 09.00 am | ലോക ജലദിനത്തോടനുബന്ധിച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന 'ജൽ ജീവൻ മിഷന്റെ' കേരള ജലസഭയുടെ കോട്ടയം ജില്ലാതല ഉദ്ഘാടനത്തിൽ മീനച്ചിലാ റ്റിൽനിന്ന് നദീജലം ശേഖരിച്ച് കൈമാറി. |
| 23 | 10.30 am | അരുവിത്തുറ ഫൊറോനയിൽ നാല്പതുമണി ആരാ ധാന സമാപനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ദിവ്യകാരുണ്യ പ്രദ ക്ഷിണത്തിനു കാർമികത്വം വഹിക്കുകയും ചെയ്തു. |
| | 12.30 pm | അരുവിത്തുറ വല്ല്യച്ചൻ മലയിൽ പുതുതായി സ്ഥാപിച്ച വിശുദ്ധ ഗീവർഗീസ് സഹദായുടെ രൂപം വെഞ്ചിരിച്ചു. |
| 24 | 10.00 am | വൊക്കേഷൻ കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | പാലാ സെന്റ് തോമസ് കോളജിൽ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു. |
| 25 | 11.00 am | കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു വചനസന്ദേശം നടത്തി. വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 26 | 11.00 am | ഇലഞ്ഞി ഫൊറോനയിൽ കണിച്ചുക്കാട്ട് ശ്രീ കോര ക്കുട്ടി കുര്യാക്കോസിന്റെ മൃതസംസ്കാരശുശ്രൂഷ കൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 02.00 pm | തിരുവല്ലയിൽ വച്ചുനടന്ന ഡി.സി.എം.എസ്. സംസ്ഥാന സമിതി തിരഞ്ഞെടുപ്പിൽ മേൽനോട്ടം വഹിച്ചു. |
| 27 | 09.15 am | കടപ്ലാമറ്റം ഇടവകയിൽ കീപ്പുറത്ത് ശ്രീ പി.വി. ചാക്കോയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | രൂപതാ മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പിൽ പങ്കെടുക്കാൻ എത്തിയ കുട്ടികളെ സന്ദർശിച്ചു. |

| | | |
|---|---|---|
| | 11.30 am | ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ഡി.സി. എം.എസ്. അവാർഡുദാനച്ചടങ്ങിൽ പങ്കെടുത്തു. |
| | 03.00 pm | പാലാ കത്തീഡ്രലിൽ അഡ്വ. എം.കെ. ചെറിയാന്റെ 101–ാം ചരമവാർഷികത്തിൽ വിശുദ്ധ കുർബാന യർപ്പിച്ചു. |
| | 05.30 am | അരുണാപുരം ഇടവകയിൽ പിതൃവേദിയുടെ വാർഷി കാഘോഷത്തിൽ പങ്കുചേർന്നു. |
| 29 | 05.00 pm | കൊഴുവനാൽ ഇടവകയിൽ തോണക്കര ശ്രീമതി ഏലിക്കുട്ടി വർക്കിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 10.30 am | പാലാ അൽഫോൻസാ കോളജിൽ മീറ്റിംഗിൽ പങ്കെ ടുത്തു. |
| | 05.00 pm | വാഗമൺ ഇടവകയിൽ വാർഷികധ്യാനസമാപന ത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു വച നസന്ദേശം നൽകി. |
| | 07.00 pm | വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനുള്ള ധ്യാനം നയിച്ചു. |



## കെ.ടി. ജോസഫ് കല്ലറയ്ക്കലിനും ബൈജു ഫ്രാൻസിസ് തുണ്ടിയിലിനും ദൈവാലയ ശുശ്രൂഷിക്കുള്ള ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്



പാലാ രൂപതയിലെ ദൈവാലയശുശ്രൂഷകർക്കായുള്ള 2020, 2021 വർഷങ്ങളിലെ ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡുകൾക്ക് യഥാക്രമം കെ.ടി. ജോസഫ് കല്ലറയ്ക്കലും മരണാനന്തരബഹുമതിയായി പരേതനായ ബൈജു ഫ്രാൻസിസ് തുണ്ടിയിലും അർഹരായി. പതിനായിരം രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്.

നല്ലൊരു ആത്മീയഗുരുവും അജപാലകനും അറിയപ്പെടുന്ന വചനപ്രഘോഷകനുമായിരുന്ന ബഹു. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അച്ചൻ ഉത്തമരായ ദൈവാലയശുശ്രൂഷികളെ പ്രോത്സാഹിപ്പിക്കാനായി ഏർപ്പെടുത്തിയതാണ് ഈ അവാർഡ്. 1990 സെപ്റ്റംബർ 16 ന് റോമിൽ വച്ച് നിര്യാതനായ ബഹു. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി ഈ അവാർഡ് നൽകിവരുന്നു. 16-ാമത് അവാർഡിനായി കെ.ടി. ജോസഫ് കല്ലറയ്ക്കലിനെയും മരണാനന്തരബഹുമതിയായി 17-ാമത് അവാർഡിന് പരേതനായ ബൈജു ഫ്രാൻസിസ് തുണ്ടിയിലിനെയും അവാർഡ് നിർണ്ണയകമ്മറ്റി തിരഞ്ഞെടുക്കുകയായിരുന്നു.

കരൂർ സേക്രട്ട് ഹാർട്ട് ഇടവകയിൽ കഴിഞ്ഞ 48 വർഷമായി പ്രശംസനീയമാംവിധം ശുശ്രൂഷ ചെയ്തുവരികയാണ് ശ്രീ കെ.ടി. ജോസഫ്. 1950 ൽ ജനിച്ച ശ്രീ കെ.ടി. ജോസഫ് വടകര ഇടവക അരീക്കൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ദീപ, പുഷ്പ എന്നിവരാണ് മക്കൾ.

ഇടമറുക് സെന്റ് ആന്റണീസ് ഇടവകയിൽ കഴിഞ്ഞ 27 വർഷമായി ശുശ്രൂഷ ചെയ്തുവരികയായിരുന്ന ബൈജു ഫ്രാൻസിസ് ഫെബ്രുവരി 22-ാം തീയതി ആകസ്മികമായി വൈദ്യുതാഘാതമേറ്റു മരണമടഞ്ഞു. 1980 ൽ തുണ്ടിയിൽ ഫ്രാൻസിസ് - അച്ചാമ്മ ദമ്പതികളുടെ മകനായി ജനിച്ച ശ്രീ ബൈജു ഫ്രാൻസിസ് തൊടുപുഴ കൊട്ടക്കാലിൽ ജിനുവിനെ വിവാഹം ചെയ്തു. ആൻട്രീസ, ആൻഡ്രിയ എന്നിവരാണ് മക്കൾ.

ഇടവകകളിൽനിന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വഴിയാണ് അപേക്ഷകൾ സ്വീകരിച്ചത്. ലഭിച്ച അപേക്ഷകൾ അവാർഡ് നിർണ്ണയകമ്മിറ്റി പരിശോധിച്ച് ഏറ്റവും പരിഗണ നാർഹമായവരെ തിരഞ്ഞെടുക്കുകയും ചെയ്തു. അവാർഡി നായി തിരഞ്ഞെടുക്കപ്പെട്ട രണ്ടുപേരുടെയും മാതൃകാപരമായ ജീവിതവും പെരുമാറ്റവും ശുശ്രൂഷകളും ഏറെ പ്രശംസനീയവും ഭിന്നാഭിപ്രായരഹിതവുമായതിനാൽ വിലയിരുത്തൽ എളുപ്പ മായി. അവാർഡ് നിർണ്ണയ നടപടികൾ പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഭിവന്ദ്യ പിതാവ് സ്വീകരിച്ച അന്തിമതീരുമാനമനുസരിച്ചാണ് 2020 ലെ അവാർഡിന് ശ്രീ കെ.ടി. ജോസഫ് കല്ലറയ്ക്കലും അവാർഡ് കമ്മറ്റിയുടെ മുമ്പാകെ അപേക്ഷ പരിഗണനയിലിരിക്കെ മരണമടഞ്ഞതിനാൽ മരണാനന്തരബഹുമതിയായി 2021 ലെ അവാർഡിനു പരേതനായ ബൈജു ഫ്രാൻസിസും അർഹരായത്.

2022 മെയ് 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അവാർഡ് സമ്മാനിക്കുന്നതാണ്.



ഡി.സി.എം.എസ്. സംഘടനയുടെ സംസ്ഥാനസമിതി സമ്മേളനോദ്ഘാടനം
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് നിർവഹിക്കുന്നു.




പാലാ കാരിത്താസിന്റെ വിദ്യാഭ്യാസ സാമ്പത്തിക സഹായവിതരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ രൂപത ഡി.സി.എം.എസ്. സംഘടനയുടെ കെ.സി.ബി.സി. സ്കോളർഷിപ്പ് വിതരണവും
രൂപത സ്കോളർഷിപ്പ് വിതരണവും അഭിവന്ദ്യ പിതാക്കന്മാർ നിർവഹിക്കുന്നു.

2022
APRIL

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



മാർസ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച കിഡ്സിറ്റി ഡേകെയർ സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



മാർസ്ലീവാ മെഡിസിറ്റിയിൽ പുതുതായി നിർമ്മിച്ച പ്രോജക്ട് ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



മാർസ്ലീവാ മെഡിസിറ്റിയിൽ നവീകരിച്ച എം.ഡി. ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel